PROCEEDINGS OF THE KERALA LEGISLATIVE ASSEMBLY

Second Session—1969

(Second Meeting)

Wednesday, the 22nd October, 1969

Vol. XXV] **OFFICIAL REPORT** **[No. 29**

The Assembly met in the Assembly Chamber, Trivandrum at nine of the clock on Wednesday, the 22nd October 1969, with Mr. Speaker in the Chair.

Mr. Speaker: Order, Order. The Chief Minister has expressed his desire that he wants to reply to what the honourable Ministers have stated yesterday. I think the House has no objection.

Shri E. Chandrasekharan Nair: Sir, as per Rules, there is no provision for a reply. The Chief Minister can speak on the points which are pertinent.

Mr. Speaker: You can speak. That is the rule.

മുഖ്യമന്ത്രി (ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്): സർ, അങ്ങയുടെ റൂളിംഗ് അനുസരിച്ച് എന്റെ പ്രസംഗത്തിന്റെ പരിമിതി എന്തൊക്കെയാണെന്നു വ്യക്തമായില്ല.

മി. സ്പീക്കർ: സ്റ്റേറ്റുമെന്റിൽ ഉൾപ്പെടുന്നതായ കാര്യങ്ങളെ സംബന്ധിച്ചു സംസാരിക്കാം.

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: ഞാൻ ഈ പറഞ്ഞ പരിധിയിൽക്കവിഞ്ഞു പറഞ്ഞാൽ, അപ്പോൾ പറഞ്ഞാൽ നിറുത്തിക്കൊള്ളാം. സർ, ഇന്നലെ ഇവിടെ നടന്ന പ്രസംഗങ്ങൾ അല്ലെങ്കിൽ സ്റ്റേറ്റുമെന്റുകൾ എന്റെ പാർട്ടിയെ സംബന്ധിച്ചും, ആ പാർട്ടിയുടെ തടവുകാരനെന്ന നിലയ്ക്ക് ഞാൻ ചെയ്തിട്ടുള്ള പ്രവൃത്തികളെ സംബന്ധിച്ചുമുള്ള വിമർശനങ്ങളാണ്. ആ നിലക്ക് ഈ മന്ത്രിസഭയും ഈ മന്ത്രിസഭയ്ക്ക് അടിസ്ഥാനമായി നിന്ന ഐക്യമുന്നണിയും ഈ നിലയിൽ എത്തിയതെന്തുകൊണ്ടാണെന്നുള്ളതിനെ സംബന്ധിച്ച് എനിക്കു പറയാനുള്ളത് പറയുന്നത് ഈ പരിധിയിൽപ്പെടുമെന്നു ഞാൻ വിശ്വസിക്കുന്നു. ആ വിശ്വാസത്തോടുകൂടിയാണ് എന്റെ പാർട്ടിയുടെ വൻപാർട്ടി മേധാവിത്വവും എന്റെ പാർട്ടിയുടെ പോളിറ്റ് ബ്യൂറോയുടെ ഇടപെടലും മറ്റും മറ്റും ബഹുമാനപ്പെട്ട മന്ത്രിമാർ ചെയ്തിട്ടുള്ള പ്രസ്താവനയിൽ പറഞ്ഞിട്ടുള്ള ആ കാര്യങ്ങളല്ല അതി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്]

നുള്ള കാരണങ്ങൾ. നേരെമറിച്ച് ഈ ഐക്യമുന്നണിയും ഈ ഐക്യമുന്നണി രൂപീകരിക്കുന്നതിനു മുമ്പും രൂപീകരിച്ചതിൽ പിന്നീടും ഈ നാലു പാർട്ടികൾ എടുത്തിട്ടുള്ള നയപരിപാടികളുമാണ് ഈ രാജ്യത്തെ ഈ സ്ഥിതിയിൽ എത്തിച്ചതെന്നാണ് എനിക്കു പറയാനുള്ളത്. അത് ഈ ചർച്ചയിൽ എൻെറ പ്രസ്താവനയുടെ പരിധിയിൽപ്പെടുമെന്നു കരുതിയിട്ട് അതു സംബന്ധിച്ച് എനിക്കു പറയാനുള്ളത്, 'റിട്ടൺ സ്റേറററുമെൻറ്,' വായിക്കുന്നതിനിടയ്ക്ക് കൂട്ടിച്ചേർക്കാനുള്ളിടത്ത് കൂട്ടിച്ചേർത്തുകൊണ്ട് ഞാൻ വായിക്കാം. ഈ ചർച്ച തുടങ്ങണമെന്നുണ്ടെങ്കിൽ കുറച്ചു മുകളിലോട്ടു പോകണം. 1964-ലേക്ക് പോകണം. അന്നുമുതൽക്ക് ഇതെങ്ങനെ വന്നു എന്നുള്ള ഒരു പരാമർശനത്തോടുകൂടിയാണ് ഞാൻ ഇത് പ്രസ്താവിക്കാൻ പോകുന്നത്. 1964 ഉത്തരാർദ്ധം. കേരളത്തിലെ കോൺഗ്രസ്സ് രണ്ടായി പിളർന്നിരിക്കുകയാണ്. അതിനെത്തുടർന്ന് കോൺഗ്രസ്സ് മന്ത്രിസഭ സ്ഥാനഭ്രഷ്ടമായിരിക്കുന്നു. ഒരിടക്കാല തിരഞ്ഞെടുപ്പു നടക്കാൻ പോവുകയാണ്. ഈ സ്ഥിതിവിശേഷത്തെ നേരിടുന്നതെങ്ങിനെ? കേരളത്തിൽ പിളർന്നു കഴിഞ്ഞുവെങ്കിലും കേന്ദ്രത്തിൽ യാതൊരു പിളർപ്പും സംഭവിക്കാതെ, കഴിഞ്ഞ കൊല്ലക്കാലത്തെപ്പോലെ ഇന്നും ദ്രോഹനയംതന്നെ തുടർന്നുപോരുന്ന ഔദ്യോഗിക കോൺഗ്രസ്സിൻെറ കേരള പ്രതിനിധികളെ ഇനി പൊങ്ങാൻ നിവൃത്തിയില്ലാത്തത്ര നിർണ്ണായകമാം വിധം പരാജയപ്പെടുത്തണമോ അതോ ഔദ്യോഗിക കോൺഗ്രസ്സിനെക്കാൾ പിൻതിരിപ്പനായ കേരള കോൺഗ്രസ്സിൻെറയും, മുസ്ലീം ലീഗിൻെറയും നേരെ സർവ്വശക്തിയും തിരിച്ചു വിടണമോ...............

<u>ശ്രീ. കെ. കരുണാകരൻ;</u> കോൺഗ്രസ്സിൻെറ ചരിത്രവും ഈ സ്റേറററുമെൻറും തമ്മിൽ എന്താണു ബന്ധം? ഈ സ്റേററിൽ മന്ത്രിസഭ ഉണ്ടായതും, മന്ത്രിസഭയുടെ തകർച്ചയും അവരുടെ ഉരുപ്പോരും ഇതിനെയൊക്കെപ്പററി സംസാരിക്കുന്നത് മനസ്സിലാക്കാൻ സാധിക്കും. അതല്ലാതെ കോൺഗ്രസ്സിൻെറ നേരെ...................

<u>ശ്രീ. ഇ. എം. ശങ്കരൻ നമ്പുതിരിപ്പാട്:</u> എനിക്കു പറയാൻ അനുവാദമില്ലെങ്കിൽ പറയുന്നില്ല. കാര്യങ്ങൾ പറയുന്നതു കേൾക്കാൻ ഇത്ര വിഷമമാണെങ്കിൽ ഞാൻ പറയുന്നില്ല.

<u>ശ്രീ. കെ. എം. ജോർജ്ജ്:</u> ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ദേഹത്തിൻെറ പ്രസംഗവായനയിൽ ആദ്യം 1964-ലേക്ക് പോയി പല കാര്യങ്ങളും പറഞ്ഞു, അതേപ്പററി എനിക്ക് എതിർപ്പില്ല. പക്ഷേ കേരള കോൺഗ്രസ്സ് കോൺഗ്രസ്സിനേക്കാൾ പിൻതിരിപ്പനാണെന്നു പറഞ്ഞു. അതിലെനിക്കു വിഷമമൊന്നുമില്ല. അദ്ദേഹം ചെയ്യുന്ന പ്രസ്താവന രാജിവച്ച മന്ത്രിമാർ ചെയ്ത പ്രസ്താവനയുടെ മറുപടിയായിട്ടാണ്. അതിലൊന്നും കേരള കോൺഗ്രസ്സിനെപ്പററി പരാമർശനം ഉണ്ടായില്ല. കോൺഗ്രസ്സ് വിരോധം കൊണ്ടാണെങ്കിൽ പരാതിയില്ല. കോൺഗ്രസ്സിനേക്കാൾ പിൻതിരിപ്പനാണ് കേരള കോൺഗ്രസ്സെന്ന് എന്തടിസ്ഥാനത്തിൽ പറഞ്ഞു? മനഃപൂർവ്വം രാഷ്ട്രീയവിരോധം കൊണ്ട് മറുപടി പറയാൻ അദ്ദേഹത്തിന് അർഹതയുണ്ടോ; അത് ഓർഡറിലാണോ?

<u>മി. സ്പീക്കർ:</u> ഇന്നലെ ഇവിടെ കോൺഗ്രസ്സിനെ സംബന്ധിച്ചും കേരള കോൺഗ്രസ്സിനെ സംബന്ധിച്ചും ഒക്കെ പല മെമ്പറൻമാരും സംസാരിച്ചിട്ടുണ്ട്. അതുകൊണ്ടാണ് പരാമർശം വന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ: കോൺഗ്രസ്സിന്റെ ഭരണം അവസാനിച്ചു എന്നുപറഞ്ഞാൽ മനസ്സിലാക്കാം. കേരളത്തിൽ പൊളിഞ്ഞു, കേന്ദ്രത്തിൽ പൊളിപ്പിക്കുമെന്നൊക്കെ പറഞ്ഞാൽ ഇവിടത്തെ പ്രശ്നവുമായി എന്തു ബന്ധമാണുള്ളത്.

ശ്രീ. കെ .മൊയ്തീൻകുട്ടി ഹാജി: ഒരു പോയിന്റ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി രാജിവച്ച മന്ത്രിമാർ ഇവിടെ ചെയ്ത പ്രസ്താവനയെ സംബന്ധിച്ചിടത്തോളമുള്ള റൂളിന്റെ പരിധിയിൽനിന്നുകൊണ്ട് ഒരു സ്റ്റേറ്റുമെന്റാണ് പറയാൻ പോകുന്നത്. ഇന്നിപ്പോൾ അദ്ദേഹം പറയാൻ പോകുന്നത് 20-ാം തീയതി കമ്മ്യൂണിസ്റ്റ് പാർട്ടി (മാർക്സിസ്റ്റ്) സ്റ്റേറ്റുകമ്മിറ്റി ആഫീസിൽനിന്നും പ്രസിദ്ധീകരണത്തിനു വേണ്ടി കൊടുത്തിട്ടുള്ള ഒരു പ്രസ്താവന വായിക്കുകയാണ്. ഇന്നലെ 21-ാം തീയതി അദ്ദേഹം പ്രസിദ്ധീകരണത്തിനു കൊടുത്തതും ഇന്നലെ പത്രത്തിൽ വന്നതുമായ ഒരു സ്റ്റേറ്റുമെന്റ് ഇവിടെ വായിക്കാമോ; അത് ഓർഡറിലാണോ?

മി. സ്പീക്കർ: മുഖ്യമന്ത്രി ആ സ്റ്റേറ്റുമെന്റാണോ വായിക്കുന്നത്?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: എനിക്കു പറയാനുള്ള കാര്യങ്ങൾ നേരത്തെ പറഞ്ഞതുപോലെ കുറയ്ക്കാനുള്ളതു കുറച്ചും കൂട്ടിച്ചേർക്കാനുള്ളത് കൂട്ടിച്ചേർത്തും സംസാരിക്കാനുള്ളത് സംസാരിക്കാൻ അനുവദിക്കുകയില്ലെന്നാണ് പ്രതിപക്ഷങ്ങളുടെ നിർബന്ധമെന്നുണ്ടെങ്കിൽ കേട്ടതു പാതി കേൾക്കാത്തതു പാതി എന്നുള്ള നിലയ്ക്ക് ഇവിടെ പറയുന്നതിൽ അർത്ഥമില്ല.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: അദ്ദേഹത്തെ വായിക്കാൻ അനുവദിക്കണം. കാരണം അദ്ദേഹം പാർട്ടിയുടെ തടവുകാരനാണെന്നു പറഞ്ഞ കാര്യം വ്യക്തമാക്കാൻ സഹായിക്കുന്ന ഒരു പ്രസ്താവനയാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: എത്ര ഉജ്ജ്വലമായ പ്രസ്താവന.

Mr. Speaker: I think it is only proper to allow the Chief Minister to speak. I am allowing the Chief Minister to speak.

ശ്രീ. ജോർജ്ജ് തോമസ്സ്: ഇതുവരെ വായിച്ചതായ ഭാഗം ഞങ്ങൾ പത്രത്തിൽ വായിച്ചതാണ്. കൂട്ടിച്ചേർക്കാനുള്ളതു മാത്രം വായിച്ചാൽ മതി.

Mr. Speaker: Please resume your seat.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഇന്നലെ ബഹുമാനപ്പെട്ട മന്ത്രിമാർ സംസാരിച്ചപ്പോൾ അതു കേൾക്കാനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുക്കണമെന്നു പറഞ്ഞു. ഇന്ന് മുഖ്യമന്ത്രി സംസാരിക്കാൻ തുടങ്ങിയ ഉടനെ കേരള കോൺഗ്രസ്സ് എന്നു കേട്ടപ്പോൾ എല്ലാപേരുംകൂടി എഴുന്നേറ്റു ശബ്ദമുണ്ടാക്കുന്നതു ശരിയാണോ; പ്രസംഗം എഴുതി വായിക്കാതെ തന്നെ അദ്ദേഹത്തിന് പ്രസംഗിക്കാനറിയാം. 20-ാം തീയതി എഴുതിയ പ്രസംഗം വായിക്കുക മാത്രമാണ് ചെയ്യുന്നതെന്നു പറഞ്ഞു. അത്രത്തോളം താണുപോകേണ്ട കാര്യമുണ്ടോ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. ജോർജ്ജ്: മുഖ്യമന്ത്രിയെ സഹായിക്കുകയാണോ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ: തടവുകാരനെ സഹായിക്കണം ഇല്ലെങ്കിൽ ബുദ്ധിമുട്ടുണ്ട്.

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: ഒരു തടവുകാരനെന്ന നിലയ്ക്കുള്ള പരാമർശങ്ങൾ എന്ന് ബഹുമാനപ്പെട്ട എം. എൻ. ഗോവിന്ദൻനായർ പറഞ്ഞത് കുറച്ചു കടുപ്പമായിപ്പോയി. രാജി വയ്ക്കുമെന്ന് പരസ്യമായി, വ്യക്തിപരമായി അഭിപ്രായപ്പെട്ടിട്ട് പിന്നീട് പാർട്ടി പറഞ്ഞപ്പോൾ രാജി വയ്ക്കേണ്ട എന്നു തീരുമാനിച്ച ആളാണ്. അത് തടവല്ല. പറയേണ്ടിവരുമ്പോൾ പലതും പറയേണ്ടിവരും. ബഹുമാനപ്പെട്ട ജോർജ്ജിനു വന്നിട്ടുള്ള വേദന കുറയ്ക്കുന്നതിന് ഒരു കാര്യം വ്യക്തമാക്കട്ടെ. എന്റെ പ്രസ്താവന പത്രത്തിൽ വന്നതാണ്, വായിച്ചതാണ് എന്ന് ചില ബഹുമാനപ്പെട്ട മെമ്പറൻമാർ പറഞ്ഞു. അങ്ങനെയാണെങ്കിൽ ഔദ്യോഗിക കാൺഗ്രസിനെക്കാൾ പിൻതിരിപ്പനെന്നത് എന്റെ വാക്കല്ല വലതു കമ്മ്യൂണിസ്റ്റ് പാർട്ടി പറഞ്ഞത് ഉദ്ധരണിയോടുകൂടി ചേർത്തതാണ്.

ശ്രീ. പി. എസ്. ശ്രീനിവാസൻ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയുടെ നേതാവ്, ഈ സഭയിലുള്ള ഒരു പാർട്ടിയെപ്പററി അതിന്റെ പേരു തന്നെ പറയണം. മുഖ്യമന്ത്രിയുടെതന്നെ അദ്ദേഹത്തിന്റെ മാതാപിതാക്കൾ ഇട്ട പേരുതന്നെ വിളിക്കുന്നത് ശരിയാണെന്നാണ് എന്റെ അഭിപ്രായം. അതുകൊണ്ട് ഔദ്യോഗികമായി അംഗീകരിക്കപ്പെട്ട പേരല്ലാതെ മറെറാരു പേരും വിളിക്കരുതെന്ന് അദ്ദേഹത്തോട് അങ്ങ് പറയണം. ഇതിനെപ്പററി റൂളിംഗ്തന്നെ ഉണ്ടായിട്ടുള്ളതാണ്.

മി. സ്പീക്കർ: മുമ്പ് കൊടുത്തിട്ടുള്ളതാണ്.

ശ്രീ. എ. വി. ആര്യൻ: സാധാരണ മലയാളത്തിൽ പട്ടി എന്നു വിളിക്കുന്നതിന് സംസ്കൃതത്തിൽ ശ്വാനൻ എന്നു വിളിക്കുന്നു. രണ്ടും ഒന്നു തന്നെയാണ്.

ശ്രീ. പി. എസ്. ശ്രീനിവാസൻ: പട്ടികളായിട്ടുള്ള ആളുകൾ വന്നുകഴിഞ്ഞാൽ അങ്ങനെയേ വരികയുള്ളു.

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: കേരള കോൺഗ്രസ്സിന്റെയും മുസ്ലീം ലീഗിന്റെയും നേരെ സർവ്വശക്തിയും തിരിച്ചുവിടണമോ? അന്ന് ഉന്നയിക്കപ്പെട്ടിരുന്ന പ്രശ്നമാണ്. കമ്മ്യൂണിസ്റ്റുകാരും സോഷ്യലിസ്റ്റുകാരും മററിടതുപക്ഷ ജനാധിപത്യ വാദികളുമായി സഹകരിക്കാൻ തയ്യാറുള്ള എല്ലാ രാഷ്ട്രീയ പാർട്ടികളും ഗ്രൂപ്പുകളും വ്യക്തികളും ചേർന്ന് സുശക്തമായ, കോൺഗ്രസ്സിനെതിരായ ജനാധിപത്യ ഗവൺമെൻറ് രൂപീകരിക്കാൻ ശ്രമിക്കണമോ, അതോ കേരള കോൺഗ്രസ്സിനേയും മുസ്ലീം ലീഗിനേയും പോലുള്ള—തെററിദ്ധാരണകൾ ഉണ്ടാകാതിരിക്കാൻ പറയുകയാണ്—''അറുപിൻതിരിപ്പൻ പാർട്ടികളെ ഒഴിച്ചു നിറുത്തി ഒരു പരിശുദ്ധ ഇടതുപക്ഷമുന്നണി രൂപീകരിക്കണമോ'' ഇതായിരുന്നു അന്നത്തെ പ്രശ്നം. ഇടപെടൽ ഇല്ലെങ്കിൽ ഞാൻ എന്റെ വായന നേരത്തെ തീർക്കാം. ഈ രണ്ടു സമീപനങ്ങൾ തമ്മിലുള്ള രൂക്ഷമായ ഏററുമുട്ടലായിരുന്നു 1965-ലെ ഇടക്കാല തിരഞ്ഞെടുപ്പ്. ഇതിൽ ഏതായിരുന്നു ശരിയെന്ന് കേരളത്തിലെ ജനങ്ങൾ വിധിയെഴുതി. ഇന്ന്

LIBRARY ARCHIVES Kerala Legislative Assembly

തെററായ സമീപനം അംഗീകരിച്ച വലതു കമമ്യൂണിസ്ററുകാരും, ആർ. എസ്. പി. ക്കാരും......................

ശ്രീ. ടി. എ. മജീദ്: പേരുപറയാൻ എന്താണിത്ര സങ്കോചം? ഇൻഡ്യൻ കമമ്യൂണിസ്ററു പാർട്ടി എന്നാണ് ഞങ്ങളുടെ പാർട്ടിയുടെ പേര്.

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: ഞാൻ വളരെ കൃത്യമായി പറയാൻ തയ്യാറാണ്. അങ്ങനെയാണെങ്കിൽ അപ്പുറത്തുള്ളവരും എന്റെ പാർട്ടിയുടെ പേര് കൃത്യമായിട്ടുതന്നെ പറയണം.

ശ്രീ. പി. എസ്. ശ്രീനിവാസൻ: ഞങ്ങൾ കൃത്യമായിത്തന്നെ പറഞ്ഞുകൊണ്ടിരിക്കുകയാണ്.

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: ഇന്ത്യൻ കമ്മ്യൂണിസ്ററുപാർട്ടി (മാർക്സിസ്ററ്) എന്നാണ് ഞങ്ങളുടെ പാർട്ടിയുടെ പേര്. എന്റെ പാർട്ടിയുടെ പേര് അവർക്ക് ഇഷ്ടമുള്ളതുപോലെ പറയാം അവരുടെ പാർട്ടിയുടെ പേര് അവർ പറയുന്നതുപോലെ ഞങ്ങൾ പറഞ്ഞുകൊള്ളണമെന്നു പറഞ്ഞാൽ അത്..................

ശ്രീ. കെ. കരുണാകരൻ: മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടി, കമ്മ്യൂണിസ്ററു പാർട്ടി എന്നുപറഞ്ഞാൽ എളുപ്പമായി.

മി. സ്പീക്കർ: ഇട്ടപേരുതന്നെ വിളിച്ചാൽ മതി. ഇടാത്ത പേരു വിളിക്കേണ്ട.

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: വല്ലപ്പോഴും തെററു പററിയാൽ അപ്പോൾ പറഞ്ഞാൽ തിരുത്തിക്കൊള്ളാം. ഇന്ന് തെററായ സമീപനം അംഗീകരിച്ച വലതു കമ്മ്യൂണിസ്ററുകാരും ആർ. എസ്. പി. ക്കാരും ....

ശ്രീ. സി. കെ. ബാലകൃഷ്ണൻ: പരക്കെ അറിയപ്പെടുന്ന പേരിൽ മാത്രമേ വിളിക്കാൻ പററുകയുള്ളു.

ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട്: രണ്ടു കൊല്ലത്തിനുശേഷം 1966 ഉത്തരാർദ്ധത്തിൽ ആ തെററു തിരുത്തി. 1965 മാർച്ചിൽ രൂപീകരിക്കുവാൻ കഴിയുമായിരുന്ന കോൺഗ്രസ്സിതര ഗവൺമെൻറ് 1967 മാർച്ചിലെങ്കിലും നിലവിൽ വന്നു. ആരോടുള്ള എതിർപ്പുമൂലമാണോ വലതു കമ്മ്യൂണിസ്ററുകാരും ആർ. എസ്. പി. ക്കാരും 1965–ൽ കോൺഗ്രസ്സിതര ജനാധിപത്യ മുന്നണി രൂപീകരണത്തെ എതിർക്കുകയും തകർക്കുകയും ചെയ്തത് ആ മുസ്ലീം ലീഗ് 1966 ഉത്തരാർദ്ധം മുതൽ കമ്മ്യൂണിസ്ററുകാരോടും ആർ. എസ്. പി. ക്കാരോടും ഒപ്പം മുന്നണിയിലെ ഒരു ഘടകമായി പ്രവർത്തിക്കുകയാണ്. മാത്രമല്ല 1964–65–ൽ കമ്മ്യൂണിസ്ററുകാരുടേയും ആർ. എസ്. പി. ക്കാരുടേയും അംഗീകാരം കിട്ടിയ ഒരു 'പുരോഗമന പാർട്ടി'യായ കമ്മ്യൂണിസ്ററു(മാർക്സിസ്ററു) പാർട്ടിക്കെതിരായി ആ പാർട്ടിയുടെ "വൻപാർട്ടി മേധാവിത്വ"ത്തിന്നും 'അഴിമതി'ക്കുമെതിരായ ഒരു കമ്മ്യൂണിസ്ററു–ആർ. എസ്. പി.–മുസ്ലീം ലീഗ് കൂട്ടുകെട്ട് രൂപംകൊണ്ടു. ഈ മൂന്നു പാർട്ടികളും ഐ.എസ്.പി.യും ചേർന്ന് "കോൺഗ്രസ്സിതര മുന്നണി"ക്കെതിരായൊരു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്]

"മാർക്സിസ്ററിതര മുന്നണി" ജൻമമെടുത്തു. "ഈ മുന്നണി"യിൽപ്പെട്ട എം. എൽ. എ. മാർ ഈ "മുന്നണി"യിൽപ്പെടാത്ത ഒരു മന്ത്രിക്കെതിരായി ഒരു കോൺഗ്രസ്സ് മെമ്പർ അവതരിപ്പിക്കുന്ന അനൗദ്യോഗിക പ്രമേയത്തെ പിൻതാങ്ങാൻ നിശ്ചയിച്ചു. (1969 ആഗസ്ററു 22, പിന്നീട് ഒക്ടോബർ 3) അതേ പ്രമേയം തങ്ങളുടെ വകയായി അവതരിപ്പിച്ചു.

ശ്രീ. ആർ. എസ്. ഉണ്ണി: സർ, പോയിൻറ് ഓഫ് ഓർഡർ. 22-ാം തീയതി സഭയിൽ അവതരിപ്പിച്ച പ്രമേയത്തെ സംബന്ധിച്ചാണു പറയുന്നത്. അന്നു മന്ത്രിയായിരുന്ന ഒരാൾക്കെതിരായിട്ടാണ് പ്രമേയം കൊണ്ടുവന്നതെന്നാണു പറയുന്നത്. ഇത് വസ്തുതകൾക്കു നിരക്കാത്തതാണ്. പബ്ലിക് മെൻ എൻക്വയറീസ് ബിൽ പാസ്സാക്കുന്നതിനു മുൻപായി മന്ത്രിമാർക്കെതിരായി ഉന്നയിക്കപ്പെടുന്ന ആരോപണങ്ങളെപ്പററി അന്വേഷിക്കുവാൻ ഒരിടക്കാല മെഷീനറി രൂപീകരിക്കണമെന്നുള്ളതായിരുന്നു പ്രമേയം. അതുകൊണ്ട് ഒരു മന്ത്രിക്കെതിരായിട്ടുള്ള പ്രമേയമായിരുന്നുവെന്ന് മുഖ്യമന്ത്രി വ്യാഖ്യാനിക്കുന്നത് ശരിയാണോ ?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: ഇന്നലെ ഇവിടെ എഴുതി വായിച്ച പ്രസ്താവനകളിൽ വസ്തുതകൾക്കെതിരായ പലതുമുണ്ട്. അതിനെയൊന്നും ഞാൻ ചോദ്യം ചെയ്തിട്ടില്ല.

ശ്രീ. ആർ. എസ്. ഉണ്ണി: വസ്തുതകൾക്കെതിരായി ആരു പറഞ്ഞാലും അപ്പോൾത്തന്നെ ചോദ്യംചെയ്യണം.

മി. സ്പീക്കർ: അത് ബഹുമാനപ്പെട്ട ഉണ്ണിയുടെ അഭിപ്രായമാണ്.

ശ്രീ. ആർ. എസ്. ഉണ്ണി: എൻെറ അഭിപ്രായമല്ല, സഭയുടെ റിക്കാർഡുകളിലുണ്ട്.

മി. സ്പീക്കർ: വസ്തുതകൾക്കെതിരാണെന്നു ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നതെന്നാണ് ബഹുമാനപ്പെട്ട ആർ. എസ്. ഉണ്ണിയുടെ അഭിപ്രായം. എന്നാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നതാണു വസ്തുതയെന്നാണ് അദ്ദേഹത്തിൻെറ അഭിപ്രായം.

ശ്രീ. ബേബി ജോൺ: അതിനെക്കുറിച്ച് തർക്കമുണ്ടെങ്കിൽ അവസാനമായി അഭിപ്രായം പറയേണ്ടത് അങ്ങാണ്. അസംബ്ലി പ്രൊസീഡിംഗ്സ് എടുത്തുനോക്കിയാൽ 22-ാം തീയതിയിലെ പ്രമേയം എന്താണെന്നു മനസ്സിലാക്കുവാൻ കഴിയും. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അന്നു സ്ഥലത്തില്ലാതിരുന്നതുകൊണ്ട് ബഹുമാനപ്പെട്ട സ്പീക്കർ അദ്ദേഹത്തിന് പ്രൊസീഡിംഗ്സ് ഒന്നു കൊടുക്കണം. അപ്പോൾ തെററിദ്ധാരണ വല്ലതുമുണ്ടെങ്കിൽ തീരും.

ശ്രീമതി കെ. ആർ. ഗൗരി: ആ പ്രമേയത്തിനു ശ്രീ. ബേബി ജോൺ കൊടുത്ത ഭേദഗതിയാണ് വെല്ലിംഗ്ടനെതിരായി അന്വേഷണം നടത്തണമെന്നുള്ളത്.

ശ്രീ. ബേബി ജോൺ: അത് എൻെറ ഭേദഗതിതന്നെയായിരുന്നു. ഭേദഗതി എന്തായിരുന്നു എന്നു പറയുന്നതിനു പകരം പ്രമേയം എന്തായിരുന്നു എന്നുവേണം നോക്കാൻ. മുഖ്യമന്ത്രിയെ ഇത്തരത്തിലായിരുന്നു പ്രമേയം എന്നു തെററിദ്ധരിപ്പിച്ചതാണോ എന്നു സംശയമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ഇത് എല്ലാപേർക്കും അറിയാവുന്ന കാര്യമാണ്. 22-ാം തീയതി ഇവിടെ അവതരിപ്പിച്ചിട്ടുള്ളതായ പ്രമേയം ഒരു ഇടക്കാല മെഷീനറി രൂപീകരിക്കണമെന്നുള്ളതു മാത്രമാണ്. എന്നാൽ അതു മററു തരത്തിലുള്ള പ്രമേയമാണെന്നുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അഭിപ്രായമാണ് അദ്ദേഹം പറയുന്നത്. അതു പറയാൻ പാടില്ലെന്നാണെങ്കിൽ........

ശ്രീ. കെ. കരുണാകരൻ: സർ, പോയിൻറ് ഓഫ് ഓർഡർ. ഈ സഭയിൽ നടന്നിട്ടുള്ള കാര്യങ്ങളെ സത്യവിരുദ്ധമായി ഉദ്ധരിക്കുന്നത് ഓർഡറിലാണോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഇവിടെ നടന്ന കാര്യങ്ങളെ സംബന്ധിച്ച് ഓരോ പാർട്ടിയും അവരവരുടെ അഭിപ്രായഗതിയനുസരിച്ച് പറയുന്ന സമയത്ത് എല്ലാംതന്നെ ഇതുപോലെയുള്ള ഇടപെടലുകൾ ഉണ്ടായാൽ സഭാനടപടികൾ മുന്നോട്ടുപോകാൻ സഹായകമാകുകയില്ല. ഇന്നലെ ബഹുമാനപ്പെട്ട മന്ത്രിമാർ സംസാരിച്ച സമയത്ത് വസ്തുതകൾക്ക് നിരക്കാത്ത പലതും പറയുകയുണ്ടായി. അപ്പോഴെല്ലാം ഞങ്ങൾ ഇവിടെ യാതൊരു കുഴപ്പവുംകൂടാതെ ഇരിക്കുകയായിരുന്നു. മുഖ്യമന്ത്രി എങ്ങനെ പ്രസംഗിക്കണമെന്നു പ്രത്യേകം ആരും പറയേണ്ടതില്ല.

ശ്രീ. കെ. എം. ജോർജ്ജ്: ശ്രീ. രാമകൃഷ്ണന് ഇപ്പോഴെങ്കിലും അനവസരത്തിലുള്ള ഇടപെടലുകൾ തെററാണെന്നു ബോദ്ധ്യമായതിൽ സന്തോഷിക്കുന്നു. റൂളിനു വിരുദ്ധമായി മുഖ്യമന്ത്രി പറയുകയാണെന്നു ചൂണ്ടിക്കാണിക്കുകയാണ് ഇവിടെ ചെയ്തിട്ടുള്ളത്.

ശ്രീമതി കെ. ആർ. ഗൗരി: ഏതു റൂളാണ് ?

ശ്രീ. കെ. എം. ജോർജ്ജ്: ഇവിടെ വാസ്തവത്തിൽ ആ പ്രമേയം അവതരിപ്പിക്കാൻപോലും സാധിച്ചിട്ടില്ല. ഇടക്കാല് മെഷീനറി വേണമെന്നുള്ളതായിരുന്നു പ്രമേയം. അതിനെ ഒരു മന്ത്രിക്കെതിരായ പ്രമേയമാണെന്നു ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുകയുണ്ടായി. അദ്ദേഹം അങ്ങനെ പറഞ്ഞത് തെററിദ്ധാരണകൊണ്ടാകാമെന്നുള്ളതുകൊണ്ട് അതു ചൂണ്ടിക്കാണിക്കുകയാണ്.

ശ്രീ. ജോർജ്ജ് തോമസ്: സർ, മുഖ്യമന്ത്രി ഇവിടെ 15 മിനിട്ടുനേരം വായിച്ചത് ഞങ്ങൾ നേരത്തേതന്നെ വായിച്ചു മനപ്പാഠമാക്കിയ കാര്യങ്ങളാണ്. ഒരു ചീഞ്ഞ മുട്ടയുടെ പ്രതീതിയാണ് ഇപ്പോൾ അതിനുള്ളത്.

ഗതാഗതമന്ത്രി (ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ): അന്ന് അവതരിപ്പിക്കപ്പെടാൻ കഴിയാതെപോയ പ്രമേയത്തെ സംബന്ധിച്ച് മാന്യമെമ്പറൻമാരായ ശ്രീ. ജോർജ്ജും ബേബി ജോണും ഇവിടെ സംസാരിച്ചിട്ടുള്ളത് റിക്കാർഡു ചെയ്തിട്ടുള്ളതാണ്. ആ സംസാരത്തിൽ ആരെ ചൂണ്ടി പറഞ്ഞോ അക്കാര്യം ഇവിടെ സത്യസന്ധമായി പറയുകയാണു മുഖ്യമന്ത്രി ചെയ്തിട്ടുള്ളത്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, പോയിൻറ് ഒഫ് ഓർഡർ. ഇന്നലെ രാജിവച്ച ബഹുമാനപ്പെട്ട മന്ത്രിമാർക്കു പറയാനുണ്ടായിരുന്ന കാര്യങ്ങൾ വളരെ ശാന്തമായ അന്തരീക്ഷത്തിൽ നടന്നതുപോലെതന്നെ മറുപടി പറയുന്നതിനുള്ള അന്തരീക്ഷവും അങ്ങ് ഉണ്ടാക്കിത്തരുമെന്നുള്ള

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. വി. എസ്. അച്ചുതാനന്ദൻ]

പ്രത്യാശയിലാണ് ഞങ്ങൾ കഴിഞ്ഞുകൂടുന്നത്. ആ പ്രത്യാശ നഷ്ടപ്പെടാതിരിക്കാനുള്ള കാര്യങ്ങൾ അങ്ങു ചെയ്യുമോ ?

മി. സ്പീക്കർ: ഇവിടെ ശാന്തതക്കുറവ് ഒന്നുമില്ല. ചിലപ്പോഴെല്ലാം ചില ചോദ്യങ്ങളുണ്ടാകും. അത് ഇതിനുമുൻപും ഉണ്ടായിട്ടുള്ളതാണ്. അതുകൊണ്ട് ശാന്തതക്കേടുണ്ടാകുമെന്ന് ആരും ധരിക്കരുത്.

ശ്രീ. ഇ. എം. ജോർജ്ജ്: ഇന്നലെ ചോദ്യം ചോദിക്കാൻ ഞങ്ങൾ എഴുന്നേററ അവസരത്തിൽ യാതൊരു ചോദ്യവും ചോദിക്കാൻ പാടില്ലെന്നു റൂളിംഗ് നൽകി. ഇന്ന് ഒരു പ്രത്യേക രീതിയാണു കാണുന്നത്.

മി. സ്പീക്കർ: ഇടയ്ക്കു ചോദ്യം ചോദിച്ചു തടസ്സപ്പെടുത്തുന്നതു അനുവദിക്കാൻ സാധ്യമല്ല. ഇവിടെ ഒരു പ്രമേയം വന്നതിനെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട മുഖ്യമന്ത്രി തെററായ രീതിയിലാണ് വ്യാഖ്യാനിച്ചുകാണുന്നതെന്നുള്ള ഒരു പോയിൻറ് ഓഫ് ഓർഡർ കൊണ്ടുവന്നതാണ്. അതിനെപ്പററി സംസാരിക്കുന്നതിൽ കുഴപ്പമില്ലെന്നാണ് തോന്നുന്നത്. ഏതായാലും മുഖ്യമന്ത്രി സംസാരിക്കണം.

ശ്രീ. എൻ. കെ. ശേഷൻ: സർ, ഇവിടെ മുഖ്യമന്ത്രി പറഞ്ഞിട്ടുള്ളത് വസ്തുതകൾക്കെതിരായ കാര്യമാണ്. അങ്ങനെയുള്ള വസ്തുതകൾ റിക്കാർഡിൽ കിടക്കുന്നതു ശരിയല്ല.

മി. സ്പീക്കർ: ഇവിടെ ഇത്രയുംനേരം നടന്നിട്ടുള്ളതായ ചർച്ചകൾ റിക്കാർഡിൽ കിടന്നാൽ മതി. അങ്ങനെ റിക്കാർഡിലുണ്ടായിരുന്നാൽ ഇതിനെപ്പററിയുള്ള സഭയുടെ അഭിപ്രായം എന്താണെന്നു മനസ്സിലാകും. മുഖ്യമന്ത്രി സംസാരിക്കണം.

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: അനൗദ്യോഗിക പ്രമേയത്തെ പിന്താങ്ങാൻ നിശ്ചയിച്ചു എന്നുള്ളതാണ് ഞാൻ പറഞ്ഞത്. അല്ലാതെ പ്രമേയം അവതരിപ്പിച്ചു എന്നോ അവതരിപ്പിച്ചപ്പോൾ പിന്താങ്ങിയെന്നോ ഒന്നുമല്ല പറഞ്ഞിട്ടുള്ളത്.

ശ്രീ. ആർ. എസ്. ഉണ്ണി: സർ, പോയിൻറ് ഒഫ് ഓർഡർ. സഭയിൽ അവതരിപ്പിക്കാത്ത ഒരു പ്രമേയത്തെ, അവതരിപ്പിക്കുവാൻ അനുവദിക്കാത്ത ഒരു പ്രമേയത്തെ, യാതൊരു ചർച്ചയും നടത്തിയിട്ടില്ലാത്ത ഒരു പ്രമേയത്തെ ചില കക്ഷികൾ പിന്താങ്ങാൻ തീരുമാനിച്ചു എന്നു പറയുന്നത് ഓർഡറിലാണോ ?

ശ്രീ. എൻ. പ്രഭാകരതണ്ടാർ: സർ, പോയിൻറ് ഓഫ് ഓർഡറിൻെറ മറയിൽ എന്തെങ്കിലും തോന്ന്യാസം വിളിച്ചു പറയാമെന്നാണോ ?

(പല മാർക്സിസ്ററു കമ്മ്യൂണിസ്ററ് അംഗങ്ങളും ഉച്ചത്തിൽ പലതും പറഞ്ഞു.)

മി. സ്പീക്കർ: അതിൽ പോയിൻറ് ഓഫ് ഓർഡറൊന്നുമില്ല.

ശ്രീ. ജോസഫ് ചാഴിക്കാട്: സഹോദരങ്ങളെ, ചീഫ് മിനിസ്ററർ പറയുന്നത് നമുക്കൊന്നു കേൾക്കാം. അദ്ദേഹത്തെ ഒന്നു സംസാരിക്കുവാൻ അനുവദിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: പിന്നീട് ഒക്ടോബർ മൂന്നിന് അതേ പ്രമേയം തങ്ങളുടെ വകയായി അവതരിപ്പിച്ചു. കോൺഗ്രസ്സും കേരളാ കോൺഗ്രസ്സുമായി സഹകരിച്ചുകൊണ്ട് അവരുടെ വോട്ടോടുകൂടി പാസ്സാക്കാൻ തീരുമാനിച്ചു. അങ്ങനെ കോൺഗ്രസ്സും കേരളാ കോൺഗ്രസ്സുമായി സഹകരിച്ചുകൊണ്ട് മാർക്സിസ്റ്റുകാരടക്കം നാലു കോൺഗ്രസ്സിതര പാർട്ടികൾക്കെതിരായ മുന്നണിയായി മാറി. ഇത്തരം 'മലക്കം മറിച്ചിലുകൾ' രാഷ്ട്രീയത്തിൽ സ്വാഭാവികമാണ്. ഇന്നലത്തെ ബന്ധു ഇന്നത്തെ ശത്രുവും ഇന്നത്തെ ശത്രു നാളത്തെ ബന്ധുവും ആകുന്നതിൽ ആശ്ചര്യകരമായൊന്നും കാണാൻ രാഷ്ട്രീയജീവിതത്തെക്കുറിച്ച് അറിയാവുന്നവർക്ക് കഴിയുകയില്ല. "ഞാൻ മുഴുവൻ വായിക്കുന്നില്ല സർ........" എന്നാൽ ഓരോ പാർട്ടിയും ഒരു ഘട്ടത്തിൽ അനുവർത്തിച്ചുപോന്ന നയം പിന്നീട് മാററുമ്പോൾ ഇങ്ങനെ ചെയ്യുന്നതെന്തുകൊണ്ടാണെന്നു വിശദീകരിക്കാൻ അതാതു പാർട്ടിക്കു ബാധ്യതയുണ്ട്. മററു പാർട്ടികൾക്കും ഈ മാററങ്ങളുടെ അർത്ഥമെന്തെന്നു വിലയിരുത്താനവകാശമുണ്ട്. 1964-65 മുതൽ ഇതേവരെ തങ്ങൾ തുടർന്നുപോന്നിരുന്ന സമീപനത്തിനെതിരായി മാർക്സിസ്ററിതര മുന്നണി രൂപീകരിക്കുന്നതിൽ പങ്കെടുക്കുവാൻ ലീഗും ഐ. എസ്. പി.യും തയ്യാറായത്, അതിൽ ഇവരെല്ലാം പങ്കെടുക്കുന്നതെന്താണെന്ന് അറിയാൻ കേരളത്തിലെ ജനങ്ങൾക്ക് താൽപര്യമുണ്ട്. എന്തുകൊണ്ടെന്നാൽ സുദീർഘമായ സമരങ്ങൾക്കുശേഷം രൂപംകൊണ്ട നമ്മുടെ കോൺഗ്രസ്സിതര മുന്നണി രണ്ടു ചേരിയായി, അതിലൊരു ചേരി കോൺഗ്രസ്സ്, കേരളാ കോൺഗ്രസ്സ് പ്രതിപക്ഷങ്ങളുടെ സഹായത്തോടുകൂടി മറുചേരിക്കെതിരായി ഒരു പ്രമേയം പാസ്സാക്കാൻ ശ്രമിക്കുകയെന്ന ഘട്ടംവരെ ചെന്നെത്തിയ ഒരു 'രാഷ്ട്രീയ മലക്കം മറിച്ചിലാണ്'' ഈ നാലു പാർട്ടികൾ നടത്തിയിട്ടുള്ളത്.

ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിൻെറ കേരള ശാഖ രണ്ടായി പിളരുന്നതിന് ഏതാനും മാസംമുമ്പ് ഇൻഡ്യൻ കമ്മ്യൂണിസ്ററു പാർട്ടി അഖിലേൻഡ്യാ തലത്തിൽ രണ്ടായി പിളർന്നുകഴിഞ്ഞിരുന്നു. നേതാക്കൻമാരിൽ ബഹുഭൂരിപക്ഷം ഉൾക്കൊള്ളുന്ന റിവിഷനിസ്ററുകാർ, അണികളിൽ ഭൂരിപക്ഷം വരുന്ന മാർക്സിസ്ററുകാർ—ഇങ്ങനെ രണ്ടു വിഭാഗങ്ങൾ രൂപംകൊണ്ടിരുന്നു. ഈ രണ്ടു വിഭാഗങ്ങളുടെയും നയപരിപാടികൾ നിർണ്ണയിക്കുവാനുള്ള അഖിലേൻഡ്യാ സമ്മേളനങ്ങൾ കേരളത്തിലെ ഇടക്കാല തിരഞ്ഞെടുപ്പു നടക്കുന്നതിന് ഏതാനും ആഴ്ചകൾക്കു മുമ്പാണു നടന്നിട്ടുള്ളത്. കമ്മ്യൂണിസ്ററു പാർട്ടിയിൽ വന്ന പിളർപ്പിനുള്ള കാരണമായി അപ്പുറത്തിരിക്കുന്ന കമ്മ്യൂണിസ്ററുകാരും കേന്ദ്ര ആഭ്യന്തര വകുപ്പും കേന്ദ്ര കോൺഗ്രസ്സ് നേതൃത്വവും പറഞ്ഞിട്ടുള്ളത് സാർവ്വദേശീയ കമ്മ്യൂണിസ്ററു പ്രസ്ഥാനത്തിൽ വന്ന ഭിന്നിപ്പിൻെറ അലയടിയാണ് ഇൻഡ്യയിൽ നടന്നിട്ടുള്ളതെന്നാണ്. എന്നുവച്ചാൽ കമ്മ്യൂണിസ്ററു മാർക്സിസ്ററു പാർട്ടി ചൈനീസ് പക്ഷപാതികളാണ്. അവർക്ക് തിരഞ്ഞെടുപ്പിലും പാർലമെൻററി ജനാധിപത്യത്തിലും വിശ്വാസമില്ല, 'ഉടൻ വിപ്ലവ'മാണ് അവരുടെ പരിപാടി. ഇതെല്ലാം തെളിയിക്കാൻ ആവശ്യമായ 'രേഖകൾ'........

ശ്രീ. ആർ. എസ്. ഉണ്ണി: സർ, ഒരു ചോദ്യം.

മി. സ്പീക്കർ: ഓർഡർ, ഓർഡർ. ചോദ്യമൊന്നും വേണ്ട.

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: ഇതെല്ലാം തെളിയിക്കുവാനുള്ള രേഖകൾ എടുത്ത് ഉദ്ധരിച്ചുകൊണ്ട് കേന്ദ്ര ആഭ്യന്തര വകുപ്പ് ഒരു 'വൈററ് പേപ്പർ' പുറത്തിറക്കി.

ശ്രീ. ആർ. എസ്. ഉണ്ണി: സർ, സർ.

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: ഇതിനെല്ലാം ഉള്ള പശ്ചാത്തലമായി പറഞ്ഞിട്ടുള്ള കാര്യങ്ങൾ പറയുമ്പോൾ പലർക്കും വിഷമമുണ്ടാകുമെന്ന് എനിക്കറിയാം. അതു സ്വാഭാവികമാണ്. അതിൽ ഉൾക്കൊള്ളിച്ചിരുന്ന "രേഖകളിൽ" നല്ലൊരു പങ്ക് കമ്മ്യൂണിസ്ററുകാരുടെ സൃഷ്ടിയാണ്. അപ്പുറത്തിരിക്കുന്ന കമ്മ്യൂണിസ്ററുകാരുടെ സൃഷ്ടി. 'അപ്പുറത്തിരിക്കുന്ന' എന്നു പറഞ്ഞാൽ കുഴപ്പമില്ല. പോരെങ്കിൽ 'ചൈനീസ് പക്ഷപാതി'കളായ മാർക്സിസ്ററുകാരും 'പാകിസ്ഥാൻ പക്ഷപാതി'കളായ മുസ്ലീം ലീഗും തമ്മിൽ കേരളത്തിലുണ്ടായ തിരഞ്ഞെടുപ്പുധാരണ സാർവ്വദേശീയരംഗത്തു രൂപംകൊണ്ടു 'പീക്കിംഗ് പിണ്ടി അച്ചുതണ്ടി'ന്റെ പ്രതിഫലനമാണെന്നും അവർ പ്രചാരവേല നടത്തി.

അതുകഴിഞ്ഞുള്ള സംഭവങ്ങളിലേയ്ക്കു ഞാൻ അധികം പോകുന്നില്ല. ഇപ്പോൾ അഞ്ചു കൊല്ലത്തിനുശേഷം അന്നു ഞങ്ങളുമായി തെററിപ്പിരിയാൻ കാരണക്കാരായിരുന്ന തിരഞ്ഞെടുപ്പു ധാരണയിൽപ്പെട്ടിരുന്ന രണ്ടു പാർട്ടികളുമായി അപ്പുറത്തിരിക്കുന്ന കമ്മ്യൂണിസ്ററുകാർ നിൽക്കുന്നുവെങ്കിൽ അവരുമായും ആർ. എസ്. പി.ക്കാർ ചേരുമെന്നായതിൽ എനിക്കു പരാതിയില്ല, അത്ഭുതമില്ല. പക്ഷേ ഇതെല്ലാം ഒന്ന് ഓർക്കുന്നതു നല്ലതാണെന്നു മാത്രം.

ശ്രീ. ജോർജ്ജ് തോമസ്സ്: 1964-നു മുൻപും ചരിത്രമുണ്ട് സർ.

ശ്രീ. സി. ബി. ചന്ദ്രശേഖര വാര്യർ: ചരിത്രമുണ്ടെങ്കിൽ പോയി പഠിക്കണം.

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: ചരിത്രകാരൻമാർ സഹസ്രാബ്ദങ്ങളുടെ കണക്കാണ് പറയാറുള്ളത്. ആ ചരിത്രത്തിൽ നമ്മുടെ ജീവിതമെന്നു പറയുന്നത് ഒരു ചെറിയ രേഖമാത്രമാണ്. എങ്കിലും ആ ജീവിതമാണു നമ്മൾ നയിക്കുന്നത്. ആ ജീവിതത്തിലെ ഓരോ വർഷവും ഓരോ മാസവും ഓരോ ദിവസവും എന്നല്ല ഓരോ നിമിഷവും വളരെ പ്രധാനമാണ്. ഇതെല്ലാമാണ് ഇവിടെ ചർച്ചയ്ക്കു വരുന്നത് നിർഭാഗ്യവശാൽ.

ഈ കാലഘട്ടത്തിൽ അപ്പുറത്തിരിക്കുന്ന കമ്മ്യൂണിസ്ററുകാരും ഇപ്പുറത്തിരിക്കുന്ന കമ്മ്യൂണിസ്ററുകാരും—അങ്ങനെ പറഞ്ഞാൽ കുഴപ്പമൊന്നും വേണ്ട—ഈ രണ്ടു ഗ്രൂപ്പിൽപ്പെട്ട കമ്മ്യൂണിസ്ററുകാരും തമ്മിൽ ഉണ്ടായിരുന്ന പ്രധാന തർക്കപ്രശ്നങ്ങളിൽ ഒരുകാര്യത്തിലൊഴിച്ച്, അതായത് 1964-65 തെരഞ്ഞെടുപ്പിൽ തുടർന്നുപോരേണ്ടതായിട്ടുള്ള നയംഒഴിച്ച് ഞങ്ങളോടുണ്ടായിരുന്നതിനേക്കാൾ യോജിപ്പ് അപ്പുറത്തിരിക്കുന്ന കമ്മ്യൂണിസ്ററുകാർക്ക് ഉണ്ടായിരുന്ന രണ്ടു പാർട്ടികളാണ് അന്ന് എസ്. എസ്. പി. ആയിരുന്ന ഇന്നത്തെ ഐ. എസ്. പി. യും മുസ്ലീംലീഗും. അതുപോലെതന്നെ മിക്കവാറും എല്ലാ കാര്യങ്ങളോടും അപ്പുറത്തിരിക്കുന്ന കമ്മ്യൂണിസ്ററുകാരോട് യോജിപ്പുണ്ടായിരുന്നവരാണ് ആർ. എസ്. പി. അതു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടാണ് 1965-ലെ അനുഭവത്തിന്റെ വെളിച്ചത്തിൽ ലീഗിനോടും ഐ. എസ്. പി. യോടും ചേരാൻ അവർ തയ്യാറായത്. അങ്ങനെയുണ്ടായതാണ് ഈ ചതുർമുന്നണിയെന്നു സ്ഥാപിക്കാൻവേണ്ടിയാണ് ഞാൻ ഇത്രയും പറഞ്ഞത്. ബാക്കിയുള്ള അതിന്റെ ചരിത്രം വിശേഷിച്ചും 1964-നു മുമ്പുള്ള കുറെ മില്യൻ കൊല്ലത്തോളമുള്ളതാണ്.

നാല് മാർക്സിസ്റ്റിതര കക്ഷികൾ ഔപചാരികമായി യോഗം ചേർന്ന് മുന്നണിക്കകത്തും ഗവൺമെന്റിലും ഒരു പ്രത്യേക ഗ്രൂപ്പായി പ്രവർത്തിക്കുകയെന്ന അർത്ഥത്തിൽ ഒരു മാർക്സിസ്റ്റിതര മുന്നണി രൂപംകൊണ്ടത് ഈയിടെയാണ്. എന്നാൽ അതിന്റെ തുടക്കത്തിന് 1967 മാർച്ചുമാസത്തോളംതന്നെ പഴക്കമുണ്ട്. എന്നുവച്ചാൽ ഇന്നലെ ഒരു ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ച ആ സുന്ദരയ്യയുടെ പ്രസ്താവനയ്ക്കും നാലുമാസത്തിനു മുമ്പുള്ളതാണെന്നർത്ഥം. മുന്നണി ഗവൺമെന്റ് രൂപീകരിച്ച് ഏതാനും ദിവസങ്ങൾക്കകത്ത് അന്നത്തെ ഭക്ഷ്യമന്ത്രിക്കെതിരായി ഈ പാർട്ടികളെല്ലാംചേർന്നു നടത്തിയ ആക്രമണത്തോടുകൂടിയാണ് മാർക്സിസ്റ്റിതര മുന്നണി ഉൽഘാടനം ചെയ്തത്. ഇന്നത്തെപ്പോലെ ഔപചാരികമായി യോഗം ചേർന്നിട്ടില്ല. അനൗപചാരിക സംഭാഷണങ്ങളിലൂടെയാണ് അന്നവർ ആക്രമണതന്ത്രങ്ങൾ ആവിഷ്ക്കരിച്ചത്. പോരെങ്കിൽ, കമ്മ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പാർട്ടിക്കെതിരായി പ്രത്യക്ഷത്തിൽ യാതൊരു ആക്രമണവും നടത്താതെ പരസ്യമായ ഒരു മദ്ധ്യസ്ഥനില അവലംബിച്ച് മററുള്ളവരുടെ ആക്രമണത്തിന് രഹസ്യമായി സർവ്വവിധ സഹായങ്ങളും നൽകുകയെന്ന നിലപാടാണ് മുസ്ലീംലീഗ് അന്നെല്ലാം എടുത്തത്.

അതു പറയുന്നതോടൊപ്പം ഒരുകാര്യം പറയാനുണ്ട്. ഞങ്ങളുടെ പാർട്ടിയുടെ അഖിലേന്ത്യാ സെക്രട്ടറി ഇവിടെവന്നു ചെയ്ത ഒരു പ്രസ്താവനയാണ് ഈ കുഴപ്പത്തിനു കാരണമെന്നെല്ലാം പറയുന്നുണ്ടല്ലോ. ആ പ്രസ്താവനയ്ക്ക് ഒന്നുരണ്ടു മാസം മുമ്പാണെന്നാണ് എന്റെ ഓർമ്മ. ഇന്നത്തെ ഐ. എസ്. പി. നേതാക്കൻമാർ അംഗമായിരുന്ന അന്നത്തെ എസ്. എസ്. പി. യുടെ അഖിലേന്ത്യാ നേതാക്കൻമാർ ഇവിടെവന്ന് വകുപ്പുവിഭജനത്തെ സംബന്ധിച്ച് ഒരു കാമ്പെയിൻതന്നെ നടത്തി. ശ്രീമാൻ സുന്ദരയ്യയുടെ പ്രസ്താവനയോടുകൂടിയാണ് ഇതെല്ലാം ഉൽഘാടനം ചെയ്തതെന്ന് ശ്രീ. കുറുപ്പു പറയുമ്പോൾ ഈ കാര്യം ഒന്ന് ഓർക്കുന്നതുകൊള്ളാം. ശ്രീമാൻമാരായ എസ്. എം. ജോഷിയും മധുലിമായേയും ആണെന്നാണ് എന്റെ ഓർമ്മ. ഏഴു പാർട്ടികൾ ചേർന്നുണ്ടാക്കിയിട്ടുള്ള വകുപ്പുവിഭജനം തെററാണ് അതു തിരുത്തണം തിരുത്തിയില്ലെങ്കിൽ ഞങ്ങൾ പ്രക്ഷോഭണം നടത്തുമെന്നുള്ള നിലയ്ക്ക് ഒരു ആക്രമണം അവരാണ് നടത്തിയത്.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അങ്ങനെയാണെങ്കിൽ......

മി. സ്പീക്കർ: ആർഡർ, ആർഡർ.

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: ശ്രീ. മുഹമ്മദുകോയയുടെ സ്ഥിതി എന്താണെന്നറിയില്ല. ഞങ്ങളെപ്പോലുള്ള അഖിലേന്ത്യാ പാർട്ടികൾക്ക് അഖിലേന്ത്യാ പാർട്ടികളുടേതായ അച്ചടക്കമുണ്ട്. ശ്രീമാൻ എം. എൻ. ഉം ഉണ്ട്. അതുകൊണ്ടാണ് അദ്ദേഹം രാജിവയ്ക്കുമെന്ന് പ്രഖ്യാപിച്ച ഉടനെ വേണ്ടന്നുവച്ചത്. അതുപോലെ ഞങ്ങൾക്കും ചിലപ്പോൾ വേണ്ടിവരും. ശ്രീ അബുവിനും അന്നു വേണ്ടിയിരുന്നു. ഇന്ന് വേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്]

വരികയും ചെയ്യും. അഖിലേന്ത്യാ പ്രശസ്തിയുള്ള പാർട്ടികൾക്ക് കൈ അതുപോലെ വേണ്ടിവരും. അതിന്റെ വിഷമം ശ്രീ. ജോർജ്ജിന് ഉണ്ടാകുകയില്ല. ആദ്യകാലത്തുതന്നെ ഇവർ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റു പാർട്ടിക്കെതിരായി നടത്തിയ ആക്രമണത്തിന് കോൺഗ്രസ്സിന്റെയും കേരളാ കോൺഗ്രസ്സിന്റെയും പിന്തുണ പരസ്യമായും രഹസ്യമായും കിട്ടുകയുണ്ടായി. അന്നത്തെ ഭക്ഷ്യമന്ത്രിക്കും അവർ കൈകാര്യംചെയ്തിരുന്ന വകുപ്പിനും എതിരായി ഒററതിരിച്ച് കമ്മ്യൂണിസ്ററു മാർക്സിസ്ററു മന്ത്രിമാർക്കെതിരായി പൊതുവിലും ആക്രമണം നടത്തുക, ഇതിൽ പങ്കുകൊള്ളാൻ തയ്യാറില്ലാത്ത ഘടകകക്ഷികളെ മാർക്സിസ്ററു പിണിയാളുകളായി മുദ്രകുത്തി നിസ്സാരമാക്കിത്തള്ളുക ഇതാണ് കോൺഗ്രസ്സ് കേരളാ കോൺഗ്രസ് പ്രതിപക്ഷങ്ങളും ഇന്നത്തെ നാലു മാർക്സിസ്ററിതര ഐക്യകക്ഷികളിൽ മുസ്ലിംലീഗ് ഒഴിച്ചുള്ള മററു മൂന്നു കക്ഷികളും അന്നു ചെയ്തത്.

ഇതുപറയുമ്പോൾ ഒരുകാര്യം ചൂണ്ടിക്കാണിക്കാനുള്ളത് അപ്പുറത്തിരിക്കുന്ന കമ്മ്യൂണിസ്ററുകാരുടെ ദേശീയ കൗൺസിൽതന്നെ അംഗീകരിച്ച പ്രമേയത്തിൽ കേരളത്തിലെ ഐക്യമുന്നണിയിലെ പ്രധാന ഘടകകക്ഷികൾ പറയുന്നതിനെ മാർക്സിസ്ററു കമ്മ്യൂണിസ്ററുപാർട്ടി സ്വീകരിക്കുന്നില്ലെന്നുള്ളതാണ് ഒരു ആക്ഷേപം. അപ്പോൾ ഐക്യമുന്നണിയിൽ പ്രധാനഘടകവും അപ്രധാനഘടകവും ഉണ്ടെന്നുള്ളതാണ് അപ്പുറത്തിരിക്കുന്ന കമ്മ്യൂണിസ്ററു പാർട്ടിയുടെ അഖിലേന്ത്യാ നേതൃത്വം മാർക്സിസത്തിനു നൽകുന്ന പുതിയ ഒരു സംഭാവന. ഞങ്ങളെല്ലാം മനസ്സിലാക്കിയിട്ടുള്ളത് ഐക്യമുന്നണിയെന്നു പറഞ്ഞാൽ അതിലെ ഘടകകക്ഷികൾക്കെല്ലാം സമാവകാശമാണെന്നാണ്. അതിനെ വൻപാർട്ടി (major constituents) എന്നു തെററിദ്ധരിച്ചാൽ ഈ നാലിൽതന്നെ മൈനറും മേജറും പെടുമോ എന്ന ചോദ്യമൊക്കെ വരും. അതുന്നയിക്കാതിരിക്കുകയാണ് നല്ലത്. സ്വന്തമായിട്ടു നിന്നാൽ ഒരൊററ സീററുപോലും കിട്ടുമോയെന്ന് സംശയിക്കാവുന്ന ചില പാർട്ടികൾ അപ്പുറത്തുണ്ട്. അവർ മേജർ ഘടകം ആണെന്നും പറഞ്ഞുവന്നാൽ—അതിനെക്കുറിച്ചൊന്നും ഞാൻ ഇപ്പോൾ പറയാതിരിക്കുകയാണ് നല്ലത്. ഐക്യമുന്നണിയിൽ വലിപ്പചെറുപ്പം നോക്കാതെ മേജർ മൈനർ എന്നു തരംതിരിക്കാതെ എല്ലാം പാർട്ടികൾക്കും സമാവകാശമുണ്ട്. ഇവിടെ എന്തു വന്നു ? അവരേക്കാൾ കുറച്ചു വലുതാണെന്ന് അവർക്കുതന്നെ സമ്മതിക്കേണ്ടിവന്നത്—അതു വൻപാർട്ടിമേധാവിത്വം. അവരേക്കാൾ ചെറുതായാൾ അതു പുല്ല്. ഈ മനോഭാവം മാത്രമാണ് ഐക്യമുന്നണിയിൽ പിളർപ്പുണ്ടാക്കിയത്.

ഇന്നത്തെപ്പോലെ അന്നും കമ്മ്യൂണിസ്ററ് (മാർക്സിസ്ററു) പാർട്ടിക്കും ആ പാർട്ടി മന്ത്രിമാർക്കും എതിരായി അഴിമതിയാരോപണത്തിന്റെ ചെളിതെറിപ്പിച്ചു അവരെ നശിപ്പിക്കാനാണ് കോൺഗ്രസ്സ്-കേരളാ കോൺഗ്രസ്സ് പ്രതിപക്ഷങ്ങളും വലതു കമ്മ്യൂണിസ്ററു പാർട്ടിയും ശ്രമിച്ചത്. നിയമസഭാരംഗത്തു പ്രതിപക്ഷങ്ങളുന്നയിച്ച ആരോപണങ്ങളെല്ലാം പൊളിഞ്ഞു തകർന്നപ്പോൾ വലതു കമ്മ്യൂണിസ്ററു പാർട്ടിയുടെ പത്രങ്ങൾ ആ പണി ഏറെറടുത്തു. അവരും അവരെത്തുടർന്ന് പ്രതിപക്ഷ പത്രങ്ങളും പ്രചരിപ്പിച്ച കള്ളക്കഥകൾ ജനസംസാരമെന്ന പേരിൽ ആർ. എസ്. പി. കോ-ഓർഡിനേഷൻ കമ്മിററിയിലവതരിപ്പിച്ചു. ശ്രീകണ്ഠൻനായരുടെ ആരോപണങ്ങളെന്ന പേരിൽ പത്രങ്ങൾ അതിനു പ്രചരണം നൽകി. അതാണ്—അതുമാത്രമാണ് പ്രതിപക്ഷത്തിനുള്ള

LIBRARY ARCHIVES Kerala Legislative Assembly

യോഗിക്കാവുന്ന ഒരായുധമായി കലാശിച്ചത്. ശ്രീകണ്ഠൻ നായരുടെ ചാർജ്ജുഷീററെന്ന പേരിൽ കുപ്രസിദ്ധമായ ആ ആരോപണശൃംഖല യാതൊരടിസ്ഥാനവുമില്ലാത്ത കള്ളക്കഥകളുടെ സംഗ്രഹമാണെന്നു കോ-ഓർഡിനേഷൻ കമ്മിററി നടത്തിയ അന്വേഷണത്തിൽ വ്യക്തമായി. ഇതിൽ പ്രതിഷേധിച്ച വലതു കമ്മ്യൂണിസ്ററു നേതാവായ ശ്രീ. അച്ചുതമേനോൻ അന്വേഷണക്കമ്മിററിയിൽനിന്നും രാജിവെക്കുകയും ആർ. എസ്. പി. നേതാവ് ശ്രീ. ശ്രീകണ്ഠൻ നായർ അന്വേഷണക്കമ്മിററിയുമായി നിസ്സഹകരിക്കുകയും ചെയ്തു. ഇവർ രണ്ടുപേരും പിന്നീട് ചില ഘട്ടങ്ങളിൽ ചാർജ്ജുഷീററിലെ ആരോപണങ്ങൾ അടിസ്ഥാനരഹിതങ്ങളാണെന്നു തെളിഞ്ഞിട്ടില്ലെന്ന് പ്രസ്താവിക്കുകയുണ്ടായി. എങ്കിലും ആ ആരോപണങ്ങളെക്കുറിച്ച് വീണ്ടും അന്വേഷണം നടത്തണമെന്നവർ ഇതേവരെ ആവശ്യപ്പെട്ടിട്ടില്ല. ഒന്നരക്കൊല്ലത്തിനുശേഷം കോ-ഓർഡിനേഷൻ കമ്മിററി തീരുമാനമനുസരിച്ച് ധനകാര്യമന്ത്രി ശ്രീ. കുഞ്ഞിനെതിരായി വന്ന ആരോപണങ്ങൾ പരിശോധിച്ച് അന്വേഷണം നടത്താൻ തീരുമാനിച്ചപ്പോൾ മാത്രമാണ് വലതു കമ്മ്യൂണിസ്ററുകാരും ആർ. എസ്. പി.ക്കാരും ജുഡീഷ്യലന്വേഷണശ്രമവുമായി പുറത്തുവന്നത്.

അതുവരെ ഞങ്ങൾക്കെതിരായി ഇല്ലായിരുന്ന ആരോപണങ്ങൾ കാററത്ത് ഇളക്കിവിടുക, അതു തെളിയിക്കാൻ യാതൊരു വ്യഗ്രതയും കാണിക്കാതിരിക്കുക—ഇതാണു ചെയ്തത്. നിർഭാഗ്യവശാൽ കോ-ഓർഡിനേഷൻ കമ്മിററിയിൽവന്ന ആരോപണത്തിൻെറ അടിസ്ഥാനത്തിലും കോ-ഓർഡിനേഷൻ കമ്മിററിതന്നെ എടുത്ത തീരുമാനത്തിൻെറ വെളിച്ചത്തിലും—ആ തീരുമാനത്തിൽ ഒപ്പുവച്ച മെമ്പറൻമാർതന്നെ പിന്നെ പലതും പറഞ്ഞു നടന്നു. ഞാൻ ആ കഥകളിലേയ്ക്കൊന്നും കടക്കുന്നില്ല. ഞാൻ പരിശോധിക്കണമെന്നു പറഞ്ഞാൽ ഞാനല്ലേ പരിശോധിക്കുക, മററുവല്ലവരും പറയുന്നതനുസരിച്ചാണോ ? അതനുസരിച്ച് ഞാൻ പരിശോധിച്ചു തീരുമാനമെടുത്തപ്പോഴാണ് ഈ കോലാഹലമൊക്കെ ഉയർന്നുവന്നത്. അപ്പോഴും പഴയ ചാർജ്ജുഷീററിലെ ആരോപണങ്ങളല്ല, പുതിയ ആരോപണങ്ങളാണ് അവർക്ക് അന്വേഷിക്കേണ്ടത്.

അഴിമതിക്കെതിരായി അവർനടത്തുന്ന കുരിശുയുദ്ധം സംബന്ധിച്ച ശ്രദ്ധേയമായ ഒരു വസ്തുതയുണ്ട്. 1969 ഏപ്രിൽ, മേയ് മാസങ്ങളിൽ വലതു കമ്മ്യൂണിസ്ററുപാർട്ടി തുടങ്ങിയ അഴിമതി വിരുദ്ധസമരത്തിൽ കമ്മ്യൂണിസ്ററു (മാർക്സിസ്ററു) പാർട്ടിക്കെതിരായാണവർ സർവ്വശക്തിയുമുപയോഗിച്ചത്. പാർട്ടിയുടെ ഓരോ ആഫീസും അഴിമതിയുടെ കേന്ദ്രമാണ്. മുഖ്യമന്ത്രിയുടെ കൈകൾപോലും ശുദ്ധമല്ല എന്നെല്ലാമായിരുന്നു അന്ന് അവർ പ്രചരിപ്പിച്ചത്. എന്നാൽ അതിനോടു ആർ. എസ്. പി. യും, ലീഗും ഐ. എസ്. പി. യും യോജിച്ചില്ല. അവർക്കു വേണ്ടത് വെല്ലിംഗ്ടൻെറയും കൃഷ്ണൻെറയും പേരിൽ അന്വേഷണം മാത്രമാണ്. അവസാനം അന്വേഷണം ആവശ്യപ്പെട്ടുകൊണ്ടുള്ള മെമ്മോറാണ്ഡം ഈ നാലു പാർട്ടികളുംകൂടി സമർപ്പിച്ചപ്പോഴാകട്ടെ, വെല്ലിംഗ്ടൻെറ പേരിൽ മാത്രമായി അതു ചുരുങ്ങുകയും ചെയ്തു. മുന്നണി മന്ത്രിസഭ രൂപീകരിച്ചതു മുതൽക്ക് ഇന്നേവരെ കമ്മ്യൂണിസ്ററു (മാർക്സിസ്ററു) പാർട്ടി അതിനെതിരായ ആക്രമണത്തിന് കൂട്ടുനിൽക്കാത്ത മുന്നണിഘടകങ്ങൾക്കുമെതിരായി ആക്രമണത്തിനുള്ള ഒരുപായമാണ് വലതു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്]

കമ്മ്യൂണിസ്റ്റുകാരും, ആർ. എസ്. പി. ക്കാരും അഴിമതിയാരോപണവും അന്വേഷണവും ഉപയോഗിച്ചതെന്നു ചൂണ്ടിക്കാണിക്കാനാണ് ഇത്രയും എടുത്തുപറഞ്ഞത്.

അവരുടെ ഈ നടപടികൾക്കെതിരായി ഒരൊററ അക്ഷരം ഉരിയാടാത്ത മദ്ധ്യസ്ഥ നിലയാണ് ലീഗ് ആദ്യം അംഗീകരിച്ചതെങ്കിൽ ഇപ്പോൾ അവർ പരസ്യമായിത്തന്നെ ആ ചേരിയിൽ ചേർന്നുകഴിഞ്ഞിരിക്കുകയാണ്. ഐ. എസ്. പി. യെക്കുറിച്ച് അധികം പറയേണ്ടതില്ല. ധനകാര്യമന്ത്രി ശ്രീ. കുഞ്ഞിന്റെ പേരിലുള്ള അന്വേഷണം നടത്തേണ്ടത് അദ്ദേഹത്തിന്റെ പാർട്ടിയായ ഐ. എസ്. പി. മാത്രമാണെന്നു ഘോരഘോരം വാദിച്ച കൂട്ടരാണ് പിന്നീട് ജുഡീഷ്യലന്വേഷണത്തിന്റെ വക്താക്കളായി സ്വയം മാറിയത്.

സർ, ഈ ഘട്ടത്തിൽ അഴിമതിയാരോപണത്തെയും അന്വേഷണത്തെയും കുറിച്ച് എന്റെ പാർട്ടിക്കും എനിക്കുമുള്ള വ്യക്തമായ അഭിപ്രായം ഇവിടെ ഇതിനുമുമ്പ് പലപ്പോഴും പറഞ്ഞിട്ടുള്ളതാണ്, ഇപ്പോഴും അതാവർത്തിക്കാൻ ഞാനാഗ്രഹിക്കുന്നു. ആരുടെ പേരിൽ ആരോപണമുണ്ടായാലും അതു പരിശോധിക്കണം. പരിശോധിക്കുന്നത് എന്തു മെഷീനറിയായിരിക്കണമെന്നുള്ള കാര്യത്തിൽ തർക്കംവന്നു. ആ തർക്കം പരിഹരിക്കുന്നതിന് കുറെ കൂടിയാലോചനയ്ക്കുശേഷം ഞങ്ങളുടെ പാർട്ടി ഒരു നിർദ്ദേശംവച്ചു. എന്താണ് ആ നിർദ്ദേശം? ആരുടെ പേരിൽ ആരോപണമുണ്ടായാലും പ്രഥമദൃഷ്ട്യാ കേസ്സുണ്ടോ എന്നു പരിശോധിക്കുന്നതിന് ഒന്നുകിൽ കോ-ഓർഡിനേഷൻ കമ്മിററിയുടെ ഒരു സബ്കമ്മിററിയോ അല്ലെങ്കിൽ ഘടകപ്പാർട്ടികൾക്കെല്ലാം സ്വീകാര്യമായ ഹൈക്കോടതി ജഡ്ജിയാകാൻ അർഹതയുള്ള ഒരാളെയോ നിശ്ചയിക്കുക. പ്രഥമദൃഷ്ട്യാ കേസുണ്ടോ എന്നു പരിശോധിക്കാതെകണ്ട് ഒരാളെ നേരിട്ട് ജുഡീഷ്യൽ അന്വേഷണത്തിനുവിടുക എന്നുള്ളത് തെററായ നടപടിയാണ്. പ്രഥമദൃഷ്ട്യാ കേസുണ്ടോ എന്നു പരിശോധിക്കുന്നത് മുഖ്യമന്ത്രി ആകാം എന്ന് ബഹുമാനപ്പെട്ട കുഞ്ഞിന്റെ പേരിൽ ആരോപണംവന്ന അവസരത്തിൽ പറഞ്ഞതാണ്. അതേക്കുറിച്ച് ഇത്രയും ആക്ഷേപങ്ങൾ വന്ന സ്ഥിതിക്ക് ഞാൻ അതേപ്പററി പറയുന്നില്ല. പ്രഥമദൃഷ്ട്യാ കേസുണ്ടോ എന്നു പരിശോധന നടത്തിയിട്ട് എനിക്ക് വലിയ പുണ്യമൊന്നും കിട്ടാനില്ല. അത്തരത്തിലൊരു പരിശോധന നടത്തുന്നതിന് ഘടകകക്ഷികൾക്കു സ്വീകാര്യനായ അല്ലെങ്കിൽ ക്യാബിനററിനു സ്വീകാര്യനായ ഹൈക്കോടതി ജഡ്ജിയാകാൻ അർഹതയുള്ള ഒരാളെ നിശ്ചയിച്ച് ആരോപണങ്ങളെല്ലാം അദ്ദേഹത്തിനു വിട്ടുകൊടുക്കുക എന്നുള്ള നിർദ്ദേശം ഞങ്ങളുടെ പാർട്ടി അവസാനമായി വച്ചതാണ്. ഇത് ഞാൻ ജർമ്മനിയിലായിരുന്നപ്പോൾ പത്രത്തിൽ വായിച്ചതാണ്. ഞങ്ങളുടെ പാർട്ടി അങ്ങനെയൊരു തീരുമാനമെടുത്ത് പരസ്യപ്പെടുത്തിയപ്പോൾ ബഹുമാനപ്പെട്ട ബേബി ജോൺ പറഞ്ഞു ഇതൊരു നല്ല നിർദ്ദേശമാണ് ഇപ്പോഴെങ്കിലും ബഹുജനസമ്മർദ്ദത്തിന്റെ ഫലമായി ഈ നിലപാട് സ്വീകരിക്കാൻ മാർക്സിസ്ററുപാർട്ടി നിർബ്ബന്ധിക്കപ്പെട്ടതിൽ ഞങ്ങൾ സന്തോഷിക്കുന്നു എന്ന്. ബഹുജനസമ്മർദ്ദംമൂലം സ്വീകരിക്കാൻ ഞങ്ങൾ നിർബ്ബന്ധിക്കപ്പെട്ടതാണ് എന്നുള്ള ആ നിർദ്ദേശം അംഗീകരിക്കാമായിരുന്നില്ലേ? അതിനുപകരം എന്താണ് ചെയ്തത്? ആരോപണങ്ങൾ പലരെപ്പററിയും ഉണ്ട്. നിങ്ങളുടെ പേരിലില്ലേ? ഞങ്ങളുടെ ഓരോ ആഫീസും അഴിമതിയുടെ കൂത്തരങ്ങാണെന്ന് നിങ്ങൾ പ്രചരിപ്പിച്ചിട്ടില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എന്തുകൊണ്ടാണ് അത് എടുക്കാത്തത്? ബഹുമാനപ്പെട്ട കൃഷ്ണന്റെ പേരിൽ അഴിമതിയുണ്ടെന്ന് നിങ്ങൾ പറഞ്ഞില്ലേ? അത് എന്തുകൊണ്ട് എടുത്തില്ല? ബാക്കിയുള്ളവരെ സംബന്ധിച്ചാണെങ്കിലും ഞങ്ങളുടെ സർക്കുലറിനെതിരായി പല മന്ത്രിമാരുടെയും പേരിൽ വന്നിട്ടുണ്ട്, കുറെയെല്ലാം അടിസ്ഥാനരഹിതങ്ങളായിരിക്കും. കുറെയെല്ലാം കേട്ടുകേൾവിയായിരിക്കും. ബഹുമാനപ്പെട്ട ടി. വി. തോമസ് അദ്ദേഹത്തിന്റെ പേരിലുള്ള ആരോപണങ്ങളെപ്പററി ഇവിടെ പല ന്യായങ്ങളും പറഞ്ഞു. അതുപോലെതന്നെ ബഹുമാനപ്പെട്ട ശ്രീ. കുഞ്ഞും പലതും പറഞ്ഞു. ആ പറയുന്നതെല്ലാം അങ്ങനെയങ്ങു സ്വീകരിക്കണമോ? ആരോപണത്തിന്റെ ഏതെങ്കിലുമൊരു ഭാഗം മാത്രം കേട്ട് അന്വേഷണത്തിനു വിടണമോ? ആരോപണങ്ങളിൽ വല്ല അടിസ്ഥാനവുമുണ്ടോ, കൂടുതൽ അന്വേഷണത്തിന്റെ ആവശ്യകത ഉണ്ടോ എന്നു പരിശോധിക്കുന്നതിന് ഞാൻ നേരത്തേ സൂചിപ്പിച്ചതുപോലെ ചെയ്യണം. ഐക്യമുന്നണിയുടെ ഐക്യം നിലനിറുത്തുന്നതിൽ ഇത്രയും ജാഗരൂകത കാണിച്ചുകൊണ്ട് പ്രസംഗിക്കുന്ന ബഹുമാനപ്പെട്ട മന്ത്രിമാർക്ക് അവർക്കും അവരുടെ പാർട്ടിക്കാർക്കും സ്വീകാര്യനായ ഒരാളെ ഇതിനുവേണ്ടി നിശ്ചയിച്ചുകൂടേ? അതിനുപകരം എന്തുചെയ്തു? അതിൽ ഒരാളെ നിങ്ങൾ ഒഴിച്ചുനിറുത്തി. ആ ആളിന്റെ പേരിലുള്ള ആരോപണങ്ങൾ തെറേറാ ശരിയോ എന്നു ഞാൻ പറയുന്നില്ല. മററു മന്ത്രിമാരുടെ പേരിലുള്ള ആരോപണങ്ങളും തെറേറാ ശരിയോ എന്നു ഞാൻ പറയുന്നില്ല. സത്യസന്ധമായി, നീതിപൂർവ്വകമായി അന്വേഷണം നടത്തണമെന്നാണെങ്കിൽ ബഹുജനസമ്മർദ്ദം മൂലം ഞങ്ങൾ സ്വീകരിക്കാൻ നിർബ്ബന്ധിക്കപ്പെട്ടു എന്ന് ബഹുമാനപ്പെട്ട ബേബി ജോൺ പറയുന്ന ആ നിർദ്ദേശം അനുസരിച്ചല്ലേ പ്രവർത്തിക്കേണ്ടത്? ആ നിർദ്ദേശമനുസരിച്ച് അന്വേഷണം നടത്തണമെങ്കിൽ കുറച്ചെല്ലാം വിഷമം കാണും.

ശ്രീ. ബേബി ജോൺ: സർ, ഒരു ചോദ്യം........

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: ഞാൻ പറഞ്ഞുതീരട്ടെ.

ഞങ്ങളുടെ നിർദ്ദേശം സ്വീകരിക്കാൻ വിഷമമുണ്ടെങ്കിൽ ഒന്നുരണ്ടാഴ്ചയൊക്കെ കാത്തിരിക്കാമായിരുന്നു. ഇന്നലെ ബഹുമാനപ്പെട്ട ടി. കെ. ദിവാകരനും വേറെ പല ബഹുമാനപ്പെട്ട മെംബർമാരും ഞാൻ ഘടകകക്ഷികളും മന്ത്രിമാരുമായി വേണ്ടത്ര ആലോചിച്ചിട്ടില്ലെന്ന ആക്ഷേപം പറഞ്ഞു. ഞാൻ ചോദിക്കുകയാണ്, എന്നോട് ആലോചിക്കുന്നതിനുള്ള ഒരു ചുമതല അവർക്കും ഇല്ലേ? ഞാൻ ജർമ്മനിയിൽ പോയത് മരിക്കാനല്ലല്ലോ. സുഖപ്പെട്ടു വരാനാണ്. ഒക്ടോബർ മാസത്തിൽ വരുമെന്ന് നിങ്ങൾക്ക് അറിയുകയും ചെയ്യാം. ആ സ്ഥിതിക്ക് നിങ്ങൾ കാത്തിരുന്നോ? നടന്നതെന്താണ്? ഞാൻ ജർമ്മനിയിൽനിന്ന് പുറപ്പെട്ട് മോസ്ക്കോ എയർപോർട്ടിൽ എത്തിയപ്പോൾ പത്രത്തിൽ വായിച്ചതാണ് ഞാൻ തിരുവനന്തപുരത്ത് വന്നിറങ്ങുമ്പോൾ ഈ നാലുപാർട്ടിക്കാരുംകൂടി എന്നെ സ്വീകരിക്കാൻപോകുന്നത് ഒരു അന്ത്യശാസനം നൽകിക്കൊണ്ടാണ് എന്ന്. യഥാർത്ഥത്തിൽ നടന്നതും അതുതന്നെയാണ്. നിങ്ങൾ ഇന്നതിന്നതെല്ലാം അംഗീകരിച്ചില്ലെങ്കിൽ ഞങ്ങൾ പിന്തുണ പിൻവലിക്കും. പിന്തുണ പിൻവലിക്കുമെന്നുള്ള ഡെമോക്ലസിന്റെ വാള് എന്റെ തലയ്ക്കു മീതെ തൂക്കിക്കൊണ്ട് പിന്നെ ഞാൻ സംസാരിക്കേണ്ട എന്നു പറഞ്ഞാലെങ്ങനെയാണ്? സർ, ഇതു പറയുന്നതോടൊപ്പംതന്നെ എനിക്കു മറെറാരു

[ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്]

കാര്യംകൂടി പറയാനുണ്ട്. ഞാൻ ജർമ്മനിയിലേക്ക് പുറപ്പെടുന്ന സമയത്ത് ഇവിടെ കുറെ വിഷമപ്രശ്നങ്ങളുണ്ടായിരുന്നു. ആ പ്രശ്നങ്ങൾക്കെല്ലാം സൗഹാർദ്ദപരമായ സംഭാഷണത്തിൽക്കൂടി പരിഹാരംകാണാമെന്നു ഞാൻ വിശ്വസിക്കുന്നു എന്നുള്ള പ്രസ്താവനയുമായിട്ടാണ് ഞാൻ ഇവിടം വിടുന്നത്. ഞാൻ ആ പ്രസ്താവനചെയ്ത് ഒരു മണിക്കൂറിനുള്ളിലാണ് കോഴിക്കോട്ടുനിന്നു ബഹുമാനപ്പെട്ട ബാഫക്കിത്തങ്ങളുടെ പ്രസ്താവന ടെലിപ്രിൻറർ മെസേജായി എനിക്കു കിട്ടിയത്. എന്താണ് ആ പ്രസ്താവന ? എൻെറ കൈയിലുള്ള വകുപ്പുകൾ ഞാൻ എൻെറ മന്ത്രിമാർക്കു കൊടുത്തത് ഒരു കടുംകൈ ആണ് എന്നായിരുന്നു ആ പ്രസ്താവനയിൽ പറഞ്ഞിരുന്നത്. ആ കടുംകയ്യ് എങ്ങിനെ നേരിടണമെന്ന് ഞങ്ങൾ നാലു പാർട്ടികൾകൂടി ആലോചിക്കാൻ പോകുകയാണ് എന്ന്. അതിന് ബഹുമാനപ്പെട്ട മുഹമ്മദുകോയ ഇവിടെ ഇന്നലെ ഒരു ന്യായീകരണം പറഞ്ഞു. അതായത് ബാഫക്കിത്തങ്ങൾ പറഞ്ഞത് എല്ലാ വകുപ്പുകളെയും കുറിച്ചല്ല, ബഹുമാനപ്പെട്ട ശ്രീ. കുഞ്ഞിൻെറ കൈയിൽനിന്ന് ഞാൻ എടുത്ത് ഇപ്പോഴും കൈയിൽവെച്ചിരിക്കുന്ന ആ വകുപ്പിനെക്കുറിച്ചു മാത്രമാണ് പറഞ്ഞത് എന്ന്. പക്ഷേ വകുപ്പുവിഭജനത്തെക്കുറിച്ച് ഇന്ത്യൻ കമ്മ്യൂണിസ്ററുപാർട്ടിയുടെ അഖിലേന്ത്യാ നേതാക്കളിൽ ഒരാളായ ബഹുമാനപ്പെട്ട അച്യുതമേനോൻ പറഞ്ഞത് അതല്ല. മുഖ്യമന്ത്രി എന്നുള്ളനിലയ്ക്ക് അദ്ദേഹം കൈകാര്യം ചെയ്യുന്ന ജനറൽ അഡ്മിനിസ്ട്രേഷൻ മുതലായ വകുപ്പുകൾ ആർക്കു വീതിക്കുന്നു എന്നുള്ളകാര്യം ആലോചിക്കേണ്ടതാണെന്നാണ് അദ്ദേഹം പറഞ്ഞത്. അപ്പോൾ ബഹുമാനപ്പെട്ട ശ്രീ. കുഞ്ഞിൻെറ കൈയിലുള്ള വകുപ്പിൻെറ കാര്യമല്ല. ബഹുമാനപ്പെട്ട ബേബി ജോൺ എന്നോടു പറഞ്ഞത് വകുപ്പുവിഭജനം സംബന്ധിച്ച് യാതൊരാക്ഷേപവും അവർ പുറപ്പെടുവിച്ചിട്ടില്ലെന്നാണ്. എങ്കിലും ഞാൻ കാണിച്ച നീതികേടിൽ പ്രതിഷേധിക്കുന്നതിന് ഈ നാലുപാർട്ടികളുംകൂടി ആലോചിക്കാൻ പോകുന്നു എന്ന് പ്രസ്താവന വന്നപ്പോൾ ഞങ്ങൾ അതിലില്ല എന്നുപറയാൻ ബഹുമാനപ്പെട്ട ബേബി ജോണിന് കഴിഞ്ഞില്ല. ഏതായാലും അതിൻെറ വിശദാംശങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല. എനിക്കുണ്ടായിട്ടുള്ള അനുഭവമെന്താണ് ? ഞാൻ ഇവിടെനിന്നു പുറപ്പെടുന്ന സമയത്ത് എൻെറ വകുപ്പുകൾ (മററു സ്റേററുകളിലും ഇങ്ങനെയാണ് ചെയ്യുന്നത്) എൻെറ പാർട്ടിയിൽപ്പെട്ട മന്ത്രിമാർക്കു വിഭജിച്ചുകൊടുത്തു എന്നുള്ള ഒരു പ്രതിഷേധം കേട്ടുകൊണ്ടാണ് ഞാൻ ഇവിടെനിന്നു പോകുന്നത്. ഇതാണ് എനിക്ക് ഇവർ തന്നിട്ടുള്ള യാത്രയയപ്പെങ്കിൽ ഞാൻ മടങ്ങിവന്നപ്പോൾ എനിക്കു തന്നിട്ടുള്ള സ്വീകരണം പിന്തുണ പിൻവലിക്കാൻ പോകുന്നു എന്നുള്ള അന്ത്യശാസനമാണ്. ഇങ്ങനെയൊക്കെ ചെയ്യുന്ന നാലു പാർട്ടികളെ സൗഹാർദ്ദപൂർവ്വമായ സംഭാഷണത്തിന് ഞാൻ വിളിച്ചിരുന്നെങ്കിൽ തർക്കങ്ങൾ തീരുമായിരുന്നു എന്നെല്ലാം പറയുന്നത് കുറെ കടുപ്പമാണ്. അതു വിശ്വസിക്കാൻ എൻെറ സാമാന്യബുദ്ധിക്കു കഴിയുന്നില്ല. അഴിമതിയുടെ കാര്യത്തിൽ ഞാനും എൻെറ പാർട്ടിയും എന്തോ കടുംകൈ ചെയ്യുന്നു അഴിമതിക്കാരെ രക്ഷിക്കുന്നതിനുവേണ്ടിയുള്ള കാര്യങ്ങൾ ചെയ്യുന്നതിനുള്ള ഒരു മായാവലയം സൃഷ്ടിക്കാനുള്ള അപാരമായ കഴിവ് എനിക്കുണ്ടെന്ന് ബഹുമാനപ്പെട്ട എം. എൻ. ഗോവിൻദൻ നായർ പറഞ്ഞതിലെ സത്യാവസ്ഥ എന്താണെന്നു വ്യക്തമാക്കാൻവേണ്ടിയാണ് ഞാൻ ഇത്രയും പറഞ്ഞത്.

ഇവരുടെ അഴിമതിവിരോധം ആത്മാർത്ഥവും ഇവർ നടത്തിയ ആരോപണങ്ങൾ ഉത്തമവിശ്വാസത്തോടുകൂടിയതുമാണെങ്കിൽ വെല്ലിംഗ്ടൻെറ

LIBRARY ARCHIVES Kerala Legislative Assembly

പേരിൽ മാത്രമല്ല ഇവർ അന്വേഷണമാവശ്യപ്പെടുക. ശ്രീകണ്ഠൻ നായരുടെ ചാർജ്ജ്ഷീററിൽപ്പെടുത്തിയിരുന്ന എല്ലാ കാര്യങ്ങളെയുംകുറിച്ച് കമ്മ്യൂണിസ്ററ് (മാർക്സിസ്ററ്) പാർട്ടിക്കെതിരായി വലതു കമ്മ്യൂണിസ്ററുകാർ പറഞ്ഞുപരത്തിയ എല്ലാ കഥകളെയും കുറിച്ച് ഇങ്ങേയററം വന്നാൽ ഈ നാലുപാർട്ടികളും വേറെവേറെ ഒരു ഘട്ടത്തിൽ അന്വേഷണമാവശ്യപ്പെട്ട എം. കെ. കൃഷ്ണനെക്കുറിച്ചെങ്കിലും ഇതിലെല്ലാം അന്വേഷണം അവർ ആവശ്യപ്പെടുമായിരുന്നു. അതുചെയ്യാതെ ഇതെല്ലാം വിട്ടുകളഞ്ഞതെന്തുകൊണ്ടാണെന്ന ചോദ്യം ന്യായമായി ഉൽഭവിക്കും.

ശ്രീ. ആർ. എസ്. ഉണ്ണി: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ......

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: സർ, ഈ ഇടപെടൽ എന്താണ് ?

ശ്രീ. ആർ. എസ്. ഉണ്ണി: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. ഞങ്ങളുടെ മന്ത്രിതന്നെ നേരിട്ട് അദ്ദേഹത്തിനെതിരായി ഉന്നയിക്കപ്പെട്ടിട്ടുള്ള ആരോപണങ്ങൾക്ക് അന്വേഷണം വേണമെന്ന് ആവശ്യപ്പെടുകയും ആ പ്രശ്നം ക്യാബിനററിൽ ഉന്നയിക്കുകയും ചെയ്തിട്ട് അതു മാററിവച്ചതെന്തുകൊണ്ടാണ് ?

മി. സ്പീക്കർ: അതൊക്കെ സംസാരിക്കാൻ പിന്നീട് അവസരം കിട്ടുമല്ലോ.

ശ്രീമതി കെ. ആർ. ഗൗരി: അതിനു ഞങ്ങളാരും എതിരു നിന്നിട്ടില്ല.

ശ്രീ. ബേബി ജോൺ: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ......

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: സർ, പോയിൻറ് ഓഫ് ഓർഡറിൻെറ പേരിൽ എനിക്ക് അനുവദിച്ച സമയം....................

ശ്രീ. കെ. ഐ. രാജൻ: സർ, പോയിൻറുമില്ല, ഓർഡറുമില്ല.

ശ്രീ. ബേബി ജോൺ: സർ, പോയിൻറും ഇല്ല ഓർഡറുമില്ലെന്നു പറയാൻ ബഹുമാനപ്പെട്ട ഒരു മെമ്പർക്കെന്തോണധികാരം? സർ, ഞങ്ങളുടെ മന്ത്രി അന്വേഷണത്തിന് ആവശ്യപ്പെട്ട സ്ഥിതിക്ക് ആവശ്യപ്പെട്ടില്ല എന്നു വസ്തുതകൾക്കു നിരക്കാത്ത വിധത്തിൽ സത്യവിരുദ്ധമായി ബഹുമാനപ്പെട്ട റവന്യൂ മന്ത്രി പ്രസ്താവിച്ചത് ഓർഡറിലാണോ?

മി. സ്പീക്കർ: ഇതൊക്കെ പറയാൻ എല്ലാവർക്കും അവസരം കിട്ടുമല്ലൊ.

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: ഒന്നുകിൽ ആ ആരോപണങ്ങളെല്ലാം അടിസ്ഥാനരഹിതമാണെന്നു പിന്നീട് ബോധ്യപ്പെട്ടു. അതുകൊണ്ട് അതു പിൻവലിച്ചു എന്നു തുറന്നു പറയുക. അല്ലെങ്കിൽ അവയെക്കുറിച്ചെല്ലാം അന്വേഷണം നടത്താനാവശ്യപ്പെടുകയും ഇത്രയേറെ അഴിമതി കാണിക്കുന്ന കമ്മ്യൂണിസ്ററ് (മാർക്സിസ്ററ്) പാർട്ടിയെ മുന്നണിയിൽനിന്നു പുറത്താക്കുകയും ചെയ്യുക—ഇതാണ് ഇവർ നടത്തിയ ആരോപണങ്ങൾ ഉത്തമവിശ്വാസത്തോടുകൂടിയതും ഇവരുടെ അഴിമതിവിരോധം ആത്മാർത്ഥവുമാണെങ്കിലവർ ചെയ്യേണ്ടത്. ഇതു രണ്ടും ചെയ്യാനിവർ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്]

തയ്യാറില്ല. ഇഷ്ടമുള്ളപ്പോൾ എടുത്തു പെരുമാററത്തക്ക ഒരായുധമായി കമ്മ്യൂണിസ്ററ് (മാർക്സിസ്ററ്) പാർട്ടിക്കെതിരായി അഴിമതിയാരോപണം കയ്യിൽ വയ്ക്കണം. അതേ സമയത്ത് അത് ഇന്നുപയോഗിക്കുന്നത് തങ്ങളുടെ വൻപാർട്ടി മേധാവിത്വത്തിനു കീഴടങ്ങാത്ത ഒരു കൊച്ചു പാർട്ടി (കെ. ടി. പി.) യുടെ നേരെയാവുകയും വേണം. ഇതാണവരുടെ പോക്ക്.

സർ, ഇനി കുറെ ഭാഗമുണ്ട്. അത് ഏറെ വായിച്ചാൽ ബഹുമാനപ്പെട്ട മെമ്പർമാർക്ക് രുചിക്കുകയില്ലെന്നുള്ളതുകൊണ്ട് ഞാൻ അതിലേയ്ക്കു കടക്കുന്നില്ല. സമയവും കൂടുതലായി. എന്നാൽ ബഹുമാനപ്പെട്ട മന്ത്രിമാരുടെ പ്രസംഗങ്ങളിൽ പറഞ്ഞിട്ടുള്ള ചില കാര്യങ്ങളെക്കുറിച്ചുകൂടി ഇവിടെ പറയാതിരിക്കാൻ നിവൃത്തിയില്ല.

ബഹുമാനപ്പെട്ട എം. എൻ. ഗോവിന്ദൻ നായർ വളരെ വികാരഭരിതനായി തനിക്ക് വ്യക്തിപരമായി തോന്നിയിട്ടുള്ള കാര്യങ്ങൾ പലതും പറഞ്ഞു. ആ കൂട്ടത്തിൽ അദ്ദേഹം ഉപയോഗിച്ച പല പദപ്രയോഗങ്ങളും—അതിന്റെ ഗുണദോഷങ്ങളിലേയ്ക്കു ഞാൻ കടക്കുന്നില്ല—ശ്രീ. ഗോവിന്ദൻ നായർക്കു പുത്തനല്ല. ഇതിനു മുമ്പും എനിക്കെതിരായിട്ട് ഇത്തരം പദപ്രയോഗങ്ങൾ നടത്തിയിട്ടുണ്ട്. ഇതെല്ലാം കേട്ടാൽ ഉടൻതന്നെ ബേജാറാകുന്ന സ്വഭാവവും എനിക്ക് ഇല്ല. 'ഏ നമ്പൂരി' എന്നു പറഞ്ഞതുപോലെ 'ഏ നായരെ' എന്നു വിളിക്കുവാൻ ഞാൻ ഉദ്ദേശിക്കുന്നുമില്ല. പക്ഷെ അദ്ദേഹം പറഞ്ഞ ചില കാര്യങ്ങളെക്കുറിച്ച് പറയാതിരിക്കുവാൻ നിവൃത്തിയില്ല. അദ്ദേഹം പറഞ്ഞതു കേട്ടപ്പോൾ ഞാൻ വിചാരിച്ചു, ഇൻഡ്യൻ കമ്മ്യൂണിസ്ററ് പാർട്ടി അതായത് പണ്ട് നാം ഒന്നായിരുന്ന കാലത്ത് ഉണ്ടായിരുന്ന കമ്മ്യൂണിസ്ററ് പാർട്ടി, കുഴപ്പത്തിലായിരുന്ന കാലത്ത് അതിനെ രക്ഷപ്പെടുത്താൻ വന്ന ഒരു അവതാരപുരുഷനാണ് ശ്രീ. ഗോവിന്ദൻ നായരെന്ന്. 1948 മുതൽക്ക് അദ്ദേഹം നടത്തിയിരുന്ന സേവനങ്ങളുടെ ഫലമായിട്ട് ഇൻഡ്യൻ കമ്മ്യൂണിസ്ററു പാർട്ടി ഒരുമാതിരി ശരിയായി. അതിന്റെ ഫലമായിട്ട് ഇൻഡ്യൻ കമ്മ്യൂണിസ്ററ് പാർട്ടിയുടെ കേരളത്തിലെ അനിഷേധ്യ നേതാവായിത്തീർന്ന ശ്രീ. എം. എൻ. ഗോവിന്ദൻ നായർ, വടക്കെവിടെയോ കിടന്ന ഒരു നമ്പൂതിരിയെ പിടിച്ച് 1957-ൽ മുഖ്യമന്ത്രിയാക്കി. ഇത്തരത്തിൽ വികൃതമായി പറയുന്നതിന് ഞാൻ ഒന്നും പറയുന്നില്ല. എനിക്ക് ഈ കേരളത്തിലും അദ്ദേഹം പറഞ്ഞ ആ വടക്കും കമ്മ്യൂണിസ്ററ് പ്രസ്ഥാനത്തിൽ വല്ല സ്ഥാനവും ഉണ്ടായിരുന്നില്ലെങ്കിലും 1957-ൽ ഞാൻ ഇവിടെ മുഖ്യമന്ത്രി ആയിട്ടില്ലെങ്കിലും ബഹുമാനപ്പെട്ട ഗോവിന്ദൻ നായരുടെ ശുപാർശ കൊണ്ടൊന്നുമല്ല, ഈ നാട്ടിൽ നാൽപതു കൊല്ലക്കാലമായി പ്രവർത്തിച്ചുപോന്നിട്ടുള്ള ഞാൻ ഈ നാട്ടിലെ ഒരു അംഗീകൃത കമ്മ്യൂണിസ്ററുകാരനാകുകയും എന്റെ സേവനം കേന്ദ്ര സെക്രട്ടേറിയററിന് ആവശ്യമാണെന്നു തോന്നുകയും അത്തരത്തിൽ കേന്ദ്രം ആവശ്യപ്പെടുകയും ചെയ്തപ്പോഴാണ് ഞാൻ വടക്കു പോയത്. 1957-ൽ എന്റെ സേവനം ഇവിടെ ആവശ്യമാണെന്ന് ആ കേന്ദ്രം തീരുമാനിച്ചു, ആ കേന്ദ്രത്തിന്റെ തീരുമാനത്തിൽ ഗോവിന്ദൻ നായർക്കു പങ്കുണ്ട്; അതു ഞാൻ നിഷേധിക്കുന്നില്ല. പക്ഷെ എനിക്കുവേണ്ടി അദ്ദേഹം എന്തൊക്കെയൊ കരുണ കാണിച്ചു എന്നു പറയുമ്പോൾ ബഹുമാനപ്പെട്ട ഗോവിന്ദൻ നായർ ലോകത്തിന്റെ മുമ്പിൽ പരിഹാസ്യനാകുകയാണ് ചെയ്യുന്നത്. അന്ന് കമ്മ്യൂണിസ്ററ് പാർട്ടിയുടെ സംസ്ഥാന സെക്രട്ടറിയായിരുന്നു ശ്രീ. ഗോവിന്ദൻ നായർ. ആ സ്ഥിതിക്ക് എന്നെ ഇങ്ങോട്ടു ക്ഷണിച്ചതിന്റെ ഉത്തരവാദിത്വം അദ്ദേഹത്തിനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: ഞാൻ അന്ന് പാർട്ടി സെക്രട്ടറി ആയിരുന്നില്ല.

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: ഞാൻ കേരള ബ്യൂറോഗാനിനും ശ്രീ. എം. എൻ. കേരള ക്രൂഷ്ചേവും എന്നൊക്കെ പറഞ്ഞു നടന്നിരുന്നുവെന്നാണ് എന്റെ ഓർമ്മ. മോസ്ക്കോയിൽ ചെന്ന് ചില കമ്മ്യൂണിസ്റ്റ് നേതാക്കൾ ക്രൂഷ്ചേവിനോടുപോലും അങ്ങിനെ പറഞ്ഞിട്ടുണ്ട്. അത് ഇരിക്കട്ടെ. 1967–ൽ ഞാൻ മുഖ്യമന്ത്രിയായതിനെങ്കിലും ശ്രീ. എം. എൻ. അല്ല ഉത്തരവാദിയെന്ന് അദ്ദേഹം സമ്മതിക്കുമെന്നാണ് എനിക്ക് തോന്നുന്നത്. അറുപത്തഞ്ചിൽ എന്നെ ഗ്യാലറിയിൽ ഇരുത്തും എന്ന് വീരവാദം മുഴക്കിയ വീരനാണ് അദ്ദേഹം. ആ സ്ഥിതിക്ക് ഇതൊന്നും പറയേണ്ട കാര്യമില്ല. അക്കാലത്തെ കമ്മ്യൂണിസ്റ്റ് ചിന്താഗതിയാണ് അദ്ദേഹം പറഞ്ഞത്, അതുകൊണ്ട് എനിക്ക് യാതൊരു പകയും അദ്ദേഹത്തോട് ഇല്ല. അതുപോലെതന്നെ എന്നോടും അദ്ദേഹത്തിനു യാതൊരു പകയും ഉണ്ടാകരുത് എന്നാണ് എന്റെ അഭ്യർത്ഥന.

ബഹുമാനപ്പെട്ട ടി. വി. തോമസ് കുരുക്ഷേത്രത്തിന്റെ കാര്യം പറഞ്ഞു. ആ കുരുക്ഷേത്രത്തിൽ ഞങ്ങൾക്ക് എതിരായിട്ട് ആരൊക്കെയാണ് ഉണ്ടാവുക? അങ്ങേയററത്ത് ഇരിക്കുന്ന ബഹുമാനപ്പെട്ട കരുണാകരൻ മുതൽ ഇങ്ങേയററത്ത് ഇരിക്കുന്ന ബഹുമാനപ്പെട്ട ടി. കെ. ദിവാകരൻ വരെയുള്ളവരെല്ലാം കൂടി ചേർന്നാണോ കുരുക്ഷേത്രത്തിൽ ഞങ്ങളെ നേരിടാൻ പോകുന്നത്? അങ്ങനെ വരാൻ ഇടയുണ്ടെന്നുള്ളതിനു ചില സൂചനകൾ—ഞാൻ പറയുന്നത് ഓർഡറിലാണോ എന്നറിവില്ല—ഇന്നത്തെ പത്രത്തിൽ വന്ന പനമ്പിള്ളിയുടെ പ്രസ്താവനയിൽ ഉണ്ട്. ആ വഴിക്കാണോ പറയുന്നത് എന്നുവെച്ചാൽ അത് നമുക്കു കാണാം. അങ്ങനെയല്ലാതെ ബഹുമാനപ്പെട്ട കരുണാകരൻേറയും അദ്ദേഹത്തിന്റെ കൂടെ ഇരിക്കുന്നതും ബഹുമാനപ്പെട്ട ജോർജ്ജിന്റെ കൂടെ ഇരുന്നതുമായ ഡോക്ടർ ജോർജ്ജ് തോമസ്സിൻേറയും കൂടിയായ ആ കക്ഷി (ഇതു ഞാൻ പറയാൻ കാരണം 1965–ൽ ഡോക്ടർ ജോർജ്ജ് തോമസ്സ് കേരള കോൺഗ്രസ്സിന്റെ വക്താവായിരുന്നു; ഇപ്പോഴും ഉള്ളിൽ അതാണോ? അതോ കോൺഗ്രസ്സിനകത്തു കയറിയതിനുശേഷം കോൺഗ്രസ്സിന്റെ ആളായിട്ടാണോ പറയുന്നത്) യുടെ കൂട്ടു ചേർന്നാണോ ഞങ്ങളെ നേരിടാൻ പോകുന്നത്? അതോ കോൺഗ്രസ്സല്ലാത്ത ബഹുമാനപ്പെട്ട ജോർജ്ജ് മുതൽക്ക് ബഹുമാനപ്പെട്ട ദിവാകരൻ വരെയുള്ളവരെ മാത്രം അണിനിരത്തിക്കൊണ്ടാണോ കുരുക്ഷേത്രത്തിൽ ഞങ്ങളെ നേരിടാൻ പോകുന്നത്? അതിന്റെ അടിസ്ഥാനത്തിൽ ഞങ്ങളെയെല്ലാം വീണ്ടും ഗ്യാലറിയിൽ ഇരുത്താമെന്നാണോ ബഹുമാനപ്പെട്ട ടി. വി. പറയുന്നതിന്റെ അർത്ഥം? അവർ ജയിക്കുകയില്ലെന്നു ഞാൻ പറയുകയില്ല. അവർക്ക് മഹാമല്ലൻമാരായ ജോർജ്ജ്, ടി. വി. തോമസ്, എം. എൻ. ഗോവിന്ദൻ നായർ, സി. എച്ച്. മുഹമ്മദുകോയ തുടങ്ങിയവർ ഉണ്ട്. ശ്രീ. പി. ആർ. കുറുപ്പ് വില്ലാളിവീരനാണ്. അവരുടെ മുമ്പിൽ നേരിട്ട് അങ്ങേയററത്തെ വിജയം നേടാനുള്ള യാതൊരു മിടുക്കും എനിക്കില്ല. അതെല്ലാം ഒന്നു കാണാമല്ലൊ. അതിന്റെ ഫലമായിട്ട് ഞങ്ങൾക്കു കുറെ സീററു പോകട്ടെ. ഇൻഡ്യൻ കമ്മ്യൂണിസ്ററ് പാർട്ടിക്ക് 1960–ൽ ഉണ്ടായതുപോലെ വരട്ടെ. അറുപത്തിനാലിലും ഈ കുരുക്ഷേത്രത്തിന്റെ കാര്യമൊക്കെ പറഞ്ഞതാണെന്ന കാര്യം ബഹുമാനപ്പെട്ട തോമസ് ഓർക്കണം. ഈ നാട്ടിലെ ജനങ്ങൾ ബഹുമാനപ്പെട്ട ടി. വി. തോമസ്സിനോ എനിക്കോ

[ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്]

കച്ചീട്ട് എഴുതിവെച്ചിട്ടുള്ളവരല്ല. ആരെല്ലാം എവിടെയൊക്കെ നിൽക്കുന്നു എവിടെയെല്ലാം പ്രവർത്തിക്കുന്നു എന്നു നോക്കിയിട്ടാണ് ആളുകൾ വിധിയെഴുതുക. അതുകൊണ്ട് കുരുക്ഷേത്രം വരട്ടെ. വലിയ വലിയ വീരവാദങ്ങൾ മുഴക്കിയിരിക്കുന്ന എത്രയെത്ര വീരൻമാർ താഴെ വീണുകിടക്കുന്നു. വയസ്സുകാലമൊക്കെയായികഴിഞ്ഞാൽ കുറച്ചു വിവരമൊക്കെ ഉണ്ടാകുമെന്നാണ് വയ്പ്..........

ശ്രീമതി കെ. ആർ. ഗൗരി: അങ്ങനെ വയസ്സായിപ്പോയി എന്നു പറയുന്നതു ശരിയല്ല.

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: അതേക്കുറിച്ചു ഞാൻ അത്രയേ പറയുന്നുള്ളു. ബഹുമാനപ്പെട്ട ടി. വി. തോമസ് പല കാര്യങ്ങളെക്കുറിച്ചും പറഞ്ഞു. ആ കൂട്ടത്തിൽ ഒരു കാര്യത്തെപ്പററി എനിക്കു പറയാതിരിക്കുവാൻ നിവൃത്തിയില്ല. സ്ററീൽ പ്ലാൻറിനു എല്ലാ ഏർപ്പാടുകളും ഉണ്ടായിരുന്നിട്ടും അതൊന്നും അംഗീകരിക്കാതെ ഇരുമ്പയിര് റുമേനിയയ്ക്ക് കൊടുക്കുന്നതിനുവേണ്ടി ഞാൻ ശ്രമിച്ചുവെന്നാണ് അദ്ദേഹത്തിൻെറ ആക്ഷേപം. അതു ശരിയല്ല സർ. സ്ററീൽ പ്ലാൻറിനുവേണ്ടിയുള്ള നിർദ്ദേശം ജപ്പാനിൽനിന്നോ ഏതെങ്കിലും സോഷ്യലിസ്ററ് രാജ്യത്തിൽനിന്നോ ഉണ്ടായിട്ടില്ല. സോവിയററ് യൂണിയനടക്കമുള്ള സോഷ്യലിസ്ററ് രാജ്യങ്ങളെപ്പററിയാണ് പറയുന്നത്. തോമസ്സിൻെറ പ്രസംഗത്തിൽ ഒരു സൂചനയുണ്ടായിരുന്നു, റുമേനിയൻ കമ്മ്യൂണിസ്ററു പാർട്ടിയുമായി ഞങ്ങൾ അടുക്കുവാൻ ഉദ്ദേശിച്ചതുകൊണ്ട് ഇരുമ്പയിരു കയററി അയക്കുവാൻ ആഗ്രഹിച്ചുവെന്ന്. യഥാർത്ഥത്തിൽ ഞങ്ങളുടെ ആളുകൾക്ക് ഒരു കമ്മ്യൂണിസ്ററു പാർട്ടിയുമായും കൂടുതൽ അടുപ്പമോ കുറവ് അടുപ്പമോ ഇല്ല. കുറെക്കാലമെങ്കിലും ബഹുമാനപ്പെട്ട ടി. വി. തോമസ്സിൻെറ പാർട്ടിക്കായിരുന്നു റുമേനിയൻ കമ്മ്യൂണിസ്ററു പാർട്ടിയുമായി അടുപ്പമുണ്ടായിരുന്നത്. ചെക്കോസ്ലാവാക്യൻസംഭവത്തിൽ ഞങ്ങൾ ഒരു സ്ററാൻഡ് എടുത്തു. വലിയ കോലാഹലങ്ങൾ നടന്നിട്ടുള്ളതാണത്. ആ സ്ററാൻഡിനെ എതിർത്തിട്ടുള്ളവരായിരുന്നു ടി. വി. യുടെ പാർട്ടിയിലെ ഒരു വലിയവിഭാഗം. എട്ടുപത്തു മാസം പിടിക്കേണ്ടിവന്നു അക്കാര്യത്തിൽഅവർക്കുതന്നെ ഒരുയോജിപ്പിലെത്താൻ. റുമേനിയൻകമ്മ്യൂണിസ്ററു പാർട്ടിയുമായി പ്രത്യേക ബന്ധം ഉണ്ടാകേണ്ട യാതൊരു കാര്യവും ഞങ്ങൾക്കില്ല. എന്നാൽ മററു കമ്മ്യൂണിസ്ററു പാർട്ടികളുമായുള്ള ബന്ധമല്ല ഇവിടെ പ്രശ്നം. കേരളത്തിലെ ഇരുമ്പയിര് ഉപയോഗിച്ച് സ്ററീൽ പ്ലാൻറ് തുടങ്ങുന്നതിനുള്ള മാർഗ്ഗം എന്തെല്ലാമാണെന്നുള്ളതിനെ സംബന്ധിച്ച് സോഷ്യലിസ്ററ് രാജ്യങ്ങളുമായി സംസാരിച്ചു. കുറെയെങ്കിലും വ്യക്തമായ നിർദ്ദേശങ്ങൾ ഉണ്ടായത് റുമേനിയായിൽ നിന്നാണ്. ആ നിർദ്ദേശം പൂർണ്ണമായ രീതിയിൽ സ്വീകരിക്കാവുന്നതായിരുന്നോ എന്നു ഞാൻ പറയുന്നില്ല. ആ ചർച്ചയെത്തുടർന്നുള്ള നടപടികൾ വേണമോ വേണ്ടയോ എന്നു പറയുവാനുള്ള അവകാശം എനിക്കുള്ളതു കാരണം ആ സംഭാഷണങ്ങൾനടത്തിയത്ഞാനാണ്. ഡൽഹിയിലുള്ള റുമേനിയൻഅംബാസിഡറുമായിട്ടൊക്കെ ഇതിനുവേണ്ടി സംസാരിച്ചതാണ്. ഞങ്ങൾക്കു റുമേനിയൻ കമ്മ്യൂണിസ്ററു പാർട്ടിയുമായി എന്തോ അവിഹിതബന്ധം ഉണ്ടെന്നു പറയുന്നത് മററാർക്കു ഭൂഷണമാണെങ്കിലും ഇക്കഴിഞ്ഞ ജൂണിൽ മോസ്കോയിൽവെച്ചു കൂടിയ ലോക കമ്മ്യൂണിസ്ററ് സമ്മേളനത്തിൽ പങ്കെടുത്തിരുന്ന ഒരു പാർട്ടിയുടെ നയത്തെ സംബന്ധിച്ച് ആ സമ്മേളന

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽ പങ്കെടുത്തിരുന്ന മറെറാരു പാർട്ടിയുടെ നേതാവ് ആയിരുന്ന ടി. വി. തോമസ്സ് പറയുന്നത് ശരിയല്ല.

ഇനി പോളിററ് ബ്യൂറോയുടെ ഇടപെടലിൻെറ കാര്യം. ഇവിടത്തെ മന്ത്രിസഭയിൽ പങ്കുള്ള പാർട്ടികളിൽ അഖിലേൻഡ്യാ സ്വഭാവമുള്ള പാർട്ടികളുടെ അഖിലേൻഡ്യാ നേതൃത്വങ്ങൾ അപ്പപ്പോൾ അവർക്കു ശരിയെന്നു തോന്നുന്ന അഭിപ്രായങ്ങൾ പറയാറുണ്ട്. അത് ചിലപ്പോൾ സ്വകാര്യമായി പറയും, ചിലപ്പോൾ പരസ്യമായി പറയും. അതു ഞങ്ങളുടെ പാർട്ടിയുടെ രീതി മാത്രമല്ല. മററുള്ള പാർട്ടികളുടെ അഖിലേൻഡ്യാ നേതൃത്വങ്ങളും പറഞ്ഞിട്ടുണ്ട്. ഡാങ്കേ അടക്കമുള്ള അഖിലേൻഡ്യാനേതാക്കൻമാർ കേരളത്തിലെ സ്ഥിതിഗതികളെപ്പററി പരസ്യപ്രസ്താവനകൾ പുറപ്പെടുവിച്ചിട്ടുണ്ട്; അന്നൊന്നും ഞങ്ങൾ ആക്ഷേപിച്ചിട്ടില്ല. നേരേമറിച്ച് ആ പ്രസ്താവനകളിൽ പറഞ്ഞതു പലതും ഞങ്ങൾ അംഗീകരിച്ചിട്ടുണ്ട്. കേരളത്തിലെ മന്ത്രിസഭ കേരളത്തിൽ മാത്രം ഒതുങ്ങിനിൽക്കണം, അഖിലേൻഡ്യാനേതൃത്വങ്ങൾക്ക് ഒന്നും പറഞ്ഞുകൂടാ, എന്നുള്ള നിലപാട് അംഗീകരിക്കാൻ ബഹുമാനപ്പെട്ട ജോർജ്ജിനേ സാധിക്കുകയുള്ളു. ഒരുപക്ഷെ ബഹുമാനപ്പെട്ട കുറുപ്പിനും സാധിച്ചേക്കും; ഇൻഡ്യൻ സോഷ്യലിസ്ററുപാർട്ടി എന്നാണ് പേരെങ്കിലും യഥാർത്ഥത്തിൽ ഇവിടെ മാത്രമല്ലേ ഉള്ളൂ, എന്തോ അതെനിക്കറിഞ്ഞുകൂടാ. ബാക്കി പാർട്ടികൾക്കാണെങ്കിൽ (മുസ്ലീംലീഗിനാണെങ്കിൽ ഇസ്മെയിൽ സാഹിബ് സംസാരിക്കാറുണ്ട്, ഈ മുന്നണിയിൽനിന്നു വിട്ടുപോകുന്നതിനുതന്നെ അംഗീകാരം കൊടുത്തത് അഖിലേന്ത്യാ പ്രസിഡണ്ടും സംസ്ഥാന പ്രസിഡണ്ടും കൂടിയാണ്) ആ പാർട്ടികളുടെ അഖിലേന്ത്യാ നേതൃത്വങ്ങൾക്കുള്ള അഭിപ്രായം ചിലപ്പോൾ സ്വകാര്യമായും മററു ചിലപ്പോൾ പരസ്യമായും പറയേണ്ടിവരും. അങ്ങനെ ഞങ്ങളുടെ അഖിലേന്ത്യാ നേതൃത്വം പറയുന്നതിൽ ബാക്കിയുള്ള പാർട്ടികൾക്കു വിരോധം കാണും. മററുള്ളവർ പറയുമ്പോൾ ഞങ്ങൾക്കും വിരോധം ഉണ്ടാകും. എങ്കിലും അങ്ങനെയുള്ള പല അഭിപ്രായങ്ങൾ ഞങ്ങൾ സ്വീകരിക്കുകയും അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇന്നലെ ബഹുമാനപ്പെട്ട ടി. വി. തോമസ് വളരെയേറെ പറഞ്ഞ ആ വ്യവസായ നയപ്രഖ്യാപനമില്ലേ? പോളിററ് ബ്യൂറോ എന്തോ പറഞ്ഞു, സുന്ദരയ്യ പ്രസംഗിച്ചു എന്നാണല്ലോ ആക്ഷേപം. അതിനെത്തുടർന്നുള്ള വാദപ്രതിവാദങ്ങൾ കോ-ഓർഡിനേഷൻ കമ്മിററി ചർച്ച ചെയ്തപ്പോൾ ആ നയത്തിലെ ഒരു പാരഗ്രാഫെങ്കിലും തിരുത്തിയോ? നിങ്ങൾ ഒപ്പിട്ടിട്ടുള്ള............

<u>ശ്രീ. ടി. വി. തോമസ്</u>: മറുപടി പിന്നെ പറഞ്ഞുകൊള്ളാം. ആർഡറിൽ ഒപ്പിട്ടയാൾ പിന്നീടു വിമർശിക്കുന്നതു ഞാനും കേട്ടിട്ടുണ്ട്.

<u>ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്</u>: ഇങ്ങനെ അഖിലേൻഡ്യാ പാർട്ടി നേതൃത്വങ്ങൾ അഭിപ്രായങ്ങൾ പറയുക, വിമർശിക്കുക, ആ അഭിപ്രായങ്ങളും വിമർശനങ്ങളും കണക്കിലെടുക്കുക, സ്വീകരിക്കാമോ തള്ളിക്കളയാമോ എന്നുള്ള കാര്യം ചർച്ച ചെയ്യുക—ആ തരത്തിൽ മാത്രമേ ഇതു നടത്താൻ ആകുകയുള്ളു.

വേറെയും പല കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. അതിലേയ്ക്കു കൂടുതൽ കടക്കുന്നില്ല. പക്ഷെ ഒരു കാര്യം പറയാതിരിക്കാൻ നിവൃത്തിയില്ല. ഇന്നലെ ബഹുമാനപ്പെട്ട മന്ത്രിമാർ സംസാരിച്ചപ്പോൾ പലരും ചോദിച്ചു "നിങ്ങൾ എന്തിനിരിക്കുന്നു, രാജിവെച്ചു പൊയ്ക്കൂടേ" എന്ന്, "അവിടെ ഇരിക്കാൻ അധികാരമില്ലല്ലൊ" എന്ന്. ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്]

ശ്രീ. ടി. വി. തോമസ്, തൂങ്ങിച്ചത്തയാളെ കൊല്ലണമോ എന്നും ചോദിച്ചു. മരിച്ചുവെന്ന് ആരു പ്രഖ്യാപിച്ചു? ആരും പ്രഖ്യാപിച്ചില്ല. മരിച്ചെന്നു പ്രഖ്യാപിക്കാൻ ഭയമുണ്ടെങ്കിൽ അതും ഒന്ന് അറിയണമല്ലൊ. മരിച്ചുവെന്നു പ്രഖ്യാപിക്കുക എന്നു പറഞ്ഞാൽ ഈ സഭയിലെ ഭൂരിപക്ഷം മെംബർ മാരെ പ്രതിനിധീകരിക്കുന്ന പാർട്ടികൾ "നിങ്ങളിൽ വിശ്വാസമില്ല" എന്നു പ്രഖ്യാപിക്കുകയാണ്. അത് ഒരു ഡിവിഷൻ വഴിയല്ലേ അറിയേണ്ടത്? അവിശ്വാസപ്രമേയം അവതരിപ്പിക്കാൻ ഞാൻ എന്തോ നിർബന്ധബന്ധി ക്കുന്നു എന്നാണ് നിങ്ങൾ ധരിച്ചിരിക്കുന്നതെന്നു തോന്നുന്നു; എനിക്കു യാതൊരു നിർബന്ധവുമില്ല. എന്തു രൂപത്തിൽ ആയാലും ഇന്ന് ഒരു മോഷൻ അവതരിപ്പിക്കുന്നുണ്ട്. അത് എന്താണെന്നു നേരത്തെ ആൻറിസി പ്പേററു ചെയ്യാൻ പാടില്ല എന്നാണ്. അതുകൊണ്ട് ആ രീതിയിൽ ഞാൻ ഒന്നും പറയുന്നില്ല. ഒരു കാര്യം പറയാം. ഡിവിഷൻ വരികയും ഞാൻ തോൽക്കുകയും ചെയ്താൽ അടുത്ത നിമിഷം ഞാൻ രാജ്ഭവനിൽ പോകു കയും രാജി സമർപ്പിക്കുകയും ചെയ്യും. പക്ഷെ ഒരു കാര്യമുണ്ട്......

ശ്രീ. കെ. എം. ജോർജ്: പിന്നേയും കണ്ടീഷൻ വയ്ക്കുകയാണോ?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: കണ്ടീഷൻ ഇത്രയേ ഉള്ളു. ഏതെല്ലാം പാർട്ടി എവിടെവിടെ നിൽക്കുന്നുവെന്നു വ്യക്തമാകണം. അങ്ങനെ വ്യക്തമാക്കാൻ ഡിവിഷൻ വരണം. ഞങ്ങളോടു രാജിവയ്ക്കണ മെന്നു വാക്കുകൊണ്ടു പറഞ്ഞാൽ പോരാ, വോട്ടു രേഖപ്പെടുത്താൻ തൻേറടം വേണം. ബഹുമാനപ്പെട്ട കരുണാകരൻ മുതൽ ബഹുമാനപ്പെട്ട ദിവാകരൻ വരെയുള്ള എല്ലാ പാർട്ടികളും കൂടി, അവരുടെ എം. എൽ. എ. മാർ എല്ലാ വരും കൂടി എഴുന്നേററു നിന്നിട്ടുള്ള ഡിവിഷൻ എനിക്കെതിരായി വന്നാൽ മതി.

ശ്രീ. ബേബി ജോൺ: ലൂയിസും മൊറൈസും അപ്പുറത്തു വന്നിട്ടു ണ്ടല്ലോ. അവരുടെ സപ്പോർട്ടു കിട്ടുമല്ലൊ.

ശ്രീ. ജെ. കമാലിയാസ് മൊറൈസ്: സർ, ശ്രീ. ബേബി ജോൺ അനാവശ്യമായ ഒരു പ്രസ്താവന ചെയ്തിരിക്കുകയാണ്. മൊറൈസിൻെറ സപ്പോർട്ടുണ്ടെന്നു പറയുന്നത് ആർഡറിലാണോ?

ശ്രീ. ബേബി ജോൺ: അപ്പുറത്തിരിക്കുന്നുവെന്നാണ് പറഞ്ഞത്. സപ്പോർട്ടു ചെയ്യുമെന്നു ഞാൻ പറയുകയല്ല. സപ്പോർട്ടു ചെയ്യുകയി ല്ലെങ്കിൽ വളരെ സന്തോഷം.

ശ്രീമതി കെ. ആർ. ഗൗരി: ശ്രീ. ബേബി ജോണിന് അവിടെ ഇരി ക്കാമെന്നും മൊറൈസിന് ഇരുന്നുകൂടെന്നുമാണോ? ചിലയാളുകൾക്കേ ഇരിക്കാവൂ എന്നുണ്ടോ?

ശ്രീ. ടി. വി. തോമസ്: ശ്രീ. മൊറൈസ് ഗവൺമെൻറിനെ സപ്പോർട്ടു ചെയ്യുകയില്ലെന്നു പറഞ്ഞതിൽ എനിക്കു വളരെ സന്തോഷമുണ്ട്.

മി. സ്പീക്കർ: ആർഡർ, ആർഡർ. ഈ സഭയിലെ ഒരു ബഹുമാന പ്പെട്ട മെംബർ, എന്തെങ്കിലുമൊരു പ്രത്യേക സ്ഥിതി വിശേഷം വരു മ്പോൾ ഏതു നിലപാടു സ്വീകരിക്കുമെന്നതിനെ സംബന്ധിച്ചു ബാക്കിയുള്ള മെംബർമാർ തമ്മിൽ വാദപ്രതിവാദം നടത്തുന്നതു ശരിയല്ല.

LIBRARY ARCHIVES Kerala Legislative Assembly

അത് അദ്ദേഹത്തോടു ചെയ്യുന്ന ഒരു നീതിയായിരിക്കുകയില്ല. അങ്ങനെ ഒരു ബഹുമാനപ്പെട്ട മെംബറെപ്പററി പറയാൻ പാടില്ല. ശ്രീ. മൊറൈസ് ആണെങ്കിൽ ആ സീററിൽ മാററിയിരുത്തിയതിനെപ്പററി അഭിപ്രായ വ്യത്യാസം പ്രകടിപ്പിച്ചുകൊണ്ട് എനിക്ക് എഴുതിത്തന്നിട്ടുമുണ്ട്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഇവിടെ ഇരുന്നാൽ അതിനു കൈയടി, അപ്പുറത്തിരിക്കണമെന്ന് എഴുതികൊടുത്തിട്ടുണ്ടെന്നു പാഞ്ഞാൽ അതിനും കൈയടി;

ശ്രീ. ബേബി ജോൺ: ബഹുമാനപ്പെട്ട മൊറൈസിന് വേദനയുണ്ടാക്കണമെന്നു കരുതി പറഞ്ഞതല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ഇപ്പുറത്തിരിക്കുന്നവർ എവിടെയിരിക്കുന്നു, ഏതു രീതിയിൽ വോട്ടു ചെയ്തേക്കാം എന്നു സൂചിപ്പിച്ചു പറയുന്നതുപോലെ സംസാരിച്ചപ്പോൾ, അപ്പുറത്തിരിക്കുന്നവർ അദ്ദേഹത്തിന്റെ കക്ഷിയാണെന്നു ധരിച്ചു പറഞ്ഞുവെന്നാണ് ഞാൻ വിചാരിച്ചത്. അദ്ദേഹത്തെ വേദനിപ്പിക്കണമെന്നു വിചാരിച്ചു പറഞ്ഞതല്ല. അദ്ദേഹത്തെ വേദനിപ്പിച്ചിട്ടുണ്ടെങ്കിൽ ഞാൻ അതു പിൻവലിക്കുന്നു.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: മുഖ്യമന്ത്രി, കരുണാകരൻ മുതൽ ദിവാകരൻ വരെയുള്ളവർ ഇപ്പുറത്ത് അല്ലാത്തവർ അപ്പുറത്ത് എന്ന് അതിർത്തി തിരിച്ചു പറഞ്ഞതാണ് ഈ കുഴപ്പത്തിനെല്ലാം കാരണം. മുഖ്യമന്ത്രിയോട് ആരു പറഞ്ഞു അതാണ് അതിർത്തി എന്ന്? അബ്ദു സാഹിബ് എന്തു നിലപാടെടുക്കുമെന്നും മററും മുഖ്യമന്ത്രിക്ക് എങ്ങനെയറിയാം ?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: കണ്ണടച്ച് ഇരുട്ടാക്കിയതുകൊണ്ടു കാര്യമില്ല. ന്യായവാദങ്ങൾകൊണ്ട് സത്യം സത്യമല്ലാതെയാകുകയില്ല. ഞാൻ പറയാൻ തുടങ്ങിയത് എന്റെ പാർട്ടിയെപ്പററി മാത്രമാണ്...

ശ്രീ. ടി. വി. തോമസ്: അതിനോടു ഞാൻ പൂർണ്ണമായി യോജിക്കുന്നു. ന്യായവാദങ്ങൾ കൊണ്ട് സത്യം സത്യമല്ലാതെയാകുകയില്ല എന്നു പറഞ്ഞതു ശരിയാണ്.

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: ശ്രീ. ബേബി ജോണിനോടു എനിക്കു പറയാനുള്ളത്, ഈ ഭാഗത്ത് ആരെല്ലാം വോട്ടു ചെയ്യാൻ പോകുന്നുവെന്നു ഞാൻ പറയുകയാണെന്ന് ഊഹിച്ചുകൊണ്ട് പറയുന്നതു ശരിയല്ലെന്നാണ്. ഞാൻ എന്റെ പാർട്ടിയെക്കുറിച്ചാണ് പറയാൻ പോയത്, ആ ഭാഗത്തിരിക്കുന്നവർ എങ്ങനെ വോട്ടുചെയ്യുമെന്നല്ല. അങ്ങനെ......

ശ്രീ. ടി. കെ. ദിവാകരൻ: സർ, പോയിന്റ് ഓഫ് ആർഡർ. സർ, ഇവിടെ നടക്കുന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ, ചർച്ചയുടെ അവസാനം ഒരു പ്രമേയം വരാനിരിക്കുകയാണ്. അവസാനം ഈ സഭയുടെ മുൻപിൽ വരുന്ന പ്രമേയത്തെപ്പററി യാതൊരു രൂപവുമില്ലാതിരിക്കുന്ന അവസരത്തിൽ ആ മോഷന് ആരെല്ലാം വോട്ടു ചെയ്യും എങ്ങനെയെല്ലാം വോട്ടു ചെയ്യും എന്നുള്ളതിനെപ്പററിയും "വോട്ടു ചെയ്താൽ ഞാൻ ഇന്നതു ചെയ്യും" എന്ന മട്ടിലും പറയുന്നത് അനുവദനീയമാണോ ? അതിനെപ്പററി ഒന്നും ആൻറിസിപ്പേററു ചെയ്യാൻ പാടില്ലെന്നല്ലേ വ്യവസ്ഥ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: സർ, റൂളിംഗ് കൊടുക്കുന്നതിനു മുൻപ് എനിക്ക് പറയാനുണ്ട്; പോയിൻറ് ഓഫ് ആർഡറിനെപ്പററി പറയാനുണ്ട്. ഞാൻ ഈ മോഷനെപ്പററിയോ മറേറതെങ്കിലും മോഷനെപ്പററിയോ ഒന്നും ആൻറിസിപ്പേററു ചെയ്യുന്നില്ലെന്നു പറഞ്ഞു കഴിഞ്ഞു. പലരും രാജി വയ്ക്കാൻ എന്നോടാവശ്യപ്പെട്ടു. അതിനു മറുപടി പറയുകയാണു ചെയ്തത്, എനിക്കെതിരായി വോട്ടു ചെയ്യട്ടെ രാജി വയ്ക്കാം.

Shri T. K. Divakaran: He is saying about the motion that may come up. He is canvassing, Sir. Such political intimidation should not be allowed.

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: അല്ല സർ.

Shri K. M. George: Not only political intimidation but also canvassing.

സർ, ഇതു വോട്ടു ക്യാൻവാസ് ചെയ്യലും കൂടിയാണ്. ഇതനുവദിച്ചുകൂടാ സർ.

മി. സ്പീക്കർ: ഈ സഭയുടെ മുൻപിൽ മോഷൻ വരാൻ പോകുന്നതേയുള്ളു. ആ മോഷൻ വരുമ്പോൾ ഇന്നയിന്നയാളുകൾ ഇന്നയിന്ന രീതിയിൽ നിലപാടു സ്വീകരിച്ചേക്കുമെന്ന രീതിയിൽ സംസാരിക്കുന്നതു ശരിയല്ല.

ശ്രീമതി കെ. ആർ. ഗൗരി: സർ, ഈ ഘട്ടത്തിൽ എനിക്ക് ഒരു കാര്യം പറയാനുണ്ട്. ഇതുപോലൊരു സബ്സ്ററാൻറീവ് മോഷൻ വരാൻ പോകുന്നുവെന്ന് ഇന്നലെ നിയമസഭയിൽ ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ പറഞ്ഞിരുന്നതാണ്. അത് എപ്പോൾ അവതരിപ്പിക്കണമെന്നതിനെപ്പററി തർക്കവും വന്നു. ചർച്ചയ്ക്കു മുൻപ് അവതരിപ്പിക്കുകയാണു വേണ്ടതെന്നു ഞാൻ പറഞ്ഞു. അതിനെപ്പററി തർക്കം വന്നു........

(ബഹളം)

ശ്രീ. എം. പി. മുഹമ്മദുജാഫർഖാൻ: ഇന്നലെ ശ്രീ. കെ. കെ. അബു ഒരു മോഷൻ എഴുതിത്തന്നു. അത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയേയും ബഹുമാനപ്പെട്ട റവന്യൂമന്ത്രിയേയും കാണിച്ചു. അതിനുശേഷം ശ്രീ. ടി. എ. മജീദിൻെറ മോഷനും കിട്ടി. ഇപ്പോൾ അവതരിപ്പിക്കേണ്ടയാവശ്യമില്ല, ഡിസ്കഷനുശേഷം അതിൻെറ അവസാനത്തിൽ അവതരിപ്പിക്കാൻ അവകാശമുണ്ടെന്നു റൂളിംഗ് നൽകി. സഭയുടെ മുൻപിൽ മുൻപു റവന്യൂ മിനിസ്ററർ തന്നെ അങ്ങനെ അവതരിപ്പിച്ചിട്ടുണ്ടെന്നു ചൂണ്ടിക്കാണിച്ചുകൊണ്ട് അങ്ങനെ വ്യക്തമായി റൂളിംഗ് നൽകിയതു ശരിയാണ്.

മി. സ്പീക്കർ: അതു ശരിയാണ്.

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: സർ, ഞാൻ മോഷൻ ഇന്നതാണെന്ന് ആൻറിസിപ്പേററു ചെയ്യുകയുണ്ടായില്ല. രാജി വയ്ക്കണമെന്നു പറയുമ്പോൾ അതിനു സാഹചര്യമുണ്ടാക്കുന്ന ഡിവിഷൻ വരണമെന്നാണ് പറഞ്ഞത്. "ഭൂരിപക്ഷം മെമ്പർമാരുടെ പ്രാതിനിധ്യം വഹിച്ചുകൊണ്ട് ഞങ്ങൾ നിങ്ങളോടാവശ്യപ്പെടുന്നു" എന്നു വാക്കുകൾ

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടു പറഞ്ഞാൽ മാത്രം പോരാ എന്നാണു ഞാൻ പറയുന്നത്. മോഷന്റെ കാര്യം ഞാൻ പറഞ്ഞില്ല. എന്തിന്റെ കാര്യത്തിലായാലും ശരി ഡിവിഷൻ വന്നാൽ മതി. അവിശ്വാസപ്രമേയം അവതരിപ്പിക്കാൻ വിഷമമാണെങ്കിൽ.......

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: വിഷമമെന്ന് ആരും പറഞ്ഞിട്ടില്ല; ഒരു വിഷമവുമില്ല.

ശ്രീ. ഇ. അഹമ്മദ്: സർ, പോയിന്റ് ഓഫ് ആർഡർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ''ഞാൻ ആൻറിസിപ്പേററു ചെയ്തല്ല സംസാരിക്കുന്നത്'' എന്ന് ആവർത്തിച്ചു പറഞ്ഞുകൊണ്ട് അതേയവസരത്തിൽ ആൻറിസിപ്പേററു ചെയ്തു സംസാരിക്കുന്നതു ശരിയാണോ ?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: ഞാൻ ആൻറിസിപ്പേററു ചെയ്യുകയാണെന്നു അദ്ദേഹം സ്വപ്നം കാണുകയാണ്.

ശ്രീ. കെ. കരുണാകരൻ: മുഖ്യമന്ത്രിയാണു സ്വപ്നം കാണുന്നത്.

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: ഞാൻ പറയുന്നത് എന്താണെന്നു കേൾക്കാൻ ഇടപെടൽ കൂടാതെ അനുവദിച്ചാൽ കൊള്ളാം. ഞാൻ പറയുന്നത്, ഇവിടത്തെ ഭൂരിപക്ഷം എം. എൽ. എ. മാരുടെ വോട്ട് എനിക്കെതിരാണെങ്കിൽ, വ്യക്തമായിട്ടുള്ള ഒരു ഡിവിഷൻ വന്നാൽ, ഏതു മോഷൻ ആയാലും ശരി, എന്തു കാര്യമായാലും ശരി ഞാൻ പറയുന്നതിനെ എതിർത്തു മോഷൻ പാസ്സാക്കുകയാണെങ്കിൽ, അതു അവിശ്വാസമായി കണക്കാക്കുമെന്നും, ഏതു മോഷന്റെ കാര്യത്തിലും ഡിവിഷൻ വന്നാൽ ഭൂരിപക്ഷം വോട്ടോടുകൂടി അതു പരാജയപ്പെടുകയാണെങ്കിൽ അടുത്ത നിമിഷത്തിൽ രാജി വച്ചു പോകുമെന്നും പറയാനുള്ള അവകാശം എനിക്കുണ്ട്. അതു മാത്രമാണു ഞാൻ പറഞ്ഞത്. അത്തരത്തിൽ ഡിവിഷൻ എടുക്കുന്നതിനു ധൈര്യപ്പെടാതെ, അതിന്റെ പിന്നിൽ എന്തൊക്കെയോ മറിമായങ്ങൾ വച്ചു കൊണ്ടു രാജി വയ്ക്കണമെന്നുള്ള വാദം കൊണ്ടു വന്നാൽ അതിനു തയ്യാറില്ല.

ശ്രീ. കെ. എം. ജോർജ്: ഡിവിഷൻ എടുക്കുന്നതിന് ധൈര്യമില്ലാതെ ആരു ആരെയാണു ഭയപ്പെടുന്നത് ?

ശ്രീ. സി. കെ. ബാലകൃഷ്ണൻ :
,, സി. ബി. സി. വാര്യർ :
,, ഇ. എം. ജോർജ് :
,, എ. വി. ആര്യൻ :
,, കെ. ഐ. രാജൻ :
,, എൻ. പ്രഭാകരത്തണ്ടാർ :
} സർ, പോയിന്റ് ആഫ് ആർഡർ

മി. സ്പീക്കർ: ആർഡർ, ആർഡർ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്, ഏതെങ്കിലും ഒരു മോഷൻ, ഇപ്പോൾ ഇവിടെ വരാൻ പോകുന്ന മോഷനായാലും, നാളെ വരുന്ന മോഷനായാലും അതിനെതിരായിട്ടു വന്നാൽ എന്നു മാത്രമേ പറഞ്ഞിട്ടുള്ളു. മോഷനെ സ്പർശിച്ചു ഒന്നും സംസാരിച്ചില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ദിവാകരൻ: ഏതായാലും അത്തരത്തിൽ സംസാരിച്ചതായി ഞങ്ങൾ കേട്ടതാണ്. ആ ഭാഗം പ്രൊസീഡിംഗ്സിൽനിന്നു എടുത്തു കളഞ്ഞാൽ മതി.

ശ്രീ. എ. വി. ആര്യൻ: അങ്ങനെയാണെങ്കിൽ മറ്റുഭാഗത്തു നിന്നും സംസാരിച്ചിട്ടുള്ളവരുടെ പല ഭാഗങ്ങളും നീക്കം ചെയ്യേണ്ടതായി വരും.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്): ശ്രീ. കെ. എം. ജോർജിന്റെ 'റണ്ണിംഗ് കമന്ററി' എന്ന പ്രയോഗം എടുത്തു കളയേണ്ടതാണ്.

Mr. Speaker: I shall now read the time allotted for each party.

C. P. I. (Marxist) 150 minutes; S. S. P. 35 minutes; K. T. P. 5 minutes; K. S. P. 5 minutes; C. P. I. 80 minutes; Muslim League 65 minutes; I. S. P. 50 minutes; R. S. P. 35 minutes, Kerala Congress 30 minutes; Congress 50 minutes; Independent 15 minutes. Reply by the Chief Minister 40 minutes.

Shri T. A. Majid: I move that the statement of the Chief Minister on the 17th October 1969, made on the floor of the House regarding action to be taken against Ministers against whom allegations or corruptions were made be discussed.

സർ, ഐക്യമുന്നണിയിലെ ഘടകകക്ഷികളായ ഞങ്ങൾ 14-ാം തീയതി ചില നിർദ്ദേശങ്ങൾ മുഖ്യമന്ത്രിക്കു സമർപ്പിക്കുകയുണ്ടായി. മൂന്നു കാര്യങ്ങളാണ് മുഖ്യമായി ഞങ്ങളുടെ നിർദ്ദേശങ്ങളിൽ ഉന്നയിച്ചിരുന്നത്. ഒന്നാമത്, ശ്രീ. വെല്ലിംഗ്ടനെതിരായി ഉന്നയിക്കപ്പെട്ട അഴിമതി ആരോപണങ്ങളെപ്പററി, കമ്മിഷൻ ആഫ് എൻക്വയറീസു ആക്ററു അനുസരിച്ച് 18-ാം തീയതിക്കകം അന്വേഷണം നടത്താൻ നിയമസഭ പാസ്സാക്കിയ പ്രമേയം ഉടനടി നടപ്പാക്കണമെന്നുള്ളതാണ്.

രണ്ടാമത്തെ നിർദ്ദേശം ഞങ്ങൾ ഉന്നയിച്ചത്, മററു മന്ത്രിമാർക്കെതിരായി ഉണ്ടായിട്ടുള്ള ആരോപണങ്ങൾ എങ്ങനെ കൈകാര്യം ചെയ്യണമെന്നുള്ള കാര്യം ഘടകകക്ഷികൾ യോജിച്ചിരുന്ന് തീരുമാനിക്കുക, അതിന്റെ അടിസ്ഥാനത്തിൽ നടപടി നടത്തുക എന്നുള്ളതായിരുന്നു.

മൂന്നാമത്തെ നിർദ്ദേശം, ഐക്യമുന്നണിയുടെ നയപ്രഖ്യാപനത്തിനു വിരുദ്ധമായി കാര്യങ്ങൾ നീങ്ങുന്നതിനെ തടയുന്നതിനായി ശാന്തമായും കൂടിയാലോചനകൾവഴിയും ഘടക കക്ഷികൾ ഉടനടി ചർച്ചചെയ്തു വേണ്ട നടപടികൾ ആവിഷ്ക്കരിക്കുകയും ഐക്യമുന്നണിഭരണം തെററായി നീങ്ങുന്നതിനെ പിടിച്ചുനിറുത്തി, നേരായമാർഗ്ഗത്തിൽ നയിക്കാൻ എന്തെങ്കിലും വഴിയുണ്ടോ എന്നു പരിശോധിക്കുകയും ചെയ്യണമെന്നുള്ളതാണ്. മുഖ്യമായി ഈ മൂന്നാവശ്യങ്ങളാണു ഞങ്ങൾ ഉന്നയിച്ചിരുന്നത്. തകർന്നുകൊണ്ടിരിക്കുന്ന ഐക്യമുന്നണിയുടെ തകർച്ച ഒഴിവാക്കാനും, തകർച്ചയിൽനിന്ന് ഐക്യമുന്നണിയെ രക്ഷിക്കാനും അങ്ങനെ ഭരണം നേരെ ചൊവ്വെയാക്കാനുമുള്ള നിർദ്ദേശങ്ങളായിരുന്നു ഞങ്ങൾ ഉന്നയിച്ചിരുന്നത്. ഞങ്ങൾ ഉന്നയിച്ചിരുന്ന പ്രശ്നങ്ങളെപ്പററി ഒരു ചർച്ചപോലും നടത്താതെ, ഒരു ചർച്ചക്കുള്ള സന്ദർഭംപോലും നൽകാതെയാണ് മുഖ്യമന്ത്രി 17-ാം തീയതി നിയമസഭയിൽ വന്ന്, ഒരു പ്രഖ്യാപനം നടത്തിയത്. ഞങ്ങളുടെ ആ നിർദ്ദേശങ്ങൾ ഭീഷണിയും അന്ത്യശാസനവുമാണെന്നു

LIBRARY ARCHIVES Kerala Legislative Assembly

ചിത്രീകരിക്കുകയാണദ്ദേഹം ചെയ്തത്. സർ, ന്യായമായ ചില നിർദ്ദേശങ്ങൾ ഉന്നയിച്ചാൽ അന്ത്യശാസനമെന്നു പറഞ്ഞു നിരസിക്കുന്നത് വെറും കുതന്ത്രമല്ലാതെ മറ്റെന്താണ്? രാജിവച്ച മന്ത്രിമാർക്കു ബഹുമാനപ്പെട്ട മുഖ്യമന്ത്രി അയച്ച കത്തു് അദ്ദേഹം ഒന്നുകൂടി വായിച്ചുനോക്കണമെന്നു ഞാൻ ആവശ്യപ്പെടുകയാണ്. അതിൽ അദ്ദേഹം ചോദിക്കുന്നുണ്ട്; ഈ ഘട്ടത്തിലും ഐക്യമുന്നണിയിലെ തകർച്ച ഒഴിവാക്കാൻവേണ്ടി നമുക്കു കൂടിയാലോചന നടത്തിക്കൂടെ എന്ന്. ആ കത്തിലെ അഭ്യർത്ഥന മുഖ്യമന്ത്രി മറന്നുപോയോ എന്നു ഞാൻ ചോദിക്കുന്നു, കൂടിയാലോചനയെപ്പറ്റിയുള്ള ഈ ഭൂതോദയം അദ്ദേഹത്തിന് എപ്പോൾ ഉണ്ടായി ? ഇവിടെ വന്ന് ഐക്യമുന്നണിയുടെ മരണവാറണ്ട് വായിക്കുന്നതിനുമുൻപ് ഞങ്ങളോടു എന്തുകൊണ്ടു സംസാരിക്കാനും ആലോചിക്കാനും മുഖ്യമന്ത്രി തയ്യാറായില്ല ? സർ, ഐക്യമുന്നണിയെ തകർക്കാനും, ഐക്യമുന്നണി ഗവൺമെൻറിനെ പൊളിക്കാനും മുഖ്യമന്ത്രിയും അപ്പുറത്തിരിക്കുന്നവരും ശ്രമിച്ചുതുടങ്ങിയതു ഇപ്പോൾമാത്രമല്ല, ഈ കൂട്ടുകക്ഷിഭരണം അധികാരം ഏറ്റെടുത്തനിമിഷം മുതൽതന്നെ മററു ഘടകകക്ഷികളെ തകർത്തു തരിപ്പണമാക്കാനും, ആക്ഷേപിക്കാനും, ജനതാമദ്ധ്യത്തു അവരെ താറടിച്ചു കാണിക്കാനുമാണ് ഇവർ പരിശ്രമം നടത്തിയിട്ടുള്ളത്, മുഖ്യമന്ത്രിക്കും അപ്പുറത്തിരിക്കുന്ന അദ്ദേഹത്തിൻെറ പാർട്ടിക്കും ആ വസ്തുത നിഷേധിക്കാൻ സാധ്യമല്ല. ഒട്ടേറെ ഉദാഹരണങ്ങൾ എടുത്തുപറയാനുണ്ട്, സമയച്ചുരുക്കംകൊണ്ട് ഞാൻ അതിനൊരുങ്ങുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു നിമിഷം പോലും ഐക്യമുന്നണിയുടെ നേതാവായി പ്രവർത്തിച്ചിട്ടില്ല, ചിന്തിച്ചിട്ടില്ല എന്ന ആരോപണം ഞാൻ ഉന്നയിക്കുകയാണ്. അദ്ദേഹം ഏതു സമയത്തും, ഏതു നിമിഷത്തിലും സ്വന്തം പാർട്ടിയുടെ നേതാവെന്ന നിലയിലല്ലാതെ ഐക്യമുന്നണിയുടെ നേതാവായിട്ടു പ്രവർത്തിച്ചിട്ടില്ല; ചിന്തിച്ചിട്ടില്ല; പെരുമാറിയിട്ടില്ല. അതിൻെറ ഫലമായിട്ടാണ്, മററു പാർട്ടികളെ അവഗണിച്ചതിൻെറ ഫലമായിട്ടാണ് ഐക്യമുന്നണി ഇന്നു തകർച്ചയിലായതെന്നുള്ള വസ്തുത മുഖ്യമന്ത്രിക്കും അദ്ദേഹത്തിൻെറ പാർട്ടിക്കും നിഷേധിക്കാൻ സാധ്യമല്ല. മറിച്ചു പറഞ്ഞാൽ ഈ രാജ്യത്തെ ജനങ്ങൾ അതു വിശ്വസിക്കുകയില്ല. ഞാൻ സൂചിപ്പിക്കുന്നത്, അപ്പുറത്തിരിക്കുന്നവർ നടപ്പാക്കിയ രാഷ്ട്രീയ ചിന്താഗതിയുടെ ഫലമായിട്ടാണ് ഐക്യമുന്നണി തകർന്നിരിക്കുന്നതെന്നാണ്. ഈ കാര്യം തറപ്പിച്ചുപറയാൻ ഞാനാഗ്രഹിക്കുന്നു. ഘടക പാർട്ടികളെ തേജോവധം ചെയ്തു ഒററയ്ക്കു മുന്നേറാനുള്ള വ്യാമോഹമായിരുന്നു തെററായ ഈ ചിന്താഗതിയുടെ പിറകിൽ ഉണ്ടായിരുന്നതെന്നു ഞങ്ങൾക്കറിയാം. ഘടകകക്ഷികളുടെ നേരെ ഒളിയമ്പു പ്രയോഗിക്കാൻ മുഖ്യമന്ത്രിയും അദ്ദേഹത്തിൻെറ പാർട്ടിയും ആദ്യകാലം മുതൽ ശ്രമം നടത്തിക്കൊണ്ടിരുന്നു. അവസാനഘട്ടത്തിൽ അദ്ദേഹം പരസ്യമായിത്തന്നെ അമ്പെയ്തിരിക്കുന്നു. മാർക്സിസ്ററു പാർട്ടിയുടെ സ്വേച്ഛാഭരണംമൂലം മററുപാർട്ടികൾ ഇന്നു ഐക്യമുന്നണിയിൽനിന്ന് വലിച്ചെറിയപ്പെട്ടിരിക്കുന്നു. അവരുടെ സ്വേച്ഛാഭരണം അഴിമതി ഭരണമായി മാററിയിരിക്കുന്നു. അഴിമതിയെ സംബന്ധിച്ച മുഖ്യമന്ത്രിയുടെ ഭാഷ്യം ഇന്നും നാം കേട്ടു, അഴിമതിയാരോപണത്തെപ്പററി അന്വേഷിക്കാൻ ഹൈക്കോടതി ജഡ്ജിയാകാൻ അർഹതയുള്ള ആളെ അംഗീകരിക്കുവാൻ അദ്ദേഹം തയ്യാറാണത്രേ! അന്വേഷണം നടത്താൻ നിയമസഭാ കമ്മിററിയെ നിയോഗിക്കാമെന്ന് കോ ഓർഡിനേഷൻ കമ്മിററിയിൽ മുഖ്യമന്ത്രി സമ്മതിച്ചിരുന്നതാണ്. അവസാനം പതിവുപോലെ ആ വാഗ്ദാനത്തിൽനിന്നും അദ്ദേഹം പിൻമാറി. നിയമസഭാ കമ്മിററിയെ എന്തിന്

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. എ. മജീദ്]

ഭയപ്പെടണം? റിട്ടയാർഡു ഹൈക്കോടതി ജഡ്ജിയെ, അല്ലെങ്കിൽ ഹൈക്കോടതി ജഡ്ജിയെ എന്തിനു ഭയപ്പെടണം? ഹൈക്കോടതി ജഡ്ജിയാകാൻ യോഗ്യതയുള്ള ആളെ അംഗീകരിക്കാമെന്നു പറയുന്നതിൽ എന്തു ന്യായീകരണമാണെന്നു മനസ്സിലാകുന്നില്ല. ജഡ്ജിയായിപ്പോയാൽ അയാളുടെ യോഗ്യതകൾ നഷ്ടപ്പെട്ടുപോകുമോ? ഹൈക്കോടതി ജഡ്ജിയായാൽ ബൂർഷ്വാ ആയിപ്പോകുമെന്നാണ് മുഖ്യമന്ത്രി പറയുന്നതെങ്കിൽ, ശ്രീ. പി. കെ. കുഞ്ഞിന്റെ അന്വേഷണത്തിനു റിട്ടയാർഡു ഹൈക്കോടതി ജഡ്ജിയെ നിയമിച്ചപ്പോൾ ഈ ബൂർഷ്വാചിന്ത എവിടെ പോയിരുന്നു? ഇത്തരം ചെപ്പടിവിദ്യകൾ മതിയാക്കണമെന്നാണ് എനിക്കു പറയാനുള്ളത്.

സർ, മാർക്സിസ്റ്റുപാർട്ടി മന്ത്രിമാർ ഭൂ വിതരണത്തിന്റെ കാര്യത്തിലായാലും, പോലീസു ഭരണത്തിന്റെ കാര്യമായാലും, മറ്റേതു രംഗത്തായാലും വിഭാഗീയ ചിന്താഗതിയോടുകൂടി, ഘടകകക്ഷികളെ അകററി നിറുത്തിക്കൊണ്ട് സ്വേച്ഛാഭരണം നടത്താനാണ് ശ്രമിച്ചിട്ടുള്ളത്. അതിന് ഒട്ടേറെ തെളിവുകൾ ഞങ്ങൾക്കു അനുഭവപ്പെട്ടിട്ടുണ്ട്, അതിന്റെ ഫലമായി ഐക്യമുന്നണിയുടേയും, ഐക്യമുന്നണി ഗവൺമെന്റിന്റെയും പ്രവർത്തനത്തെപ്പററി തെററായ ധാരണ ജനതാമദ്ധ്യത്തു പരത്താൻമാത്രമേ അവർക്കു കഴിഞ്ഞിട്ടുള്ളു. തെററു ചെയ്തിട്ട് ഘടകകക്ഷികളെ കുററപ്പെടുത്താനാണവർ ശ്രമിച്ചിട്ടുള്ളത്. അതിനുവേണ്ടിയായിരുന്നു മുഖ്യമന്ത്രിയുടെയും പാർട്ടിയുടെയും പരിശ്രമം ആദ്യംകാലമുതൽക്കുതന്നെ. ഐക്യമുന്നണിക്കും, ഗവൺമെന്റിനും ഏതെങ്കിലും കോട്ടം ഇന്നുതട്ടിയിട്ടുണ്ടെങ്കിൽ അതിന്റെ മുഴുവൻ ഉത്തരവാദിത്വവും ശ്രീ. ശങ്കരൻ നമ്പൂതിരിപ്പാടിനും അദ്ദേഹത്തിന്റെ പാർട്ടിക്കുമാണെന്നുള്ളത് അദ്ദേഹത്തിനു നിഷേധിക്കാൻ കഴിയുമോ?

സർ, അഴിമതി നിവാരണത്തെ സംബന്ധിച്ചിടത്തോളം ഇവിടെ ആദ്യകാലത്തു പലതും പറഞ്ഞു. അഴിമതി നിർമ്മാർജ്ജനത്തിന്റെ പേരിൽ ഇപ്പോൾ അഴിമതിയുടെ ഖഡ്ഗം ഉപയോഗിച്ചു ഘടകകക്ഷികളെ നിർമ്മാർജനം ചെയ്യാൻ കരുതിക്കൂട്ടിയുള്ള ഒരു നീക്കമാണുണ്ടായിട്ടുള്ളത്. ആദ്യം മൂന്നു മന്ത്രിമാരുടെ പേരിൽ ആരോപണം ഉണ്ടായി. ശ്രീ. പി.കെ. കുഞ്ഞ്, ശ്രീ. ബി. വെല്ലിംഗ്ടൺ, ശ്രീ. എം. കെ. കൃഷ്ണൻ എന്നീ മൂന്നു മന്ത്രിമാരുടെ പേരിലുണ്ടായ ആരോപണങ്ങളിൽ, ശ്രീ. പി. കെ. കുഞ്ഞിന്റെ പേരിലുള്ള ആരോപണത്തിനാണ് തൂക്കം കൂടുതലെന്നു മുഖ്യമന്ത്രി കണ്ടുപിടിക്കുകയും, സ്വന്തം പാർട്ടിയിലെ ശ്രീ. എം. കെ. കൃഷ്ണന്റെ പേരിൽ കൊണ്ടുവന്ന ആരോപണത്തിനു ശരിയായ തൂക്കം ഇല്ലെന്നും, പാർശ്വവർത്തിയായ ശ്രീ. വെല്ലിംഗ്ടന്റെ മേലുന്നയിക്കപ്പെട്ട ആരോപണത്തിനു തൂക്കം കുറവായിരുന്നെന്നും അദ്ദേഹം വിധിയെഴുതുകയുമുണ്ടായി. അതിനുശേഷം ആരോടും ആലോചിക്കാതെ, ഘടകകക്ഷിയിൽ പെട്ട ശ്രീ. പി. കെ. കുഞ്ഞിന്റെ പേരിലുണ്ടായ ആരോപണങ്ങളെപ്പററി അന്വേഷണം നടത്താൻ ഒരു റിട്ടയാർഡു ജഡ്ജിയെ നിയമിക്കുകയാണ് ചെയ്തത്. ഇതുകൊണ്ടാണ് സർ, മുഖ്യമന്ത്രി തികഞ്ഞ വിവേചനം, പക്ഷപാതം കാണിച്ചുവെന്നു ഞങ്ങൾ കുററപ്പെടുത്തുന്നത്.

ഒടുവിൽ സർവ്വശ്രീ എം. എൻ. ഗോവിന്ദൻ നായരുടെയും, ടി. വി. തോമസിന്റെയും, പി. ആർ. കുറുപ്പിന്റെയും പേരിൽ ആരോപണമുണ്ടായി. ആരാണു സർ ആരോപണം ഉന്നയിച്ചത്? ഞാൻ പറയുന്നു ശ്രീ.ഇ.എം.എസ്, തന്നെയാണ് ആരോപണം ഉന്നയിച്ചതെന്ന്. ഇ.എം.എസ് എന്നു പറയുമ്പോൾ ഞാൻ ഉദ്ദേശിക്കുന്നത് അദ്ദേഹത്തിന്റെ പാർട്ടിയും

LIBRARY ARCHIVES Kerala Legislative Assembly

പാർട്ടിയിലെ എം.എൽ.എ. മാരുമാണെന്നാണ്. അദ്ദേഹത്തിന്റെ പാർട്ടിയുടെ സ്റേററു കമ്മിററി കൂടിയിട്ട് അനുയായികളോടു പറഞ്ഞു; മുന്നണിയിലെ മററു ഘടകകക്ഷിയിൽപെട്ട മന്ത്രിമാർക്കെതിരായി അഴിമതി ആരോപണങ്ങരം ശേഖരിച്ചുകൊണ്ടുവരാൻ. അതിന്റെ അടിസ്ഥാനത്തിൽ നാലു മാർക്സിസ്ററു എം. എൽ. എ. മാർ ശ്രീ. എം. കെ. കൃഷ്ണന്റെ പക്കൽ അഴിമതി ആരോപണത്തെ സംബന്ധിച്ച പരാതി സമർപ്പിച്ചു. മാർക്സിസ്ററു മുഖ്യമന്ത്രി അതു പരിശോധിച്ചു; മാർക്സിസ്ററു പാർട്ടി പോളിററ് ബ്യൂറോ അതിൻമേൽ നടപടിയെടുക്കാൻ കൽപിച്ചു, മുഖ്യമന്ത്രി അതുനടപ്പിലാക്കി. ആരോപണംഉണ്ടാക്കിയയാളും അതിൻമേൽ വിധിനടത്തിയ ജഡ്ജിയും ഒരാളായിവന്ന വിചിത്രമായ ഒരു പ്രതിഭാസമാണ് ഇതിൽ കാണാൻ കഴിഞ്ഞത്.

സർ, മുഖ്യമന്ത്രിപറയുന്നു, ആരോപണങ്ങരം ശരിയായി പരിശോധിച്ചിട്ടില്ല, അതിന്റെ തൂക്കം നോക്കിയിട്ടില്ല എന്ന്. സ്വന്തം ആളുകരം കൊണ്ടുവരുന്ന ആരോപണങ്ങരം പരിശോധിക്കാതെ അന്വേഷണം നടത്തുക, മററാരെങ്കിലും കൊണ്ടുവന്നാൽ അന്വേഷണം നടത്താതിരിക്കുക; സ്വന്തം പാർട്ടിയിലെ മന്ത്രിമാരുടെ പേരിൽ ഗുരുതരമായ ആരോപണം വന്നാലും അന്വേഷണയുത്തരവു പുറപ്പെടുവിക്കാതിരിക്കുക ഇതിന്റെ പേരാണ് സർ, പക്ഷപാതം; വിവേചനം; മനസ്സാക്ഷിയില്ലായ്മ. ഇതാണ് ഏററവും വലിയ അഴിമതി. മാർക്സിസ്ററുപാർട്ടി മന്ത്രിമാരുടെ പേരിലുള്ള ആരോപണങ്ങളെപ്പററി കേരംക്കാൻ കഴിയാത്തവണ്ണം മുഖ്യമന്ത്രിക്കു ബാധിര്യം പിടിപെട്ടുപോയിരിക്കുകയാണ്.

സർ, നമ്മുടെ 'ക്ലീൻമന്ത്രി' ശ്രീ. ഇമ്പിച്ചിബാവയെ സീററിൽ കാണുന്നില്ല. അദ്ദേഹത്തെപററി കേരംക്കുന്ന ആരോപണങ്ങരം, ട്രാൻസ്പോർട്ടു കോർപ്പറേഷനിലെ നിയമനങ്ങളെസംബന്ധിച്ചും മററും പറഞ്ഞുകേരംക്കുന്ന ഗുരുതരമായ ആരോപണങ്ങരം ഇന്ന് അങ്ങാടിപ്പാട്ടാണ്. അതിൽ ചിലതെല്ലാം അദ്ദേഹം തന്നെ സമ്മതിച്ചിട്ടുള്ളതുമാണ്. അതുപോലെ തന്നെ റവന്യൂമന്ത്രിയെപ്പററിയും വനംവകുപ്പു മന്ത്രിയെപ്പററിയും എന്തിന് മുഖ്യമന്ത്രിയെപ്പററിയും ഒട്ടേറെ ആരോപണങ്ങരം ഉണ്ടായിട്ടുണ്ട്. അഴിമതി നടത്തുന്നതിൽ അവർ തമ്മിൽ ഒരു സോഷ്യലിസ്ററു മൽസരംതന്നെ നടക്കുകയാണ്, മഹാകവി കാളിദാസൻ കുമാരസംഭവത്തിൽ,

'മാൻപേടയോടു ഗിരികന്യകയഭ്യസിച്ചോ
മാൻപേടതന്നെ ഗിരികന്യയൊടഭ്യസിച്ചോ?'

എന്നു പറഞ്ഞിട്ടുള്ളതുപോലെ, അഴിമതി ശ്രീ. ഇമ്പിച്ചിബാവയോടു ശ്രീമതി ഗൗരിയമ്മ അഭ്യസിച്ചതാണോ, ഇമ്പിച്ചിബാവ തന്നെ ഗൗരിയമ്മയോടഭ്യസിച്ചതാണോ എന്നാണ് സംശയം.

ശ്രീമതി കെ. ആർ. ഗൗരി: ഞാൻ സാധാരണ ഒരിടത്തേ അഭ്യസിച്ചിട്ടുള്ളൂ; ബാക്കിയെങ്ങും പോകാറില്ല.

ഡെപ്യൂട്ടി സ്പീക്കർ: ആർഡർ, ആർഡർ. ആ ഭാഗത്തേക്കു കടക്കേണ്ടാ.

ശ്രീ. ടി. എ. മജീദ്: സർ, ആരോപണങ്ങരം ഉന്നയിക്കുന്ന തൊഴിൽഞങ്ങരം ഇതുവരെ സ്വീകരിച്ചിട്ടില്ല. ആദ്യമായി വെല്ലിംഗ്ടനെതിരായി ആരോപണം ഉന്നയിച്ചത് മുഖ്യമന്ത്രിയുടെ ദേശാഭിമാനിപ്പത്രമാണ്. ഒരു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. എ. മജീദ്]

മരുന്നു കമ്പനിയിൽനിന്നും അൻപതിനായിരം രൂപ കൈക്കൂലി വാങ്ങി അഴിമതി നടത്തിയെന്നു ദേശാഭിമാനി പറഞ്ഞിട്ടുണ്ട്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: ആ ആരോപണം ഇന്നുവരെ പിൻവലിച്ചിട്ടില്ല എന്നറിയാമോ ?

ശ്രീ. ടി. എ. മജീദ്: അറിയാം. ട്രാൻസ്പോർട്ടു നിയമനങ്ങളെപ്പററി ഈ നിയമസഭയിൽ പല പ്രാവശ്യവും ഉന്നയിച്ചിട്ടുണ്ട്. അപേക്ഷയില്ലാതെ ഒട്ടേറെ നിയമനങ്ങൾ നടത്തിയിരിക്കുകയാണ്. 48,000 യുവതികളും യുവാക്കൻമാരും ക്ലാർക്കൻമാരായും ഡ്രൈവർമാരായും കണ്ടക്ടറൻമാരായും ഉള്ള നിയമനങ്ങൾക്കുവേണ്ടി അപേക്ഷ കൊടുത്തിട്ടുണ്ട്. പത്തു രൂപ കടം വാങ്ങിച്ച് അമ്മയുടെ കെട്ടുതാലി പണയം വച്ച് തിരുവനന്തപുരം വരെ വരുന്നതിനുള്ള ചെലവും ചെയ്ത് അപേക്ഷ കൊടുത്തവരാണവർ. ഈ അപേക്ഷകൾ വാങ്ങിച്ചിട്ടു എന്താണ് ശ്രീ. ഇമ്പിച്ചിബാവയും കൂട്ടരും ചെയ്തത്. വളരെ ഗുരുതരമായി ഈ പ്രശ്നം ഈ സഭയും ഈ നാട്ടിലെ ജനങ്ങളും ചർച്ചചെയ്യേണ്ടതാണ്. ഇൻറർവ്യൂ നടത്താതെയും പരീക്ഷ നടത്താതെയും സ്വന്തക്കാരെ നിയമിക്കുക എന്ന, പ്രൈവററു കമ്പനികൾ പോലും ചെയ്യാത്ത ജുഗുപ്സാവഹമായ നടപടിയല്ലേ ട്രാൻസ്പോർട്ടിൽ നടന്നിരിക്കുന്നത്? മുഖ്യമന്ത്രി ഇതു അറിഞ്ഞില്ല എന്നാണോ ഞങ്ങൾ വിചാരിക്കേണ്ടത്? അതു മാത്രമാണോ? മിനിഞ്ഞാന്നു രാത്രി സ്പെഷ്യൽ സ്ററാഫിനെ വച്ച് നിയമനം നടത്തിയിരിക്കുകയാണ് ഈ 'ക്ലീൻ മന്ത്രി'. ഇങ്ങനെ നിയമനം നടത്തുന്നതിൽ ഭാഗ്യവശാൽ ശ്രീ. ഇമ്പിച്ചിബാവയുടെ ബൻധുക്കൾക്കും നിയമനം കിട്ടുന്നുണ്ട്. ഒരു വീട്ടിലെ അഞ്ചുപേർക്കു അദ്ദേഹത്തിൻെറ കാരുണ്യം കൊണ്ട് നിയമനം കിട്ടിയിട്ടുണ്ട്.

ശ്രീ. കെ. എം. ജോർജ് : അത് സ്പീഡസ്ററു ആയിട്ടു ചെയ്യാൻ വേണ്ടിയല്ലേ ?

ശ്രീ. ടി. എ. മജീദ് : 243 പേരെ അപേക്ഷയില്ലാതെ നോട്ടീസ് കൂടാതെ നിയമിച്ചു എന്നു അദ്ദേഹംതന്നെ പറഞ്ഞിട്ടുള്ളതു എവിടുത്തെ നീതിയാണെന്നു ഞാൻ ചോദിക്കുകയാണ്. ശ്രീ. സി. എച്ച്. കണാരൻെറ മകൾക്കും ശ്രീ. എ. കെ. ഗോപാലൻെറ ബന്ധുക്കൾക്കും ഉദ്യോഗം കിട്ടുന്നതിൽ എനിക്കു പരാതിയില്ല. മാർക്സിസ്ററു പാർട്ടിപ്രവർത്തകരുൾപ്പെടെ പതിനായിരക്കണക്കിനുള്ള ആളുകൾ അപേക്ഷകൊടുത്താൽ അവർക്ക് ബന്ധുത്വം നോക്കാതെ പരിഗണന കിട്ടണം. ഹരിജനങ്ങൾക്കും അർഹമായ പരിഗണന കിട്ടണം. അവർ, ഇൻറർവ്യൂ ഇപ്പോൾ നടക്കും, നിയമനം ഇപ്പോൾ കിട്ടുമെന്നു കാത്തുകാത്തിരിക്കുമ്പോൾ അപേക്ഷയും ഇൻറർവ്യൂവും ഒന്നും കൂടാതെ സി. എച്ച്. കണാരൻേറയും എ. കെ. ജി. യുടേയും ബന്ധുക്കൾക്ക് ഉദ്യോഗം കൊടുക്കുന്നതിലാണ് ആക്ഷേപം. ഇതു ഞങ്ങളുടെമാത്രം വിമർശനമല്ല. ഈ 48,000 യുവാക്കളുടേയും യുവതികളുടേയും അവരുടെ രക്ഷിതാക്കളുടേയും പരാതിയാണ്. ട്രാൻസ്പോർട്ടു ബസ്സുകളുടെ ബോഡി നിർമ്മിക്കുന്നതിനെപ്പററി ഗുരുതരമായ ആരോപണമുണ്ട്. അൻപതു ട്രാൻസ്പോർട്ടു ബസ്സുകൾക്കു ബോഡികൾ നിർമ്മിക്കുന്നതിനുള്ള ഇടപാടുണ്ടായിട്ടുണ്ട്. ടി. വി. എസ്സിനേക്കാൾ ബോഡി ഒന്നിന് 5,000 രൂപാ കുറച്ച് ബോഡി നിർമ്മിച്ചു കൊടുക്കാൻ പി. ഡബ്ളിയു. ഡി. വർക്ക്ഷാപ്പിന് കഴിയും.

LIBRARY ARCHIVES Kerala Legislative Assembly

എന്നാൽ അവർക്ക് കൊടുക്കാതെ അതെല്ലാം ടി. വി. എസ്സിനു കൊടുത്തു. ഈ ഇടപാടുമൂലം രണ്ടരലക്ഷം രൂപാ കാർപ്പറേഷന് അധികച്ചിലവുണ്ടായി. ഈ ഇടപാടിൽ ശ്രീ. രാമമൂർത്തിവഴി എത്ര രൂപ മാർക്സിസ്റ്റു പാർട്ടിക്കു കിട്ടിയിട്ടുണ്ടെന്നു ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒന്നന്വേഷിക്കണം. അതുപോലെതന്നെ ടയർ റീട്രേഡ് ചെയ്യുന്ന കാര്യത്തിൽ കൊട്ടേഷൻ വിളിച്ചു. ഒരു ടയറിൻെറ റീ ട്രേഡിംഗ് 152 രൂപയ്ക്കു ചെയ്തു കൊടുക്കാമെന്നു ഉത്തരവാദിത്വമുള്ള സ്റ്റെറയിൻസ് കമ്പനിക്കാർ സമ്മതിച്ചിരുന്നത് സ്വീകരിക്കാതെ 165 രൂപയ്ക്കു അണ്ണാമല ടയർ റീട്രേഡിംഗ് കമ്പനിക്കു നൽകുകയുണ്ടായി. മോശപ്പെട്ട ജോലിക്കാരാണിവരെന്നും അവരുടെ കമ്പനിയിൽ റീട്രേഡ് ചെയ്ത ടയർ 150 മൈൽ ഓടിയാൽ പൊട്ടിവീഴും, മോശപ്പെട്ടതാണ്, അതുകൊണ്ടു അവിടെ കൊടുക്കരുതെന്നും കാർപ്പറേഷനിലെ സാങ്കേതിക വിദഗ്ദ്ധൻമാർ തടഞ്ഞിട്ടുപോലും ശ്രീ. ഇമ്പിച്ചിബാവയുടെ നിർദ്ദേശം അനുസരിച്ചു ലോവസ്റ്റു കൊട്ടേഷനു കൊടുക്കാതെ ഉയർന്ന കൊട്ടേഷനു കൊടുത്തതായി ആരോപണം വന്നിട്ടുണ്ട്. പതിനായിരക്കണക്കിന് രൂപാ ഈയിനത്തിൽ അധികച്ചിലവായി. ഇതിനെപ്പററി മുഖ്യമന്ത്രി അന്വേഷിക്കുമോ ? സർ, ഭക്ഷ്യധാന്യ വ്യാപാരം മൊത്തക്കച്ചവടക്കാർക്കു നൽകാതെ ഫുഡ് കാർപ്പറേഷനെ ഏൽപിക്കണമെന്നു കോ ഓർഡിനേഷൻ കമ്മററിയിൽ തീരുമാനം എടുത്തിട്ടുള്ളതാണ്. മാസങ്ങൾ പലതായി. ശ്രീ. ഇമ്പിച്ചിബാവ അതു ചെയ്യുകയില്ല. മൊത്തക്കച്ചവടം മാർക്സിസ്റ്റുകാരുടെ കറവപ്പശുവാണ്. മൊത്തക്കച്ചവടം ഏറെറടുത്തില്ല എന്നതോ പോകട്ടെ അതിനുപകരം കരിഞ്ചന്തക്കാരെന്നു കുപ്രസിദ്ധിയാർജ്ജിച്ചിട്ടുള്ള ആളുകൾക്ക് മൊത്തക്കച്ചവടം ഏൽപിച്ചുകൊടുക്കുകയും ചെയ്തു. കളക്ടറൻമാരുടേയോ സപ്ലൈ ഓഫീസറൻമാരുടേയോ തടസ്സം വകവയ്ക്കാതെയാണ് ഈ തീരുമാനം എടുത്തിട്ടുള്ളത്. ഇതേപ്പററി അന്വേഷിക്കുവാൻ മുഖ്യമന്ത്രി തയാറാണോ? ഇങ്ങനെ കരിഞ്ചന്തക്കാരെന്നു കുപ്രസിദ്ധിയുള്ള ആളുകൾക്കു മൊത്തവ്യാപാരം ഏൽപ്പിച്ചുകൊടുത്തതിൽ എന്തു നീതിയാണുള്ളത്? കളക്ടറൻമാരും ഉദ്യോഗസ്ഥൻമാരും ന്യായമായും നീതിയായും ഈ കാര്യങ്ങൾ നടത്തുമെന്നു തോന്നിയിട്ട് അതു പാടില്ല എന്നു കരുതി അവരുടെ അധികാരങ്ങൾ ട്രാൻസ്പോർട്ടു മന്ത്രി കവർന്നെടുത്തതിനുശേഷമാണ് കരിഞ്ചന്തക്കാർക്ക് നേരിട്ട് മൊത്തവ്യാപാരം ഏൽപിച്ചുകൊടുത്തത്.

ശ്രീ. ജോർജ് തോമസ്: ഇത്ര ഭയങ്കര അഴിമതിക്കാരനാണോ ശ്രീ. ഇമ്പിച്ചിബാവ ?

ശ്രീ. ടി. എ. മജീദ്: സർ, മുഖ്യമന്ത്രി ജർമ്മനിയിൽ നിന്നും പറന്നു ഇവിടെ എത്തുന്നതിനു തലേ ദിവസം ശ്രീ. ഇമ്പിച്ചിബാവാ കുത്സിത മാർഗ്ഗം ഉപയോഗിച്ച് ഒരു നിയമനം നടത്തുകയുണ്ടായി. പബ്ളിക്ക് റിലേഷൻസ് ഡിപ്പാർട്ടുമെൻറിൽ റേഡിയോ റൂറൽ ഫോറം ഓർഗനൈസർ എന്നൊരുദ്യോഗമുണ്ട്. രണ്ടരവർഷമായി ഒരാൾ അവിടെ ഇരിക്കുന്നുണ്ട്. കുറെനാൾ മുമ്പ് ദേശാഭിമാനി വീക്കിലിയിൽ ഒരു മാന്യൻ ഒരു ലേഖനം എഴുതിയിരുന്നു. 'ഇമ്പിച്ചിബാവ' എന്ന മനുഷ്യൻ എന്ന പേരിൽ. ഇമ്പിച്ചിബാവ വലിയ ആളാണ്, മൂന്നുചക്ക മുള്ളോടെ വിഴുങ്ങുന്ന ആളാണ്, ലെനിനു തൊട്ടു അടുത്തു ഇരുത്താൻ യോഗ്യതയുള്ള ആളാണെന്നെല്ലാം ലേഖകൻ എഴുതിയിട്ടുണ്ട്. ആ ലേഖനം കണ്ടപ്പോൾ അദ്ദേഹത്തിൻെറ 'പൂതി' യിളകി. തനിക്ക് അനർഹമായ സ്ഥാനം നൽകി ആദരിച്ച ലേഖകനെ ഒന്നു സന്തോഷിപ്പിക്കണമെന്ന് ശ്രീ. ഇമ്പിച്ചിബാവ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. എ. മജീദ്]

തീരുമാനിച്ചു. പത്മനാഭൻ നായർ എന്ന ആ ലേഖകനെ റേഡിയോ റൂറൽ ചീഫ് ഓർഗനൈസർ ആയി കാൺട്രാക്റ്റ് വ്യവസ്ഥയിൽ നിയമിക്കാൻ ശ്രീ. ഇമ്പിച്ചി ബാവാ ഡിപ്പാർട്ടുമെൻറിലേയ്ക്ക് നിർദ്ദേശം അയച്ചു. ഇൻഫർമേഷൻ ഡയറക്ടരും പബ്ലിക് ഡിപ്പാർട്ടുമെൻറും അതിനെ എതിർത്തുകൊണ്ട് എഴുതി. ഇതൊരു പ്രമോഷൻ പോസ്റ്റാണെന്നും അതുകൊണ്ടു ഡയറക്ടായിട്ടുള്ള നിയമനം പാടില്ല എന്നും അവർ തടസ്സവാദം ഉന്നയിച്ചു. പോരെങ്കിൽ ആ ഉദ്യോഗത്തിൽ ഒരാരം ഇപ്പോരംതന്നെയുണ്ട്. ആ നിലയ്ക്ക് പുതിയ ഒരു നിയമനം ആവശ്യമില്ല. പബ്ലിക് സർവീസ് കമ്മീഷനും ഈ നിയമനം പാടില്ലെന്നു പറഞ്ഞു. ആശ്രിതവത്സലനായ ഇമ്പിച്ചിബാവയുണ്ടോ ഇതെല്ലാം കേരംക്കുന്നു. നിയമിക്കാൻതന്നെ അദ്ദേഹം ആജ്ഞാപിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ജർമ്മനിയിൽ നിന്നും മടക്കയാത്ര ആരംഭിച്ചശേഷം നടത്തിയ ഈ നിയമനത്തെപ്പററിയും അതിൽ (Impropriety) നടപടിദൂഷ്യം ഉണ്ടോ എന്ന കാര്യത്തെപ്പററിയും മുഖ്യമന്ത്രി അന്വേഷിക്കുമോ ? ഈ നിയമനക്കാര്യത്തിൽ കാണിച്ച അവിശുദ്ധമായ ധൃതിയും സ്വജനപക്ഷപാതവും അന്വേഷണ വിധേയമാക്കുമോ ? ഇതുപോലെ ഒട്ടേറെ ഉദാഹരണങ്ങരം എനിക്കു പറയാൻ കഴിയും. സമയച്ചുരുക്കം കൊണ്ട് ഈ ക്ലീൻ മന്ത്രിയെ തൽക്കാലം ഞാൻ വിടുന്നു.

സർ, ബഹുമാനപ്പെട്ട റെവന്യൂ മന്ത്രിയാണെങ്കിൽ രണ്ടരക്കോടിരൂപ കള്ളുഷാപ്പു ലേലംവഴി കിട്ടാനുള്ളതു നഷ്ടപ്പെടുത്തി നെഗോഷ്യേററു ചെയ്തു കൊടുത്തു കള്ളുഷാപ്പു കൺട്രാക്ററൻമാരെ തുണച്ചിട്ടുണ്ട്. ഇതിൽ എത്ര രൂപാ മാർക്സിസ്ററ് പാർട്ടിക്ക് ലഭിച്ചിട്ടുണ്ടെന്നു മുഖ്യമന്ത്രി ഒന്നു പരിശോധിച്ചുനോക്കേണ്ടതാണ്. ഭൂമി പതിവിൽ റവന്യൂമന്ത്രി കുററകരമായ അനീതി കാണിച്ചിട്ടുണ്ട്. ഗവൺമെൻറു വക ഭൂമി മാർക്സിസ്ററു പാർട്ടിയിൽപെട്ടവർക്കും മന്ത്രിയുടെ ബന്ധുക്കാർക്കും കുടുംബസ്വത്തുപോലെ വീതിച്ചു കൊടുത്തിട്ടുണ്ട്. അർഹതയില്ലാത്തവർക്ക് ഭൂമികൊടുത്തിട്ടുണ്ട്. ചട്ടങ്ങരംക്കെതിരായി ഭൂമി പതിച്ചുകൊടുത്തിട്ടുണ്ട്. ഇക്കാര്യത്തിൽ റവന്യൂമന്ത്രി കാണിച്ച നിയമരാഹിത്യവും സ്വജനപക്ഷപാതവും അന്വേഷണ വിധേയമാക്കുമോ ? ശ്രീമതി കെ. ആർ. ഗൗരി കാണിച്ച മറെറാരു അഴിമതി ഞാൻ പറയാം. പബ്ലിക്സർവീസ് കമ്മീഷൻ സെലക്ട് ചെയ്യാത്ത 27 വില്ലേജ് അസിസ്ററൻറൻമാർ ഇപ്പോരം ജോലിയിലിരിക്കുന്നു. പബ്ലിക്സർവീസ് കമ്മീഷൻ വില്ലേജ് അസിസ്ററൻറൻമാരെ തെരഞ്ഞെടുത്തു നിറുത്തിയിരിക്കുകയാണ്. അവർ ജോലി കിട്ടാതെ വഴിനീളെ അലഞ്ഞു നടക്കുന്നു. ഈ സാഹചര്യത്തിൽ ഇവരെ നിയമിക്കാതെ പുറമെയുള്ളവരെ ശ്രീമതി ഗൗരി അവിടെ ഇരുത്തിയിരിക്കുന്നത് എന്ത് അടിസ്ഥാനത്തിലാണ്. വില്ലേജ് അസിസ്ററൻറൻമാരെ നിയമിക്കുന്നതിനു ചില ചട്ടങ്ങളെല്ലാം ഉണ്ട്. പബ്ലിക്സർവീസ് കമ്മീഷൻ സെലക്ട്ചെയ്തവരെ മാത്രമേ നിയമിക്കാവൂ. പുറമെയുള്ളവർക്ക് ചട്ടപ്രകാരമല്ലാതെ ജോലികൊടുക്കാൻ ആർക്കും അധികാരമില്ല. തങ്ങരംക്ക് ജോലി ലഭിക്കണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ട് പി. എസ്. സി. സെലക്ഷൻ കിട്ടിയവർ ഹൈക്കോടതിയിൽ റിട്ടുകൊടുത്തു. ഞങ്ങരംക്കു പബ്ലിക് സർവീസ് കമ്മീഷൻെറ സെലക്ഷൻ കിട്ടിയതാണ്, അവിടെ ഒഴിവുകളും ഉണ്ട്, എന്നാൽ മററു ആളുകളെ നിയമിച്ചിരിക്കുന്നു എന്നായിരുന്നു അവരുടെ പരാതി. കോടതി അവരുടെ പരാതി കേട്ടശേഷം ഇവർക്കു നിയമനം നൽകേണ്ടതാണെന്നു വിധിച്ചു. ഹൈക്കോടതിയുടെ ആ ഉത്തരവു വന്നതിനുശേഷവും മന്ത്രി അതു കേരംക്കുകയുണ്ടായില്ല. ഇന്നോളം അവരെ നിയമിച്ചിട്ടില്ല. നിയമിക്കേണ്ടതില്ലെന്ന് കളക്ടർക്ക്

LIBRARY ARCHIVES Kerala Legislative Assembly

നിർദ്ദേശം നൽകിയിരിക്കുകയാണ്. ബഹുമാനപ്പെട്ട റവന്യൂ മന്ത്രിക്കോ അവരുടെ പാർട്ടിക്കോ ഈയിനത്തിൽ എത്ര രൂപ കിട്ടിയിട്ടുണ്ടെന്നുള്ള കാര്യം മുഖ്യമന്ത്രി ഒന്നന്വേഷിക്കണം. കൊട്ടാരക്കര ട്രഷറിയിലെ ശ്രീ. രവീന്ദ്രന്റെ പുനർ നിയമനം മറ്റൊരഴിമതി അനാവരണം ചെയ്യുകയാണ്. ആ കാര്യത്തെപ്പറ്റി ഈ അസംബ്ലിയിൽ ഇതിനകം പരാമർശമുണ്ടായിട്ടുണ്ട്. അദ്ദേഹത്തെ തിരിച്ചെടുക്കുവാൻ പാടില്ല എന്നു മന്ത്രിമാരായിരുന്ന ശ്രീ. ചന്ദ്രശേഖരനും, ശ്രീ. പി. ടി. ചാക്കോയും ശ്രീ. ആർ. ശങ്കറും വിവിധഘട്ടങ്ങളിൽ ഉത്തരവു ഇട്ടിട്ടുള്ളതാണ്. മന്ത്രിമാരുടെ ലവലിൽ തിരിച്ചെടുക്കുവാൻ പാടില്ലെന്നു പറഞ്ഞ ഒരാളെ തിരിച്ചെടുക്കുവാൻ റവന്യുബോർഡിനു എങ്ങനെ അധികാരം കിട്ടിയെന്നുള്ളതു ആലോചിക്കേണ്ട കാര്യമാണ്. ഇതു സംബന്ധിച്ച ഒരു ഫയൽ ഇന്നും വെളിച്ചം കാണാതെ ശ്രീമതി ഗൗരിയുടെ പൂട്ടിലും താക്കോലിലും ഇരിക്കുകയാണ്. അതൊന്നു നോക്കിയെടുക്കുവാൻ മുഖ്യമന്ത്രി തയാറാകുമോ ? ഈ പുനർ നിയമനത്തിന്റെ പുറകിൽ വ്യക്തമായ അഴിമതി നടന്നിട്ടുണ്ട്. സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ അഴിമതികൾക്ക് കൂട്ടുനിൽക്കുന്നു എന്ന ആരോപണമാണ് ഉള്ളത്. അദ്ദേഹവും അഴിമതിയിൽ പിന്നിലല്ല എന്നു അനുഭവങ്ങൾ തെളിയിക്കുന്നുണ്ട്. സ്വന്തം സ്യാലനായ ഡാ. ഭട്ടതിരിപ്പാടിന് കോടതിവിധിക്കെതിരായി പ്രമോഷൻ കൊടുത്തിട്ടുണ്ടെന്നുള്ളയാഥാർത്ഥ്യം നിഷേധിക്കാമോ ? ഈ പ്രമോഷനും ശ്രീ. വെല്ലിംഗ്ടന്റെ ആരോപണങ്ങളിലുള്ള മുഖ്യമന്ത്രിയുടെ പ്രഥമദൃഷ്ടിയും തമ്മിൽ ബന്ധമുണ്ടെന്നുള്ളത് ഒരു യാഥാർത്ഥ്യമല്ലേ ? ഇൻഡോ പോൾ കമ്പിനിയുമായുള്ള നാലരലക്ഷം രൂപയുടെ ഒരു കരാറിനെപ്പറ്റി മുമ്പൊരവസരത്തിൽ ഒരു സംശയം ഞാൻ ഉന്നയിച്ചപ്പോൾ അതു സംബന്ധിച്ച ഫയൽ മേശപ്പുറത്തു വയ്ക്കാമെന്നു ബഹുമാനപ്പെട്ട മന്ത്രി സമ്മതിച്ചതാണ്. ആ ഫയൽ മേശപ്പുറത്തു വച്ചിട്ടുണ്ടോ സർ, അങ്ങയോടു ചോദിക്കുകയാണ്.

ഡെപ്യൂട്ടി സ്പീക്കർ: വച്ചിട്ടില്ല.

ശ്രീ. ടി. എ. മജീദ്: വയ്ക്കുകയില്ല. കാരണം ഇൻഡോ പോൾ കമ്പനിയുമായുണ്ടാക്കിയ എഗ്രിമെന്റ് വ്യവസ്ഥകളെപ്പറ്റി പ്ലാനിംഗ് സെക്രട്ടറിയുടെ നിർദ്ദേശത്തിനെതിരായി മുഖ്യമന്ത്രി നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് ആക്ഷേപമുണ്ട്. അതു തിരുത്താൻ വേണ്ടിയാണോ ഫയൽവച്ചു താമസിപ്പിക്കുന്നതെന്നറിഞ്ഞുകൂടാ. യാതൊരു തിരുത്തും വരുത്തരുതെന്നു അപേക്ഷിക്കുകയാണ്.

ഡെപ്യൂട്ടി സ്പീക്കർ: മേശപ്പുറത്തു ഫയൽ വയ്ക്കാമെന്നു പറഞ്ഞാൽ വച്ചില്ല എന്നു കരുതി ഇങ്ങനെ പറയുന്നതു ശരിയല്ല. വച്ചിട്ടില്ലെങ്കിൽ അതു വയ്പ്പിക്കുന്നതാണ്.

ശ്രീമതി. കെ. ആർ. ഗൗരി: സർ, ഇന്നുതന്നെ ആ ഫയൽ മേശപ്പുറത്തു വയ്ക്കാം.

ശ്രീ. ടി. എ. മജീദ്: സർ, ആ ഇടപാടിൽ രണ്ടുലക്ഷം രൂപ മാർക്സിസ്റ്റു പാർട്ടിയുടെ കണക്കിൽ വരവുണ്ടായോ എന്ന കാര്യം മുഖ്യമന്ത്രി ഒന്നന്വേഷിക്കണം. മുഖ്യമന്ത്രിയുടെ കേസു നടത്തി എന്ന ഒരേയൊരു കാരണത്താൽ രാമനാഥൻപിള്ളയെ വിജിലൻസ് കമ്മീഷനായി നിയമിച്ചത് അഴിമതി അല്ലാതാകുമോ ? ഇപ്പോൾ ഈ വിജിലൻസ് കമ്മീഷൻ മററു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. എ. മജീദ്]

മന്ത്രിമാരുടെ പേരിൽ അഴിമതിയുണ്ടോ എന്നു കണ്ടുപിടിക്കുന്ന ജോലിയിലാണ്. അതിലേയ്ക്കു നിയോഗിച്ചിരിക്കുകയാണ് ആ മനുഷ്യനെ. ഇതാണ് അഴിമതി. ഇതുപോലുള്ള ഒട്ടേറെ കഥകൾ എനിക്കു പറയാനുണ്ട്. ഇതിനെപ്പററിയെല്ലാം ഒന്നന്വേഷിക്കണം. മുഖ്യമന്ത്രി സ്വയം അന്വേഷണത്തിന് വിധേയനാകണം. അദ്ദേഹത്തിന്റെ കൂടെയിരിക്കുന്ന സ്വന്തം പാർട്ടിയിൽപ്പെട്ട മന്ത്രിമാരെപ്പററിയും അന്വേഷണം നടത്തണം. മന്ത്രി ശ്രീ. കൃഷ്ണൻ ഒരു മൂപ്പിലമ്മയ്ക്കു തടി വെട്ടിയെടുക്കുവാൻ അനുവാദം നൽകിയതിന്റെ പേരിൽ എത്ര രൂപ പാർട്ടി നേതാക്കന്മാർക്കും ദേശാഭിമാനി പത്രത്തിന്നും കിട്ടിയിട്ടുണ്ടെന്നു മുഖ്യമന്ത്രി ഒന്നന്വേഷിക്കണം. അതുപോലെ നമ്മുടെ ലേബർ മിനിസ്ററർ അതാ അവിടെ ഇരുന്നു ചിരിക്കുകയാണ്. അദ്ദേഹവും അദ്ദേഹത്തിന്റെ പാർട്ടിയിലെ ഏക അനുയായിയായ അദ്ദേഹത്തിന്റെ അനുജനും കൂടി കുടിവറുപ്പു നിരോധനം ഏർപ്പെടുത്തിയതിന് ശേഷം കുടിവറുപ്പിന് ലൈസൻസുകൊടുത്തയിനത്തിൽ അഴിമതി നടത്തിയിട്ടുണ്ടെന്ന് ആക്ഷേപമുണ്ട്. ആറരയേക്കർ സ്ഥലം മലബാറിൽ അദ്ദേഹം വാങ്ങിയിട്ടുള്ളത് ഇന്നു അങ്ങാടിപ്പാട്ടായിരിക്കുകയാണ്. ഈ ഇടപാടിൽ സ്ററാമ്പ് ഡ്യൂട്ടിയിൽ കാപട്യം കാണിച്ച് ഗവൺമെൻറിനെ കബളിപ്പിച്ചിട്ടുണ്ട്. ഇതേപ്പററിയൊക്കെ അന്വേഷിക്കാൻ മുഖ്യമന്ത്രി തയാറാകുമോ? സർ, പാപം ചെയ്യാത്തവൻ കല്ലെറിയട്ടെ എന്നു ക്രിസ്തുദേവൻ പറഞ്ഞപ്പോൾ മനസ്സാക്ഷിക്കുത്തു കൊണ്ടു കല്ലെറിയാൻ വന്നവൻ തലകുനിഞ്ഞു നിന്നുപോയി. എന്നാൽ ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടിന് ശ്രീ. എം. എൻ. ഗോവിന്ദൻ നായർ, ശ്രീ. ടി. വി. തോമസ്, ശ്രീ. പി. ആർ. കുറുപ്പ്, എന്നിവരുടെ നേർക്ക് കല്ലെറിയാൻ യാതൊരു മനഃസാക്ഷിക്കുത്തുമുണ്ടായില്ല. സർ, അദ്ദേഹത്തിനു മനസ്സാക്ഷിക്കുത്തുണ്ടാകുകയില്ല. കാരണം രാഷ്ട്രീയ വൈരം മൂലം മനസ്സാക്ഷിയും മനുഷ്യത്വവും സത്യസന്ധതയും അദ്ദേഹത്തിൽനിന്നും എന്നേ വിട്ടുപോയി. അവരുടെമേൽ കല്ലെറിഞ്ഞ മുഖ്യമന്ത്രിയുടെ ആ കൈ ഉണ്ടല്ലോ? ആ കയ്യിൽ ഐക്യമുന്നണിയെ വെട്ടി നുറുക്കിയതിന്റെ ചോര പുരണ്ടിട്ടുണ്ട്. ആ കയ്യിൽ അഴിമതിയുടെ കറപുരണ്ടിട്ടുണ്ട്. ആ കറയും ചോരയും പുരണ്ട കൈകൊണ്ടാണ് ശ്രീ. എം. എൻ. ഗോവിന്ദൻ നായരേയും ശ്രീ. ടി. വി. തോമസിനേയും ശ്രീ. പി. ആർ. കുറുപ്പിനേയും കല്ലെറിഞ്ഞിരിക്കുന്നതെന്നുള്ള കാര്യം വിസ്മരിക്കരുത്. ആ കൈകൊണ്ടാണ് എം. എനും ടിവിക്കും കുറുപ്പിനുമെതിരായ ഉത്തരവിൽ ഒപ്പിട്ടിരിക്കുന്നതെന്നുള്ള കാര്യം വിസ്മരിക്കരുത്. നിങ്ങൾ അത് വിസ്മരിച്ചാലും ഈ നാട്ടിലെ ജനങ്ങൾ വിസ്മരിക്കുകയില്ലെന്ന കാര്യം ഓർത്തിരിക്കുക. സർ, ഞാൻ നിറുത്തുന്നു.

ശ്രീ. ഇ. എം. ജോർജ്: സർ, ഈ കഴിഞ്ഞ 17-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയ്ത പ്രസ്താവനയിൽ അടങ്ങിയിരിക്കുന്ന വസ്തുതകളുടെ സാരാംശത്തോട് ഞാൻ യോജിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസ്താവനയുടെ ഫലമായി അദ്ദേഹത്തിന്റെ മന്ത്രിസഭയിൽ പെട്ടിരുന്ന രണ്ടുമൂന്നു മന്ത്രിമാരുടെ പേരിൽ അന്വേഷണത്തിനു ഉത്തരവായിരിക്കുകയാണ്. ഈ അന്വേഷണ ഉത്തരവനുസരിച്ച് അന്വേഷണത്തിനു വിധേയരായ മന്ത്രിമാരും, യാതൊരു അന്വേഷണത്തിനും വിധേയരാകാത്ത ചില മന്ത്രിമാരും കൂടിച്ചേർന്ന് രാജിവെച്ചിരിക്കുകയാണ്. രാജിവെച്ചതിനുശേഷം അവരുടെ പാർട്ടി നേതാക്കൻമാർ നടത്തിയ തീരുമാനങ്ങൾക്കു

LIBRARY ARCHIVES Kerala Legislative Assembly

ശേഷം ഇന്നലെ ഇവിടെ വന്ന് മുഖ്യമന്ത്രിയേയും ഞങ്ങളുടെ പാർട്ടിയേയും വളരെയധികം അധിക്ഷേപിച്ചുകൊണ്ട് കുറെ കാര്യങ്ങൾ പറയുകയുണ്ടായി. ഇവിടത്തെ മന്ത്രിസഭയിലെ വ്യവസായമന്ത്രിയായിരുന്ന ശ്രീ. ടി. വി. തോമസ് വളരെയധികം വികാരഭരിതനായി പഴയ കാര്യങ്ങൾ പലതും ഓർമ്മിപ്പിച്ചുകൊണ്ട് സംസാരിക്കുകയുണ്ടായി. കിരാതഭരണാധികാരിയായിരുന്ന സർ സി. പി. യുടെ പ്രതിക്കൂട്ടിൽ ഒന്നും രണ്ടും മൂന്നും പ്രതികളായി എം. എൻ. ഗോവിന്ദൻ നായരും, ടി. വി. തോമസും, ടി. കെ ദിവാകരനും നിന്ന കാര്യം അനുസ്മരിപ്പിച്ചുകൊണ്ട്, ഇന്ന് അവർ മൂന്നുപേരും ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാടിന്റെ പ്രതിക്കൂട്ടിൽ നിൽക്കുന്നുവെന്ന് ഓർമ്മിപ്പിച്ചുകൊണ്ട് അദ്ദേഹം വികാരഭരിതനായി സംസാരിച്ചു കേട്ടപ്പോൾ എന്റെ കണ്ണുകൾ നിറഞ്ഞുപോയി, (പ്രതിപക്ഷബെഞ്ചുകളിൽ കൈയടി) നിങ്ങൾ കൈയടിക്കണം, കൈയടിക്കാൻ തന്നെയാണ് ഞാൻ പറഞ്ഞത്, ഞാൻ മുഴുവൻ പറഞ്ഞുതീരട്ടെ, പിന്നീട് കൈയടിക്കാം.

സർ സി. പി. യുടെ കാലത്ത് ഈ രാജ്യത്തിന്റെ അഭിമാനഭാജനങ്ങളായിരുന്ന ശ്രീ. ടി. വി. തോമസും, ശ്രീ. എം. എൻ. ഗോവിന്ദൻ നായരും, ശ്രീ. ടി. കെ. ദിവാകരനും സർ സി. പി. യുടെ പ്രതിക്കൂട്ടിൽനിന്നും ഇറങ്ങിവന്ന ആവേശകരമായ കാഴ്ച കണ്ട് രാഷ്ട്രീയത്തിലേയ്ക്ക് ചാടിയിറങ്ങിയ യുവാക്കൻമാരിൽ ചിലരാണ് ഞങ്ങളെന്ന് അദ്ദേഹത്തിനറിയാം. ഇനി കുരുക്ഷേത്രത്തിൽവെച്ചു കാണാമെന്നു പറഞ്ഞിരിക്കുന്ന ടി. വി. തോമസിനോട് എനിക്കു ഒരു കാര്യം പറയുവാനുള്ളത് കുരുക്ഷേത്രത്തിൽ വെച്ച് അദ്ദേഹത്തോടുകൂടി ഇപ്പോഴത്തെ കൂട്ടുകാരിൽ ആരെല്ലാം ഉണ്ടായിരിക്കുമോ എന്നുള്ളതിനെപ്പററി ഒരു അന്വേഷണം നടത്തിയാൽ കൊള്ളാമെന്നാണ്. സർ സി. പി. യുടെ പ്രതിക്കൂട്ടിൽ നിന്നിരുന്ന മൂന്നു പേരും 23 വർഷങ്ങൾക്കുശേഷം സഖാവ് ഇ. എം. എസ്. നമ്പൂതിരിപ്പാടിന്റെ പ്രതിക്കൂട്ടിൽ വന്നിരിക്കുകയാണ്. 23 വർഷങ്ങൾക്കുശേഷം സർ സി. പി. യുടെ പ്രതിക്കൂട്ടിൽനിന്നും സഖാവ് ഇ. എം. എസ്. നമ്പൂതിരിപ്പാടിന്റെ പ്രതിക്കൂട്ടിലേയ്ക്കു വരാനിടയാക്കിയ കാരണങ്ങൾ എന്താണെന്നുള്ളതിനെപ്പററി ഒന്നാലോചിക്കുമോ? സർ സി. പി. ഈ രാജ്യത്തെ ജനങ്ങൾ ഏററവും അധികവും വെറുത്തിരുന്ന ഒരു ഭരണാധികാരിയായിരുന്നുവെങ്കിൽ, ശ്രീ. ടി. വി. തോമസ്സും അപ്പുറത്തിരിക്കുന്ന സുഹൃത്തുക്കളും ഇഷ്ടപ്പെട്ടില്ലെങ്കിലും ഈ രാജ്യത്തെ ജനങ്ങൾ ഇന്ന് ഏററവും അധികം സ്നേഹിക്കുന്നതും ഇഷ്ടപ്പെടുന്നതുമായ ഒരു ഭരണാധികാരിയാണ് ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട്. അങ്ങനെയുള്ള ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാടിന്റെ പ്രതിക്കൂട്ടിൽനിന്നും ഇന്നലെ പുറത്തിറങ്ങിവന്ന ശ്രീ. ടി. വി. തോമസ്സിനേയും ശ്രീ. എം. എൻ. ഗോവിന്ദൻ നായരേയും വെളിയിൽവെച്ച് ഒന്നുരണ്ടു കൺട്രാക്ടറൻമാരും അവരുടെ അനുയായികളും കൂടിച്ചേർന്ന് പൂമാല ഇട്ട അവസരത്തിൽ, അവിടെ കൂടിനിന്നിരുന്ന മററു ചിലർ കൂക്കുവിളിക്കുന്നതും ഞങ്ങൾ കേൾക്കുകയുണ്ടായി.

ഇന്നലെ ശ്രീ. ടി. വി. തോമസ് ഒന്നുരണ്ടു കഥകളെല്ലാം പറയുന്നതു കേട്ടു. അയ്യപ്പനെന്തിനാ പെണ്ണ്, പശു പോരെ എന്നെല്ലാം ഉള്ള കഥകൾ പറയുകയുണ്ടായി. എനിക്കു അത്തരത്തിലുള്ള കഥകളെല്ലാം പറഞ്ഞു സംസാരിക്കാനുള്ള പ്രാപ്തിയുണ്ട്. പക്ഷെ അതിന് ഈ പരിശുദ്ധമായ സഭാവേദി ഉപയോഗിക്കണമെന്നു വിചാരിക്കുന്നില്ല. സർ സി. പി. യുടെ പ്രതിക്കൂട്ടിൽനിന്നും അവർ ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാടിന്റെ പ്രതിക്കൂട്ടിൽ എത്തിച്ചേർന്ന കാര്യം പറയുമ്പോൾ, എനിക്ക് സുപ്ര

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഇ. എം. ജോർജ്ജ്]

സിദ്ധ ചിത്രകാരനായിരുന്ന മൈക്കൽ ആഞ്ചലോവിന്റെ പ്രസിദ്ധമായ ഒരു ചിത്രത്തിന്റെ കഥയാണ് ഓർമ്മവരുന്നത്. വളരെ വികാരദ്യോതകവും സ്തോഭജനകവുമായ കർത്താവിന്റെ ഒരു ചിത്രമാണ് അത്. കർത്താവിന്റെ തിരു അത്താഴത്തിന്റെ ചിത്രമാണ് അത്. അത് എല്ലാ ക്രൃസ്ത്യാനികളുടേയും വീടുകളിൽ ഞാൻ കണ്ടിട്ടുണ്ട്. ആ ചിത്രത്തേക്കാൾ വികാരദ്യോതകവും സ്തോഭജനകവുമായ ഒരു കഥയാണ് ആ ചിത്രം വരയ്ക്കാൻ ഇടയായതിന്റെ പിന്നിൽ ഉള്ളത്. പതിനാറു വർഷം കൊണ്ടാണ് ആ ചിത്രകാരൻ ആ ചിത്രം വരച്ചത്. അതിനടിസ്ഥാനമായ ചരിത്രവും കഥാപാത്രങ്ങളേയും വേദപുസ്തകത്തിൽനിന്നും പഠിച്ചശേഷം അദ്ദേഹം ചിത്രം വരയ്ക്കാൻ തുടങ്ങി. കഥാപാത്രങ്ങൾക്ക് അനുരൂപമായ മുഖമുള്ളവരെ തേടിപ്പിടിച്ച് അവരെ മുന്നിൽ ഇരുത്തി അവരെ മാതൃകയാക്കിയാണ് അദ്ദേഹം ഓരോ കഥാപാത്രത്തേയും വരച്ചത്. ക്രിസ്തുവിന്റെ മുഖത്തിന് സദൃശമായ സുന്ദരനായ ഒരാളെ കണ്ടുപിടിക്കാൻ അദ്ദേഹത്തിന് വളരെയധികം പാടുപെടേണ്ടിവന്നു, അവസാനം അതിന് പററിയ ഒരാളെ ഫ്ളോറൻസ് നഗരത്തിൽവെച്ച് കാണുകയും അദ്ദേഹം ക്രിസ്തുവിന്റെ ചിത്രം വരയ്ക്കുകയും ചെയ്തു. തുടർന്ന് പത്രോസ്, മത്തായി, തോമസ് തുടങ്ങിയവരുടെ ചിത്രങ്ങളും വരച്ചു. അവസാനം പതിനാറു വർഷം കഴിഞ്ഞതിനുശേഷം മുപ്പതു വെള്ളിക്കാശിനുവേണ്ടി കർത്താവിനെ ഒററിക്കൊടുത്ത ജൂഡാസിന്റെ ചിത്രം വരയ്ക്കേണ്ടിവന്നു. അതിനു പററിയ ഒരാളെ കണ്ടുപിടിക്കുന്നതിനുവേണ്ടി അദ്ദേഹം പല സ്ഥലങ്ങളിലും നടന്നു. പററിയ മുഖമുള്ള ഒരാളെ കണ്ടുപിടിക്കുന്നതിന് അദ്ദേഹത്തിനു കഴിഞ്ഞില്ല. അവസാനം അദ്ദേഹം ക്രിമിനൽ പുള്ളികളെ ഇട്ടിരിക്കുന്ന സെൻട്രൽ ജയിലിന്റെ കവാടത്തിലേയ്ക്കു കയറിച്ചെന്നു.

ശ്രീ. കെ. എം. മാണി: ചുങ്കക്കാരുടെ കഥ കൂടി പറയാമോ?

ശ്രീ. ഇ. എം. ജോർജ്ജ്: ജൂഡാസിന്റെ മാതൃക തപ്പിത്തപ്പി അദ്ദേഹം സെൻട്രൽ ജയിലിൽ പോകുകയും അവിടത്തെ ഏററവും വലിയ ക്രിമിനൽ പുള്ളിയെ കാണിച്ചുതരാൻ ജയിലറോട് ആവശ്യപ്പെടുകയും ചെയ്തു. മോഷണത്തിനും, ബലാൽസംഗത്തിനും കൊലപാതകത്തിനുമെല്ലാം ശിക്ഷിക്കപ്പെട്ടിട്ടുള്ള ആ ജയിലിലെ ഏററവും വലിയ കൊലപ്പുള്ളിയെ കാണിച്ചുകൊടുത്തു. അയാളുടെ മുഖം സൂക്ഷിച്ചുനോക്കിയപ്പോൾ ജൂഡാസിന്റെ ചിത്രം വരയ്ക്കാൻ പററിയ പുള്ളിയാണെന്നു കാണുകയും, ആ മനുഷ്യനെ മുമ്പിൽ വെച്ചുകൊണ്ട് ജൂഡാസിന്റെ ചിത്രം വരയ്ക്കാൻ തുടങ്ങുകയും ചെയ്തു. ആ ചിത്രം വരച്ചുകൊണ്ടിരുന്നപ്പോൾ ആ കൊലപ്പുള്ളി പൊട്ടിക്കരഞ്ഞു. കരയാനുള്ള കാരണം ചോദിച്ചപ്പോൾ ആ കൊലപ്പുള്ളി പറഞ്ഞത്, പതിനാറു വർഷങ്ങൾക്കു മുമ്പ് ക്രിസ്തുവിന്റെ ചിത്രം വരയ്ക്കാൻവേണ്ടി ഫ്ളോറൻസ് നഗരത്തിൽ വെച്ച് ആ ചിത്രകാരന്റെ മുമ്പിൽ ഇരുന്നുകൊടുത്ത ആൾ തന്നെയാണ് ഇപ്പോൾ ജൂഡാസിന്റെ ചിത്രം വരയ്ക്കുന്നതിനുവേണ്ടി അതേ ചിത്രകാരന്റെ മുമ്പിൽ ഇര്യന്നുകൊടുത്തതെന്ന്. ക്രിസ്തുവിന്റെ മുഖം വരയ്ക്കുന്നതിനു യോഗ്യതയുണ്ടായിരുന്ന മുഖത്തോടുകൂടിയ ആ മനുഷ്യൻ പതിനാറു വർഷംകൊണ്ട് പാപങ്ങൾ ചെയ്തു പടിപടിയായി താഴ്ന്നു അവസാനം കർത്താവിനെ വെള്ളിക്കാശിനുവേണ്ടി ഒററിക്കൊടുത്ത ജൂഡാസിന്റെ ചിത്രം വരയ്ക്കുന്നതിന് തിരഞ്ഞെടുക്കപ്പെട്ട പതനത്തിലെത്തിച്ചേർന്നു. അങ്ങനെ ആ കൊലപ്പുള്ളിയുടെ പതനമാണ് 23 വർഷങ്ങൾക്കു മുമ്പ് സർ സി. പി. യുടെ പ്രതിക്കൂട്ടിൽനിന്നും ഇറങ്ങിവന്നപ്പോൾ എന്നെ

LIBRARY ARCHIVES Kerala Legislative Assembly

പ്പോലെയുള്ള ചെറുപ്പക്കാർ ആവേശത്തോടുകൂടി മുദ്രാവാക്യം വിളിച്ചു ആരെ സ്വീകരിച്ചുവോ, അവർ തന്നെയാണ് 23 വർഷങ്ങൾക്കുശേഷം ഏററവും ഹീനമായ പ്രവൃത്തികളുടേയും മററും ഫലമായി പടിപടിയായി വീഴ്ചയിലെത്തിയിരിക്കുന്ന എം. എൻ. ഗോവിന്ദൻ നായരിലും, ടി. വി. തോമസിലും ഇന്നു കാണുന്നത്. ശ്രീയേശുവിനെ ഒററുകൊടുത്തവർക്ക് മുപ്പതു വെള്ളിക്കാശെങ്കിലും കിട്ടി. സർ, ചോരയിലും ഐക്യത്തിലും വളർന്നുവന്ന ഈ ഐക്യമുന്നണിയെ ഒററുകൊടുത്തവർക്ക് ഒരു ചില്ലിക്കാശുപോലും കിട്ടുകയില്ലെന്ന് ഓർമ്മിപ്പിക്കാൻ ഞാനാഗ്രഹിക്കുകയാണ്. എൻെറ സ്നേഹിതൻ ശ്രീ. ടി. ഏ. മജീദ് അപസ്മാരബാധ പിടിച്ചവനെപ്പോലെ—അപസ്മാരബാധ എന്നു പറയുന്നത് അൺ പാർലിമെണ്ടറിയാണെങ്കിൽ ഞാൻ പറയുന്നില്ല—ഇവിടെ ചെയ്ത പ്രസംഗത്തിൽ അഴിമതിയുടെ കലവറ സൃഷ്ടിക്കുന്നതിനുള്ള ഒരു പുതിയ തന്ത്രം ഉയർത്തിക്കാണിക്കുകയുണ്ടായി. അഴിമതിയാണോ ഇവിടെ പ്രശ്നം? അല്ല. അഴിമതിയുടെ കാര്യമാണെങ്കിൽ ഞങ്ങളുടെ പാർട്ടി എന്തെല്ലാം വിട്ടുവീഴ്ചകൾ ചെയ്യാൻ തയ്യാറായി. ഐക്യമുന്നണി തകരാതെ നിലനിറുത്താൻവേണ്ടി അഴിമതി ആരോപണാന്വേഷണത്തിൻെറ കാര്യത്തിൽ പോലും വിട്ടുവീഴ്ച ചെയ്യാൻ മാർക്സിസ്ററു പാർട്ടി പല തവണ തയ്യാറായിയെന്നുള്ള കാര്യം നാലഞ്ചു മാസത്തെ പത്രവാർത്തകൾ വായിച്ചുനോക്കിയാൽ ആർക്കും മനസ്സിലാകും. മാർക്സിസത്തിലും ലെനിനിസത്തിലും വിശ്വസിക്കുന്നവർ ജുഡീഷ്യൽ അന്വേഷണത്തിൻെറ തത്വത്തിനുതന്നെ എതിരാണ്. അതെന്താണെന്ന് ഞാനിപ്പോൾ പറയേണ്ട ആവശ്യമില്ലല്ലൊ. ശ്രീ. കെ. സി. ജോർജ്ജ് നിങ്ങളുടെ പാർട്ടിയുടെ നേതാവാണ്. ഒന്നര ലക്ഷം രൂപയുടെ കേസിൽ അദ്ദേഹത്തിൻെറ പേരിൽ വിധിയെഴുതിയ ചീഫ് ജസ്ററീസ് ആരാണെന്ന് ഞാനിപ്പോൾ പറയുന്നില്ല. നിങ്ങൾക്കെല്ലാം അറിയാവുന്നതാണല്ലൊ. ഇവിടെ ഉന്നയിച്ചിട്ടുള്ള ആരോപണങ്ങളിൽ പ്രഥമദൃഷ്ട്യാ കേസുണ്ടോയെന്നു പരിശോധിച്ചിട്ടാകാം ജുഡീഷ്യൽ അന്വേഷണമെന്നു പറഞ്ഞതാണോ ഞങ്ങളുടെ പേരിലുള്ള തെററ്. ഇതു പറഞ്ഞപ്പോൾ അപ്പുറത്തിരിക്കുന്നവർ പറഞ്ഞു മുഖ്യമന്ത്രിയുടെ കരങ്ങൾ ശുദ്ധമല്ലെന്ന്. പത്തുമുപ്പതു കൊല്ലമായി തൊഴിലാളിപ്രസ്ഥാനത്തിനുവേണ്ടിയും കമ്മ്യൂണിസ്ററുപാർട്ടിക്കു വേണ്ടിയും പൈതൃകമായി കിട്ടിയ വമ്പിച്ച സ്വത്തുക്കൾ വിററു ആത്മാർത്ഥമായി പ്രവർത്തിച്ച മുഖ്യമന്ത്രിയുടെ കൈകൾ ശുദ്ധമല്ലെന്നു പറഞ്ഞപ്പോൾ ഐക്യമുന്നണിയുടെ സബ് കമ്മിററിക്ക് വിടാമെന്നു പറഞ്ഞു. അപ്പോൾ പറഞ്ഞു അതും ശുദ്ധമല്ലെന്ന്. എന്നാൽ ഹൈക്കോടതി ജഡ്ജിയാകാൻ യോഗ്യതയുള്ള ഒരാളെക്കൊണ്ട് അന്വേഷിപ്പിക്കാമെന്നു പറഞ്ഞു. ജഡ്ജിമാരെപ്പററി നിയമം പഠിച്ചുവെന്ന് അഭിമാനം കൊള്ളുന്ന ടി. വി. തോമസിന് അറിയാം. അതും സ്വീകാര്യമല്ലാതെ വന്നപ്പോൾ ഞങ്ങളുടെ പാർട്ടി ജനറൽ സെക്രട്ടറി ശ്രീ. സുന്ദരയ്യ തിരുവനന്തപുരത്തു വന്നു പത്രപ്രതിനിധികളെ വിളിച്ചു പ്രസ്താവിച്ചു, മുഖ്യമന്ത്രി ജർമ്മനിയിൽനിന്നും തിരിച്ചുവന്നിട്ട് വെല്ലിംഗ്ടൺ ഉൾപ്പെടെ അഴിമതിയാരോപണത്തിന് വിധേയരായ മന്ത്രിമാരുടെ പേരിൽ അന്വേഷണത്തിന് ഉത്തരവിടാമെന്ന്. എന്നിട്ടും ഈ ചതുർ മുന്നണിക്കാർ ഐക്യമുന്നണിയെ തകർക്കുന്ന ചിത്രം വരച്ച്, എന്ത് ആവശ്യത്തിനുവേണ്ടിയാണ് ഈ പ്രമേയം ഇവിടെ അവതരിപ്പിച്ചത്. ഐ. എസ്. പി. യുടേയും ഇൻഡ്യൻ കമ്മ്യൂണിസ്ററു പാർട്ടിയുടേയും ബലം കണ്ടിട്ടല്ലായിരുന്നു ഞങ്ങൾ വിട്ടുവീഴ്ച ചെയ്യാൻ തയ്യാറായത്. നേരെമറിച്ച് ഐക്യമുന്നണി നിലനിൽക്കണമെന്നുള്ള ആഗ്രഹംകൊണ്ടായിരുന്നു. ഐക്യമുന്നണിയെ ജനിപ്പിച്ചതിനുള്ള

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഇ. എം. ജോർജ്ജ്]

പ്രസവവേദന അനുഭവിച്ച പാർട്ടിയാണ് ഞങ്ങളുടെ മാർക്സിസ്റ്റ് പാർട്ടി. ഞങ്ങളുടെ കൂട്ടുകെട്ട് ഇല്ലായിരുന്നുവെങ്കിൽ മങ്കട നിന്ന് സി. എച്ച് മുഹമ്മദുകോയയും, കഴക്കൂട്ടത്തുനിന്നും ഹക്കിംജിയും ജയിച്ചുവരുമായിരുന്നുവോ? ഐക്യമുന്നണി രൂപീകരിക്കുന്നതിനും അതു നിലനിർത്തുന്നതിനും പാടുപെട്ടവർക്കേ വേദന അനുഭവിച്ചവർക്കേ ഐക്യം തകരുന്നതുകൊണ്ടു വേദനയുണ്ടാകുകയുള്ളു. ഇതിൽ വെറും ഒരു സ്ഥാനാർത്ഥിയെ കൊണ്ടുവന്ന പാർട്ടികളും ഉണ്ട്. കെട്ടിവയ്ക്കാനുള്ള രൂപ പോലും തരാത്തവരുണ്ട്. പ്രസവവേദന സഹിച്ചവർക്കേ കുഞ്ഞു പോകുന്നതിൽ വിഷമമുള്ളു. പണ്ടു രണ്ടു സ്ത്രീകൾ കൂടി സോളമൻ മഹാരാജാവിന്റെ അടുക്കൽ ഒരു കുട്ടിയേയും കൊണ്ടുചെന്ന കഥ അറിഞ്ഞുകൂടേ? കുഞ്ഞിനെ വേദന സഹിച്ചു പ്രസവിച്ച സ്ത്രീ പറഞ്ഞു, പൊന്നു തിരുമേനി, കുഞ്ഞിനെ കൊല്ലണ്ടായെന്ന്. മറേറ സ്ത്രീ പറഞ്ഞു കുഞ്ഞിനെ മുറിച്ച് പങ്കിടണമെന്ന്. അതുപോലെയാണ് ഇവിടേയും നടക്കുന്നത്. ഐക്യം കെട്ടിപ്പടുത്തവർക്കു മാത്രമേ അതു നശിക്കുന്നതിൽ വേദനയുണ്ടാകുകയുള്ളു. ഒരാളെ മനസ്സിലാക്കാൻ അയാളുടെ കൂട്ടുകാരനെപ്പററി പഠിച്ചാൽ മതിയെന്നാണ് പറയുന്നത്. ആരാണ് നിങ്ങളുടെ കൂട്ടുകാരൻ. ആരേഴു കൊല്ലംകൊണ്ട് മന്ത്രിയാകാൻ മോഹിച്ചു ഓടിനടക്കുന്ന ശ്രീ. കെ. എം. ജോർജല്ലേ നിങ്ങളുടെ കൂട്ടുകാരൻ.

ശ്രീ. കെ. എം. ജോർജ്ജ്: നാണമുണ്ടോ മിസ്ററർ ജോർജ്ജ് നിങ്ങൾക്കിതു പറയാൻ. ഞാൻ മന്ത്രിയാകുന്നതിനു മോഹിച്ചുനടക്കുന്ന കാര്യത്തെപ്പററി നിങ്ങളുടെ ചീഫ് മിനിസ്ററോടു ചോദിച്ചാൽ മനസ്സിലാകും.

ശ്രീ. ഇ. എം. ജോർജ്ജ്: സർ, ഞാൻ പറഞ്ഞത് ഖേദത്തോടുകൂടി പിൻവലിക്കുന്നു.

ഒരാളെപ്പററി പഠിക്കണമെങ്കിൽ അയാളുടെ കൂട്ടുകാരനെ നോക്കിയാൽ മതി. കൂട്ടുകാരനെപ്പററി ദീർഘമായി വർണ്ണന നടത്തുന്നില്ല. ആ കൂട്ടുകെട്ട് ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല. സഖാവ് ടി. വി. തോമസ് ഇവിടെ സംസാരിച്ചപ്പോൾ പറഞ്ഞു, ഇവിടെ പല വ്യവസായങ്ങളും തുടങ്ങുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്ന്. ശ്രീ. ടി. വി. തോമസ് ഇവിടെ വ്യവസായമന്ത്രിയായിരുന്നപ്പോൾ ഒരു വ്യവസായവും ആരംഭിച്ചിട്ടില്ല. ഒരു ആണിക്കടപോലും തുടങ്ങുന്നതിന് തയ്യാറായിട്ടില്ല. പിന്നെ എന്താണ് അദ്ദേഹത്തിന്റെ വ്യവസായം? ഈരണ്ടാഴ്ച കഴിയുമ്പോൾ ഒരു രാഷ്ട്രീയ അമിട്ട് കത്തിച്ചുവിടും. കേരളത്തിലെ മുതലാളിത്ത പത്രങ്ങളായ മാതൃഭൂമി, മലയാളമനോരമ, കേരളകൗമുദി, കേരളഭൂഷണം തുടങ്ങിയ പത്രങ്ങളിൽ കാൺഗ്രസ്സും കേരളാ കാൺഗ്രസ്സും നേതാക്കൻമാർ നടത്തിയിട്ടുള്ള പ്രസംഗങ്ങളോടൊപ്പം മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടിയെ ആക്ഷേപിച്ചുകൊണ്ട് നമ്മുടെ വ്യവസായമന്ത്രി കത്തിച്ചുവിട്ട രാഷ്ട്രീയ അമിട്ടും കാണാൻ സാധിക്കും. മാർക്സിസ്ററു കമ്മ്യൂണിസ്ററുപാർട്ടിയെ അങ്ങേയററം ബീഭത്സമായ രീതിയിൽ ആക്ഷേപിച്ചുകൊണ്ടുള്ള പ്രസ്താവനകളിറക്കുന്ന വ്യവസായമായിരുന്നു ഈ വ്യവസായമന്ത്രി നടത്തിക്കൊണ്ടിരുന്നത്. ഏഴു കക്ഷികൾ ഐക്യമുന്നണിയായിരുന്ന കാലത്തും മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടിയെ ഒററപ്പെടുത്തി നിറുത്തിക്കൊണ്ട് മുന്നോട്ടു പോകാനുള്ള ഒരു നയം നിങ്ങൾ സ്വീകരിച്ചതിന്റെ പിന്നിലുള്ള രാഷ്ട്രീയ ഗൂഢോദ്ദേശം എന്താണെന്നു

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ള്ളത് ഞങ്ങൾക്കറിയാം. ഞങ്ങളുടെ പാർട്ടിക്കെതിരായി വളരെയധികം ആരോപണങ്ങൾ നിറഞ്ഞ രാഷ്ട്രീയ അമിട്ട് നിങ്ങൾ കത്തിച്ചുവിട്ടും എന്താണ് ആ ആരോപണങ്ങൾ? ലോക കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ഉണ്ടായകാലം മുതൽ ഈ 1969 വരെ കമ്മ്യൂണിസ്റ്റ് നേതാക്കൻമാർക്കെതിരായി, കമ്മ്യൂണിസ്റ്റു പാർട്ടിക്കെതിരായി ഞങ്ങളുടെ എതിരാളികളായ മുതലാളിത്തവർഗ്ഗം, സാമ്രാജ്യത്വം, ഉയർത്തിവിട്ട എല്ലാ ആരോപണങ്ങളും ഞങ്ങൾക്കെതിരെ കേരളത്തിൽ നടക്കുന്നതിൽ എം. എൻ. ഗോവിന്ദൻ നായരുടേയും ടി. വി. തോമസിൻേറയും പാർട്ടിക്ക് വലിയൊരു പങ്കുണ്ട്. ഞങ്ങൾ കൽക്കട്ടായിൽനിന്ന് തിരിച്ചുവന്നപ്പോൾ പറഞ്ഞത് നിങ്ങൾ ചൈനയുടെ ഏജൻറുമാർ ആണെന്നാണ്. കാറൽ മാർക്സിനോടും, ലനിനോടും, എംഗൽസിനോടുമുള്ള ബഹുമാനം സ്റ്റാലിനോടും മാവോയോടും ഞങ്ങൾ കാണിച്ചു എന്നുള്ള ആരോപണം അവരുടെ പാർട്ടിയെപ്പററി എതിരാളികൾ നടത്തുന്നില്ല. നിങ്ങൾ ഞങ്ങളെപ്പററി നടത്തിയ ആരോപണങ്ങൾ അന്നുമുതൽ തുടങ്ങി. സഖാവ് ഡാങ്കേയും കൂട്ടരും, ഞങ്ങൾ അഴിമതിക്കാരാണ്, ഞങ്ങളുടെ ആഫീസുകൾ അഴിമതിയുടെ ആഫീസുകളാണ് എന്നുള്ള ആരോപണങ്ങൾ ഞങ്ങൾക്കെതിരായി ഉന്നയിച്ചു എന്നല്ലാതെ പുതുതായി ഒരൊററ ആരോപണം പോലും ഉന്നയിക്കാൻ സാധിച്ചിട്ടുണ്ടോ? വളരെ വേദനയോടുകൂടി ചോദിക്കുകയാണ്. നിങ്ങൾ എവിടെ നിൽക്കുന്നു എന്നു ആലോചിക്കണം. അതുപോലെതന്നെ നിങ്ങൾ ചെയ്യേണ്ട മററൊരു വസ്തുത കഴിഞ്ഞ 32 മാസത്തെ മലയാള മനോരമ പത്രത്തിൻെറ പേജുകൾ ഒന്നു മറിച്ചുനോക്കണമെന്നുള്ളതാണ്. അതുപോലെ കേരള കൗമുദിയുടെ പേജുകൾ മറിച്ചുനോക്കണം. നിങ്ങളുടെ പാർട്ടിയെപ്പററി ഒരൊററ ആക്ഷേപമെങ്കിലും ഉന്നയിച്ചിട്ടുണ്ടോ? നിങ്ങൾ കമ്മ്യൂണിസ്ററുപാർട്ടിക്കാരല്ലേ? കമ്മ്യൂണിസ്ററു പാർട്ടിയാണെന്നു സമ്മതിക്കുകയാണെങ്കിൽ ആക്ഷേപമുണ്ടാകുമെന്ന കാര്യം ഒരു കാലത്ത് ഈ രാജ്യത്തെ കമ്മ്യൂണിസ്ററുപാർട്ടിയുടെ സെക്രട്ടറിയായിരുന്ന എം. എൻ. ഗോവിന്ദൻനായർക്ക് അറിവില്ലാത്തതാണോ? ശ്രീ. എം. എൻ. ഗോവിന്ദൻ നായർ ഇവിടെ വായിച്ച കൊലപാതകങ്ങളുടേയും പരദൂഷണത്തിൻേറയും ലിസ്ററ് മലയാള മനോരമ പത്രത്തിൽ പ്രസിദ്ധീകരിച്ചതല്ലേ? കാറൽമാർക്സിൻെറ അനുയായികളെന്നു അഭിമാനിക്കുന്ന എം. എൻ. ഗോവിന്ദൻനായരെപ്പററിയും അദ്ദേഹത്തിൻെറ കമ്മ്യൂണിസ്ററുപാർട്ടിയെപ്പററിയും കമ്മ്യൂണിസ്ററുകളുടെ ശത്രുക്കളായ മനോരമക്കും കൂട്ടർക്കും യാതൊരു എതിർപ്പുമില്ല. അത് നിങ്ങൾ ആലോചിക്കണം. അതു പറയുമ്പോൾ 'തവമാതാ പതിവ്രത—നഹീ നഹി' എന്നാകരുത്. എന്നു പറഞ്ഞാൽ നിങ്ങൾ അയോഗ്യൻമാരായിരുന്ന കാലത്ത് മനോരമ പറഞ്ഞ വാചകം എന്താണെന്നറിയാമോ? ചന്ത തോമാ, റൗഡി തോമാ എന്നു നിങ്ങളെ വിളിച്ച എതിരാളികളുടെ മുൻപിൽ ഇന്നു നിങ്ങൾ യോഗ്യൻമാരായ വസ്തുതയെപ്പററി ആലോചിക്കണം. ഇന്നു നിങ്ങൾ അവരോടു ചേർന്നിരിക്കുന്നത് എന്തിനാണെന്നു ഞങ്ങൾക്കറിയാം. കേരളാ കോൺഗ്രസ്സുകാർക്ക് അറിയാം. ഏതായാലും ഇതിനെപ്പററി എൻെറ സ്നേഹിതനായ ഡാക്ടർ ജോർജ്ജു തോമസിനോട് ഒരു കാൺഫറൻസിൽവച്ച് ഞാൻ ഒരു ചോദ്യം ചോദിച്ചു. അതിന് അദ്ദേഹം പറഞ്ഞ മറുപടി എന്നെ വളരെ ചിന്തിപ്പിച്ചു. നിങ്ങൾ ഞങ്ങളെ മാത്രം ആക്ഷേപിക്കുന്നുണ്ട്, എം. എൻ. ഗോവിന്ദൻ നായർക്കെതിരായും ടി. വി. തോമസിനെതിരായും നിങ്ങൾക്ക് എന്താണ് ആക്ഷേപമില്ലാത്തതെന്ന് ചോദിച്ചപ്പോൾ ജോർജ്ജ് തോമസ്സ് പറഞ്ഞ മറുപടി, ജോർജ്ജേ, എം. എനും, ടി. വി. യും മന്ത്രിമാരായി അവിടെ ചെന്നിരുന്നിട്ട്, അവ

[ശ്രീ. ഇ. എം. ജോർജ്ജ്]

രുടെ സ്ഥാനത്ത്, രണ്ടു കാൺഗ്രസ്സുകാർ ഇരുന്ന് ചെയ്യുന്നതിനേക്കാളും പറയുന്നതിനേക്കാളും കൂടുതലായിട്ട്, ഇവർ പറയുകയും പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്, ജോർജ്ജ് അതൊന്നു ആലോചിച്ച് നോക്കിയേ എന്നാണ്.

ശ്രീ. ജോർജ്ജ് തോമസ്സ്: എൻെറ പേർ പറഞ്ഞതുകൊണ്ട് ആ കാര്യത്തെപ്പററി പേഴ്സണൽ എക്സ്പ്ലനേഷൻ നടത്താൻ അനുവദിക്കണം. ശ്രീ. ടി. വി. തോമസ്സും ശ്രീ. എം. എൻ. ഗോവിന്ദൻ നായരും എൻെറ പാർട്ടിയിലെ മന്ത്രിമാരെപ്പോലെയാണ് പ്രവർത്തിക്കുന്നതെന്നു പറഞ്ഞു. അദ്ദേഹം സ്വകാര്യ സംഭാഷണവേദിയിൽ പറഞ്ഞകാര്യം ഈ നിയമസഭയിൽ പറഞ്ഞു. ഒരു സ്വകാര്യ സംഭാഷണത്തിൽ അദ്ദേഹം, അദ്ദേഹത്തിൻെറ പാർട്ടിയിലെ മന്ത്രിമാരെപ്പററി പറഞ്ഞ യാതൊരു കാര്യവും ഈ അവസരത്തിൽ പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല.

ശ്രീ. ഇ. എം. ജോർജ്ജ്: ഏതായാലും ശ്രീ ജോർജ്ജ്തോമസ്സ് പറഞ്ഞ കാര്യത്തെപ്പററി പിന്നീട് ഞാൻ പരിശോധിച്ചുനോക്കി. ഈ നിയമസഭയിൽ ഏതെങ്കിലും വ്യവസായശാലയിൽ നടന്നിട്ടുള്ള പണിമുടക്കത്തെപ്പററി പരാമർശനം നടന്നിട്ടുണ്ടെങ്കിൽ അപ്പോഴെല്ലാം കാൺഗ്രസ്സ് മന്ത്രിമാർപോലും പറയാത്ത രീതിയിൽ തൊഴിലാളി സമരങ്ങളെ എതിർത്തുകൊണ്ടുള്ള ഒരു നിലപാടാണ് അദ്ദേഹം സ്വീകരിച്ചിട്ടുള്ളത്. കുട്ടനാട്ടിലെ കാർഷികത്തൊഴിലാളികളുടെ സമരത്തിൻെറ നേരെ നിങ്ങൾ സ്വീകരിച്ച നിലപാട് എന്താണെന്നുള്ളത് ഈ രാജ്യത്തിലെ ജനങ്ങൾക്കറിയാം. അതൊക്കെ കാൺഗ്രസ്സിൻെറ ഹൈദ്രാബാദ് പ്രമേയത്തിൽ പറയാത്ത കാര്യങ്ങളാണോ അവരുടെ ചിന്താഗതിക്ക് അപ്പുറത്ത് വരുന്ന കാര്യങ്ങളാണോ എന്നുള്ളത് നിങ്ങൾ പരിശോധിച്ചുനോക്കണം. അങ്ങനെ പരിശോധിക്കുമ്പോൾ മഗ്ദലനമറിയത്തിൽ പറയുന്നതുപോലെ,

''സാരം ഗ്രഹിച്ചവൾ തൻ ജീവിതാദ്ധ്യായം
ഓരോന്നും വായിച്ചു നോക്കുകയായി
ചാരിത്രം എന്നൊരു വാക്കതിൽ കണ്ടില്ല
നാരിപൂൺപയ്യോ നടുങ്ങിപ്പോയി.''

അതു കണ്ടില്ല. ഈ കഴിഞ്ഞ രണ്ടര വർഷത്തിനിടയിൽ നിങ്ങൾ എവിടെയിരുന്നു എന്ന കാര്യത്തെപ്പററി ഒന്നു തിരിഞ്ഞു നോക്കുമ്പോൾ ഇന്നലെ ഇവിടെ സംസാരിച്ച എം. എനും, ടി. വി. ക്കും ഒരു നടുക്കവും കണ്ടില്ല.

ഞാൻ എൻെറ സംസാരം നീട്ടുന്നില്ല, ശ്രീ. ടി. വി. തോമസ് ഇന്നലെ സംസാരിച്ചപ്പോൾ പറഞ്ഞു, നേരെ കുരുക്ഷേത്രത്തിൽവച്ച് കാണാമെന്ന്. അത് വേണോ? 1965-ലെ കുരുക്ഷേത്ര യുദ്ധം കഴിഞ്ഞ് എം. എൻ. ഗോവിന്ദൻ നായർ ഡൽഹിയിൽനിന്ന് പന്തളത്ത് വന്ന അവസരത്തിൽ അദ്ദേഹത്തെ കണ്ടു ചോദിച്ച പത്ര പ്രതിനിധികളോട് അദ്ദേഹം പറഞ്ഞ മറുപടി, രാഷ്ട്രീയ പ്രവർത്തകർക്ക് ഒരു റിട്ടയർമെൻറ് വേണമെന്നാണ്. ഞാൻ അതേപ്പററി പത്രത്തിൽ വായിച്ച ഒരാളാണ്. ഏതായാലും കുരുക്ഷേത്രത്തിലേക്കാണ് ഈ രാജ്യത്തിലെ സംഭവഗതികൾ നീങ്ങുന്നതെങ്കിൽ കുരുക്ഷേത്ര യുദ്ധക്കളത്തിൽ ഈ രാജ്യത്തിലെ അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ ചെങ്കൊടിയും പിടിച്ച് ഞങ്ങളും കാണും. ആ കാര്യത്തിൽ സംശയമില്ല. പക്ഷേ ആ യുദ്ധക്കളത്തിൽ ഏതു സ്ഥാനത്ത്

LIBRARY ARCHIVES Kerala Legislative Assembly

എം. എനും, ടി. വി. യും നിൽക്കും? അങ്ങനെ കുരുക്ഷേത്ര യുദ്ധത്തിൽ ഞങ്ങൾ വീഴുമ്പോൾ കൗരവഭാഗത്ത് കാൺഗ്രസ്സ് കാണും, കേരള കാൺഗ്രസ്സ് കാണും, ഒരുപക്ഷേ മുസ്ലീം ലീഗും കണ്ടേക്കാം. അങ്ങനെ ഞങ്ങൾ തമ്മിൽ യുദ്ധം നടക്കുന്നതിനിടയിൽ പന്തുകളിയുടെ ഇടയിൽ പന്തുപെറുക്കുന്നതിന് പിള്ളർ നിൽക്കുന്നതുപോലെ നിൽക്കുന്ന നിങ്ങളുടെ പാർട്ടിക്ക് എന്തു സ്ഥാനമാണ് ഉണ്ടായിരിക്കുക? അത് നിങ്ങൾ ആലോചിച്ച് നോക്കണം. അങ്ങനെ കുരുക്ഷേത്രയുദ്ധം നടക്കുമ്പോൾ കുരുക്ഷേത്രത്തിൽ 'ഉത്തരൻ' വിളിച്ചതുപോലെ എന്റെ അമ്മയെ കാണണമെന്നു പറയരുതെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. കെ. അബു: സർ, ഐക്യമുന്നണി ഒരു പ്രത്യേക ദശാസന്ധിയിൽ എത്തിയ സന്ദർഭമാണ് ഇത്. ഇവിടത്തെ ഐക്യമുന്നണിയിലുണ്ടായിരുന്ന കക്ഷികളിൽ നാലു കക്ഷികൾ ഇന്നു മറെറാരു മുന്നണിയുണ്ടാക്കി വിട്ടുപോയിരിക്കുകയാണ്. തിരഞ്ഞെടുപ്പുകാലത്തുണ്ടായിരുന്ന അധികാരത്തിലെത്തിയ ഐക്യമുന്നണി ഇന്നു വാസ്തവത്തിൽ ഇല്ലാതായിരിക്കുകയാണ്. പക്ഷേ, 1968 ഏപ്രിൽ മാസത്തിൽത്തന്നെ ഈ ഐക്യമുന്നണിയുടെ ആത്മാവ് നശിച്ചു. ധാർമ്മികമായി ഐക്യമുന്നണി തകർന്നുപോയതാണെന്ന് ഞങ്ങളുടെ പാർട്ടി വിശ്വസിക്കുന്നു. എസ്. എസ്. പി. ടിക്കററിൽ വിജയിച്ച, ടിക്കററ് കിട്ടുന്നതിനു മുൻപ് ഞങ്ങളുടെ പാർട്ടിയുടെ പ്രതിജ്ഞയിൽ ഒപ്പിട്ട, എസ്. എസ്. പി. പാർട്ടി എപ്പോൾ ആവശ്യപ്പെട്ടാലും രാജിവയ്ക്കാമെന്നും, നിയമസഭാ സാമാജികത്വം മാത്രമല്ല, മന്ത്രിസ്ഥാനവും രാജിവയ്ക്കാമെന്ന് എഴുതിക്കൊടുത്ത് പാർട്ടിയുടെ ടിക്കററ് വാങ്ങിയ ആളുകൾ 1968-ൽ മാതൃസംഘടനയെ വഞ്ചിച്ച് ഈ പ്രസ്ഥാനത്തിൽനിന്ന് പുറകോട്ട് പോയപ്പോൾ, ശ്രീമാൻ പി. കെ. കുഞ്ഞും, പി. ആർ. കുറുപ്പും നിങ്ങൾ രാജിവച്ച് പിൻമാറണമെന്ന് ഞങ്ങളുടെ മാതൃസംഘടന ആവശ്യപ്പെട്ടിട്ട് അത് വകവയ്ക്കാതെ അട്ടകളെപ്പോലെ ഒട്ടിയിരുന്ന് കെ. എസ്. എസ്. പി. യാണെന്ന് പറഞ്ഞ് പാർട്ടിയിൽനിന്ന് വിട്ടുമാറിയപ്പോൾത്തന്നെ ഐക്യം ധാർമ്മികമായി നശിച്ചുകഴിഞ്ഞിരുന്നു. ഞങ്ങൾ ഈ കാര്യം കാണിച്ച് മുഖ്യമന്ത്രിക്കെഴുതി, എം. എൻ. ന്റെ പാർട്ടിയുടെ ജനറൽ സെക്രട്ടറിക്കെഴുതി, എല്ലാ പാർട്ടികളുടേയും നേതൃസ്ഥാനത്തിനെഴുതി, ഇവരെ മന്ത്രിസഭയിൽനിന്നു പറംതള്ളണമെന്ന്. നിങ്ങൾ ധാർമ്മികമായി ജനാധിപത്യ കീഴ്വഴക്കങ്ങൾക്ക് തയ്യാറാകണം, ഇവരെ ഐക്യമുന്നണിയിൽനിന്ന് പുറത്താക്കാൻ തയ്യാറാകണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടു. അതിന് പറഞ്ഞ മറുപടി, ചങ്ങലയിലെ ഒരു കണ്ണി പൊട്ടിപ്പോയാൽ എല്ലാം പോകുമെന്നാണ്. കുഞ്ഞിനേയും കുറുപ്പിനേയു വച്ചു പൊറുപ്പിച്ചപ്പോൾത്തന്നെ, 1968 ഏപ്രിൽ മുതൽതന്നെ ഈ ഐക്യമുന്നണി ധാർമ്മികമായി നശിച്ചുകഴിഞ്ഞു എന്നുതന്നെ ഞങ്ങൾ വിശ്വസിക്കുകയാണ്. അതിന് മാർക്സിസ്ററു പാർട്ടിയെയാണ് ഞങ്ങൾ പ്രധാനമായി കുററം പറയുന്നത്. ഐക്യമുന്നണിയിൽത്തന്നെ ഉറച്ചുനിൽക്കുകയും, കൂട്ടുപിടിച്ച് ഭരിക്കുകയും ചെയ്യുമെന്നു പറഞ്ഞിട്ട് ഇപ്പോൾ ഇ. എം. എസ്സിന്റെ സഹപ്രവർത്തകർ അദ്ദേഹത്തിനെതിരായി നീങ്ങുന്നത് ധാർമ്മികമായി ജനാധിപത്യത്തോട് കാണിച്ച തെററാണെന്നു ഞങ്ങൾ വിശ്വസിക്കുകയാണ്.

കുഞ്ഞുസാഹിബ്ബിനെതിരായി സഖാവ് വിൽസൻ ആരോപണം ഉന്നയിച്ചപ്പോൾ ഇന്ന് അഴിമതിക്കെതിരെ രോഷാകുലരായി ചിന്തിക്കുന്ന ആളുകൾ ഞങ്ങളെ എതിർത്തതാണ്. അതിന്റെ റിപ്പോർട്ട് ഇവിടെയുണ്ട്. ബഹു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. കെ. അബു]

മാനപ്പെട്ട ബാവാ സാഹിബ്ബും പി. എം. അബുബേക്കറും കുഞ്ഞുസാഹിബ്ബിനുവേണ്ടി വാദിച്ചവരാണ്. ഞങ്ങൾ എതിർത്തവരാണ്. മാത്രമല്ല ഞങ്ങൾ അഴിമതിയാരോപണം കൊണ്ടുവന്ന ഫോറം തെററിപ്പോയി എന്ന പേരിൽ ഞങ്ങളുടെ പേരിൽ നടപടികൾ നടത്തണമെന്നു പറഞ്ഞ് കത്തയച്ചിരുന്നവരാണ് ശ്രീ. ശേഷനും ശ്രീ. ബാഫക്കിതങ്ങളും. കോ-ഓർഡിനേഷൻ കമ്മിററി കൂടി തെററ് ചൂണ്ടിക്കാണിച്ചു എന്ന പേരിൽ ഞങ്ങളെ സെൻഷർ ചെയ്യാൻ എല്ലാ ഘടകപാർട്ടികളും ഒന്നായിച്ചേർന്ന് ഞങ്ങളെ ഒററപ്പെടുത്തുകയാണ് ചെയ്തത്. കോ-ഓർഡിനേഷൻ കമ്മിററിയിൽ കൊണ്ടുവരേണ്ടതിനുപകരം ഫോറം തെററി നിയമസഭയിൽ കൊണ്ടുവന്നു. ഐ. എസ്. പി. യിലെ ചന്ദ്രശേഖരൻ ഉൾപ്പെടെ ഐക്യമുന്നണിക്കെതിരായി നൂറുനൂറു പ്രസ്താവനകൾ ഇറക്കിയിട്ടുണ്ട്. 1947-നുശേഷം ഇൻഡ്യയിൽ വന്ന ഏററവും വലിയ തെററ് ഇതാണെന്നു പറഞ്ഞിട്ടുണ്ട്. ഇന്ന് നാലു പാർട്ടികൾ ചേർന്ന് ഒരു ചിന്നമുന്നണി ഉണ്ടാക്കി ഞങ്ങൾ ചെയ്ത തെററ് ആവർത്തിച്ചിരിക്കുകയാണ്. ഞങ്ങളെ സെൻഷർ ചെയ്യാമെങ്കിൽ ഇവരെ സെൻഷർ ചെയ്തുകൂടെ ? കെ. എസ്. എസ്. പി. ഇവിടെ ഒരു സാംസ്കാരിക വിപ്ലവം നടത്താൻ തീരുമാനിച്ചു. പതിനായിരം ആളുകളെ സംഘടിപ്പിച്ച് ഈ രാജ്യത്ത് ഒരു സാംസ്കാരിക വിപ്ലവം നടത്തുമെന്നും പറഞ്ഞു. അവരുടെ ഒരു മന്ത്രിയുടെ പേരിൽ അലിഗേഷൻ വന്നിട്ട് രണ്ടാമതൊരു മന്ത്രിയുടെ പേരിൽ അലിഗേഷൻ വന്നപ്പോൾ അവരുടെ സാംസ്ക്കാരിക വിപ്ലവത്തിന്റെ അന്ത്യം എത്തി. ശ്രീമാൻ പി. ആർ. കുറുപ്പ് ഇന്നലെ പ്രസംഗിച്ചപ്പോൾ ഞങ്ങളെ ശക്തിയായി ആക്ഷേപിക്കുകയുണ്ടായി. ഞങ്ങൾ ബംഗാളിൽ തല്ലുവാങ്ങുകയാണെന്നു പറഞ്ഞു. ശരിയാണ്. ഞങ്ങൾ തല്ലു മാത്രമല്ല വാങ്ങുന്നത് ഞങ്ങൾ അവിടെ മരിക്കുന്നുമുണ്ട്. മാർക്സിസ്ററു പാർട്ടിയുടെ ആളുകൾ 11 എസ്. എസ്. പി. ക്കാരെ കൊന്നിട്ടുണ്ട്. ഞങ്ങൾ അഞ്ച് ആളുകളെ കൊന്നിട്ടുണ്ട്. ബാക്കി ആളുകളെ കൊല്ലാൻ ശ്രമിക്കുന്നുമുണ്ട്. അത് അവിടെ നടക്കുന്നു. അത് വേറൊരു കാര്യമാണ്. ആ കാരണം കൊണ്ട് ഐക്യമുന്നണിയുമായുള്ള ബന്ധം അവസാനിപ്പിക്കണമെന്നു ഞങ്ങൾ തീരുമാനിച്ചിട്ടില്ല.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ധീരന്മാർ.

ശ്രീ. കെ. കെ. അബു: ധീരന്മാർതന്നെയാണ്, ഭീരുക്കളല്ല. സി. എച്ച്. ന് സംശയം വേണ്ട. ശ്രീ. എം. എൻ ഗോവിന്ദൻ നായർ ഇവിടെ ചില കണക്കുകൾ ഉദ്ധരിക്കുകയുണ്ടായി. 8 ബലാൽസംഗ കേസുകൾ 201, രാഷ്ട്രീയ കൊലപാതകങ്ങൾ, 500-ൽപരം പരിക്കേററവർ ഇതൊക്കെ നടന്നിട്ടുണ്ടെന്നു പറഞ്ഞു. ശ്രീ. എം. എൻ. ഗോവിന്ദൻ നായരും മന്ത്രിസഭയുടെ ഈ കൂട്ടക്കൊലയ്ക്ക് ഉത്തരവാദികളാണ്. രാജി വച്ചിട്ടുവേണമോ ഇതു പറയാൻ. ബംഗാളിൽ നടക്കുന്ന കൂട്ടക്കൊലയ്ക്ക് ഞങ്ങൾ പങ്കാളിത്തം നിൽക്കുന്നുണ്ടെങ്കിലും ഞങ്ങൾ മന്ത്രിസഭയിൽ ഇല്ല. ഞങ്ങൾ അവിടെ മന്ത്രിസ്ഥാനം സ്വീകരിച്ചിട്ടില്ല. മന്ത്രിസഭയിൽ സീററുകൾ ഞങ്ങൾക്ക് തന്നിട്ടുപോലും ഞങ്ങൾ അതു സ്വീകരിച്ചിട്ടില്ല.

ശ്രീമതി കെ. ആർ. ഗൗരി: എം. എൻ. പറഞ്ഞത് ബംഗാളിനെക്കുറിച്ചാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. വി. തോമസ്: റവന്യൂമന്ത്രിക്ക് യീൽഡ് ചെയ്തുകൊണ്ട് എനിക്കും ഒരു ചോദ്യം ചോദിക്കണം. പുതിയ വിരോധം തീർക്കുന്നതിനു മാത്രമായിട്ട് തീർച്ചയായിട്ടും മാർക്സിസ്റ്റു മുന്നണി മന്ത്രിസഭയിൽ ചേരണമെന്ന് അപേക്ഷിക്കുകയാണ്.

ശ്രീ. കെ. കെ. അബു: ഞാൻ ഒരു കുടുംബത്തിന് വഴങ്ങിക്കഴിഞ്ഞു. ഇനിയാർക്കും വഴങ്ങാൻ തയ്യാറില്ല. ഒരു കാര്യം വ്യക്തമായി പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഞങ്ങൾ മന്ത്രിസഭയിൽ ചേരാൻ ഇന്നു തീരുമാനിച്ചിട്ടില്ല. ഞങ്ങൾ അതിനുവേണ്ടി വെമ്പി നടക്കുന്ന ആളുകളല്ല. മന്ത്രിസഭയിൽ ചേരണമോ വേണ്ടയോ എന്നു തീരുമാനിക്കുന്നത് ഞങ്ങളാണ്. ഇന്നുവരെ ഞങ്ങൾ ഇതിനെപ്പററി തീരുമാനിച്ചിട്ടില്ല. അതു വിട്ടുകളയൂ. ഞങ്ങളുടെ മന്ത്രിമാർ രാജിവയ്ക്കണമെന്നു പറഞ്ഞപ്പോൾ ഡെൽഹി പ്രമേയത്തിൽ വളരെ വ്യക്തമായി പറഞ്ഞു, കോ-ഓർഡിനേഷൻ കമ്മിററിയിൽ എസ്. എസ്. പി. പങ്കെടുക്കണമെന്ന്. കോൺഗ്രസിതര മുന്നണിയെന്നു പറഞ്ഞാൽ ഞങ്ങൾ കാണുന്നത് അതാണ്. അതിനുവേണ്ടിയാണ് ഞങ്ങൾ നിലകൊള്ളുന്നത്. ശ്രീ. കുറുപ്പ് ഇന്നലെ പറയുകയുണ്ടായി ഞങ്ങൾ ഭിക്ഷാംദേഹികളെപ്പോലെ നടക്കുകയാണെന്ന്. ഞങ്ങൾ അന്തസ്സുള്ള ഒരു പൊളിററിക്കൽ പാർട്ടിയാണ്. ഞങ്ങൾക്ക് ഭിക്ഷാംദേഹികളെപ്പോലെ നടക്കേണ്ടതില്ല. മന്ത്രിസ്ഥാനം രാജിവയ്ക്കണമെന്നു പറഞ്ഞപ്പോൾ മാതൃസംഘടന വിട്ടിട്ട് അഖിലേൻഡ്യ പ്രസ്ഥാനം ഉണ്ടാക്കാൻവേണ്ടി ഇൻഡ്യ മുഴുവൻ കറങ്ങിത്തെണ്ടി ഉണ്ടാക്കിയ പാർട്ടി ഏതാണെന്ന് എല്ലാവർക്കുമറിയാം. ഭാരതസോഷ്യലിസ്ററു പാർട്ടി. സുൽത്താൻബത്തേരിയിൽ ഒരു ഇൻഡ്യൻ ക്ലോത്ത് സ്റേറാഴ്സ് ഉണ്ട്. ഇൻഡ്യൻ എന്ന പേരുള്ളതുകൊണ്ട് അഖിലേൻഡ്യ സ്റേറാഴ്സാകുമോ; അതുകൊണ്ട് എന്തുപേരുവേണമെങ്കിലും ഇടാവുന്നതാണ്. പാനൂരിന്റെ പരിസരങ്ങളിലും, യു. പി. യിലും, ബീഹാറിലും ഉള്ള കച്ചവടക്കാരെ പിടിച്ച് ഒരു ഭാരത സോഷ്യലിസ്ററു പാർട്ടി ഉണ്ടാക്കിയിട്ട് അതിൽ ചന്ദ്രശേഖരൻ ചെയർമാനായിരുന്നാൽ അത് ഭാരത സോഷ്യലിസ്ററു പാർട്ടിയാകുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. ഇവിടെയൊരു അലിലേൻഡ്യാ പാർട്ടി ഉണ്ടാക്കി എടുക്കാൻ ശ്രീ. ചന്ദ്രശേഖരൻ ഒരു അലിലേൻഡ്യാ പര്യടനം നടത്തി. പക്ഷേ എന്താണുണ്ടായത്. കീലേരി സർക്കസിന്റെ ടെൻറടിക്കുന്നതുപോലെ ഇൻഡ്യയിൽ തെണ്ടിത്തിരിഞ്ഞതല്ലാതെ ഒരു അഖിലേൻഡ്യ പാർട്ടിയുണ്ടാക്കാൻ സാധിച്ചിട്ടില്ല. ഞങ്ങൾ ഭിക്ഷാംദേഹികളെന്നും ശിങ്കിടിപാടുന്നവരെന്നും പറയുന്നുണ്ട്. കാൺഗ്രസിനോടു കൂട്ടുചേർന്ന് മുന്നണിയെ തകർക്കാൻ നിലകൊള്ളുന്ന ആളുകൾക്ക് ഞങ്ങളെ ശിങ്കിടി പാടുന്നവരെന്നും ഭിക്ഷാംദേഹികളെന്നും വിളിക്കാൻ അവകാശമില്ല. ശ്രീ. മജീദ് പ്രസംഗിച്ചപ്പോൾ എനിക്ക് നാണക്കേടു തോന്നി. പി. ആർ. കുറുപ്പ് ഉൾപ്പെടെയുള്ള നാലു മന്ത്രിമാരെക്കുറിച്ചും അന്വേഷണം നടത്തണമെന്നു പറഞ്ഞപ്പോൾ, ഞങ്ങളുടെ നേരെ കല്ലെറിഞ്ഞവർ ഇപ്പോൾ എവിടെ നിൽക്കുന്നു ആരിലൂടെ നിൽക്കുന്നു എന്നു ഞങ്ങൾ സംശയം ഉന്നയിച്ചുപോവുകയാണ്. എനിക്ക് ഇൻഡ്യൻ കമ്മ്യൂണിസ്ററു പാർട്ടിയെപ്പററി അലിഗേഷനില്ല. ഞങ്ങൾ അലിഗേഷൻ കൊണ്ടുവന്നിട്ടില്ല. ചതുർമുന്നണി യോഗത്തിൽ ഒരു മന്ത്രി പ്രസംഗിക്കുന്നതു കേട്ടു, രണ്ടുകാലിലും നീരുള്ളവൻ ഒരുകാലിൽ നീരുള്ളവനെ മന്തനെന്നു വിളിക്കുന്നതുപോലെ അഴിമതിക്കാരായ മന്ത്രിമാർ മററുള്ളവർ അഴിമതിക്കാരാണെന്നു പ്രസംഗിക്കുന്നതു കേട്ടു. ഞങ്ങളുടെ പാർട്ടിയെ സംബന്ധിച്ചു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. കെ. അബു]

പറഞ്ഞാൽ ഞങ്ങളുടെ പരിപാടിയുടെ അടിസ്ഥാനത്തിലുള്ള കാൺഗ്രസിതര മുന്നണിയുടെ വിജയത്തിനുവേണ്ടിയാണ് ശ്രമിക്കുന്നത്. ആ കാര്യം വളരെ വ്യക്തമായി പറയാൻ ഞാനാഗ്രഹിക്കുകയാണ്. അതേയവസരത്തിൽ ഞങ്ങൾ വ്യക്തമായി പറയുകയുണ്ടായി. ഒരു നിയമസഭാകമ്മിററി മാത്രമായിരിക്കണം പ്രഥമദൃഷ്ട്യാ കേസുണ്ടോ എന്ന് പരിശോധിക്കേണ്ടതെന്ന്. മാർക്സിസ്ററുപാർട്ടി അത് അംഗീകരിച്ചിട്ടില്ല. ഞങ്ങൾക്കതിൽ പ്രതിഷേധമുണ്ട്. ആ കാര്യത്തിൽ യാതൊരു സംശയവുമില്ല. കോ-ഓർഡിനേഷൻ സബ്കമ്മിററി അന്വേഷിക്കുമെന്നു പറഞ്ഞാൽ ഞങ്ങൾക്കു സ്വീകാര്യമല്ല. ഇതു പണ്ട് കാൺഗ്രസ്സുകാർ പറഞ്ഞ കാര്യമാണ്. ക്യാബിനററിന്റെ സബ്കമ്മിററി അന്വേഷിക്കാമെന്നു പറഞ്ഞാൽ ഞങ്ങൾക്ക് സ്വീകാര്യമല്ല. ഞങ്ങൾ ഇന്നും ഈ വാദത്തിൽ ഉറച്ചുനിൽക്കുകയാണ്. ഇങ്ങനെയൊരു നില സ്വീകരിച്ചിരുന്നെങ്കിൽ ഇക്കാര്യത്തിലുള്ള പ്രതിസന്ധി ഉണ്ടാകുമെന്നു ഞങ്ങൾ വിശ്വസിക്കുന്നില്ല. ഈ നിലക്ക് പ്രഥമദൃഷ്ട്യാ കേസുണ്ടോ എന്നു പരിശോധിക്കാത്തവിധത്തിലുള്ള ഒരു അന്വേഷണത്തിനു വിധേയരാകുന്ന വിധത്തിലുള്ള പ്രമേയം കൊണ്ടുവരികയും ആ പ്രമേയത്തിനു വേണ്ടി മററു കക്ഷികൾ കൂട്ടായി നിൽക്കുകയും ചെയ്യുക എന്നു പറഞ്ഞാൽ അതിന്റെ അർത്ഥം ഈ മുന്നണിയെ പൊളിച്ചുകളയാമെന്നാണ്. ആരു പൊട്ടുന്നു എന്തിനുവേണ്ടി പൊട്ടുന്നു എന്നുള്ള കാര്യം ജനങ്ങൾ വിധിയെഴുതിക്കൊള്ളും. ഞങ്ങളെ സംബന്ധിച്ചുപറഞ്ഞാൽ ഞങ്ങൾ ഒരു ചെറിയ പാർട്ടിയാണ്. അതുപോലെ ശ്രീ. പി. ആർ. കുറുപ്പ് പറയുകയുണ്ടായി. മണിസൗധങ്ങൾ ഉയർന്നു വന്നിരിക്കുന്നു എന്ന്. ആരുടെ മണിസൗധങ്ങൾ സർ ? ശ്രീ. കുറുപ്പിന്റെ സൗധത്തെക്കുറിച്ച് ഇവിടെ പറയണമെങ്കിൽ രണ്ടുദിവസം കിട്ടിയാലും സമയം തികയുകയില്ല. ഒരാളിനെതിരെ കൊണ്ടുവരുന്ന ആരോപണങ്ങളും അവരെ അനുകൂലിക്കുന്ന ആളുകളുടെ പ്രസംഗങ്ങളുമെല്ലാം കേൾക്കുമ്പോൾ വലിയ അൽഭുതം തോന്നുകയാണ്. ഞങ്ങളെ സംബന്ധിച്ച് ഒരുറച്ച നിലപാടുണ്ട്. ഞങ്ങളുടെ പാർട്ടി ഒരു അഖിലേൻഡ്യാ പാർട്ടിയാണ്, അതിനൊരു അഖിലേൻഡ്യാ നയമുണ്ട്. മാസത്തിൽ മാസത്തിൽ കൂറുമാറാൻ സാദ്ധ്യമല്ല. കാൺഗ്രസിതര ഐക്യമുന്നണി എന്ന അടിസ്ഥാനത്തിൽ ഞങ്ങൾ ഉറച്ചു നിൽക്കുകയാണ്. അതിന് ശിങ്കിടി പാടുന്നവരെന്നും ഭിക്ഷാംദേഹികളെന്നും ആരും കണക്കാക്കേണ്ടതില്ല. ബംഗാളിനെക്കുറിച്ചു പറയാൻ കുറുപ്പിനോ കുറുപ്പിന്റെ പാർട്ടിക്കോ അധികാരമില്ല. അവർ പാനൂരിനെപ്പററി പറഞ്ഞാൽ മതി. അല്ലെങ്കിൽ കേരളത്തെക്കുറിച്ചു പറഞ്ഞാൽ മതി. ബംഗാളിൽ ഇവർക്ക് എന്തുണ്ട്, ബീഹാറിൽ എന്തുണ്ട്. ഭാരത സോഷ്യലിസ്ററു പാർട്ടിയെന്ന ലേബലൊട്ടിച്ചു നടന്നാൽ അതൊരു അഖിലേൻഡ്യാ സംഘടനയാകുമെന്നു ആരും പ്രതീക്ഷിക്കേണ്ട. ഈ നിലയ്ക്കുള്ള നീക്കങ്ങളെക്കുറിച്ചും മാററങ്ങളെക്കുറിച്ചും ഈ രാജ്യത്തെ ജനത വിധിയെഴുതുമെന്നു പറഞ്ഞുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. എൻ. കെ. ശേഷൻ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ വെള്ളിയാഴ്ച ഈ നിയമസഭയിൽ ചെയ്ത പ്രസ്താവന ഏററവും മിതമായ ഭാഷ ഉപയോഗിച്ചു പറഞ്ഞാൽ ജനാധിപത്യ മര്യാദകൾക്കും പാർലമെൻററി മര്യാദകൾക്കും സർവ്വോപരി വ്യക്തിപരമായി സഹപ്രവർത്തകന്മാർ തമ്മിൽ ഉണ്ടാകേണ്ടതായ മര്യാദയുടെ കടയ്ക്കൽ കത്തിവച്ച ഒരു പ്രസ്താവനയായിരുന്നു എന്നു പറയാൻ ഞാൻ അശേഷം മടിയ്ക്കുന്നില്ല. ഇതിനെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച് കൂടുതൽ സംസാരിക്കുന്നതിനുമുമ്പ് എന്റെ സുഹൃത്ത് ഇ. എം. ജോർജ്ജ് ഇവിടെ ചെയ്ത പ്രസംഗത്തെപ്പററി ഒരു കാര്യം എടുത്തുപറയാൻ ഞാനാഗ്രഹിക്കുന്നു. അദ്ദേഹം പറഞ്ഞു, മാർക്സിസ്ററു പാർട്ടി അഴിമതിക്കെതിരായിട്ടുള്ള ഈ കുരിശുയുദ്ധത്തിൽ ഒന്നിലും പിൻതിരിഞ്ഞിട്ടില്ലെന്നും എല്ലാ അഴിമതിയാരോപണങ്ങളെ സംബന്ധിച്ചും അന്വേഷണം നടത്താൻ തയ്യാറാണെന്നും. എട്ടുകാലി മമ്മൂഞ്ഞിനെപ്പോലെ നാട്ടുകാരുടെ ഗർഭം മുഴുവൻ ഏറെറടുത്തിരിക്കുന്നതായ സംഭവത്തോടുകൂടി, ഈ നാട്ടിൽ എല്ലാവരാലും അഴിമതിക്കാരനെന്ന് ആവർത്തിച്ചാവർത്തിച്ച് ആക്ഷേപിക്കുന്ന വെല്ലിംഗ്ടന്റെ ആരോപണമാകുന്ന ഗർഭം താങ്ങിക്കൊണ്ട് ഇത്രയും കാലം ഇവിടെ നടന്നിട്ട് ശ്രീ. ഇ. എം. ജോർജ്ജ് ഇപ്പോൾ പറയുകയാണ് ഞങ്ങളുടെ കക്ഷി അഴിമതിക്ക് എതിരാണെന്ന്. ഇത്രയും വലിയ ഒരു നുണ, വെയിലത്തിട്ടാൽ വാടാത്ത നുണ, കറുത്ത നുണ വേറെ ആർക്കെങ്കിലും പറയാൻ സാധിക്കുമോ എന്നു സംശയമാണ്. ഈ അവസരത്തിൽ ഒരു കഥയാണ് എനിക്കോർമ്മവരുന്നത്. എന്റെ ക്രൈസ്തവ സുഹൃത്തുക്കൾ ഇതിൽ തെററിദ്ധരിക്കരുത്. ഇതൊരു ക്രൈസ്തവ പുരോഹിതന്റെ കഥയാണ്. ഒരു ഇടവക പള്ളിയിൽ ഒരു പുരോഹിതൻ ഉണ്ടായിരുന്നു. അദ്ദേഹം ഒരു ദിവസം തന്റെ മുറിയിൽ കുറെ പിള്ളേരെ വിളിച്ചു വരുത്തി. എന്നിട്ട് എന്റെ കൈയിൽ ഒരു മൽഗോവ മാമ്പഴം ഉണ്ട്, ഏററവും വലിയ നുണ പറയുന്ന ആൾക്ക് ഇത് തരാൻ പോവുകയാണെന്നു പറഞ്ഞു. ശോശാമ്മയുടെ മകൻ ഫ്റാഞ്ചി പറഞ്ഞു, ഞാൻ 50 കുല നേന്ത്രപ്പഴം ഒരിരുപ്പിൽ ഇരുന്നു് തിന്നിട്ടുണ്ട്. ഏലിയാമ്മയുടെ മകൻ ജോയി പറഞ്ഞു ഞാൻ 100 പെണ്ണുങ്ങളെ ഒന്നിച്ചു പ്രേമിച്ചിട്ടുണ്ട്. പിന്നൊരാൾ പറഞ്ഞു ഞാൻ 10 ടൺ ഭാരമുള്ള പാറക്കല്ല് തനിയെ എടുത്തുപൊക്കിയിട്ടുണ്ടെന്ന്. ഇങ്ങനെ ഓരോരുത്തരും അവരവരുടെ സരസ്വതീവിലാസംപോലെ കല്ലുവച്ച നുണകൾ പറയുകയുണ്ടായി. ഒടുവിൽ കുട്ടികൾ പറഞ്ഞു, അച്ചൻ ചെയ്തിട്ടുള്ള നുണകൾ കേൾക്കട്ടെയെന്ന്. അപ്പോൾ അച്ചൻ പറഞ്ഞു, ''ഞാൻ നുണയേ പറഞ്ഞിട്ടില്ല.'' ഇത്രയും വലിയ നുണ ആരും പറഞ്ഞിട്ടില്ല, അതുകൊണ്ട് കൊടുക്കണം അച്ചന് മാമ്പഴം എന്ന് കുട്ടികളെല്ലാവരും കൂടി പറഞ്ഞു. ശ്രീ. ഇ. എം. ജോർജ്ജ് മാർക്സിസ്ററു പാർട്ടി യാതൊരഴിമതിയ്ക്കും അന്വേഷണ പ്രവർത്തനങ്ങൾക്കും എതിരായി പ്രവർത്തിച്ചിട്ടില്ലെന്നു പറഞ്ഞപ്പോൾ എനിക്കോർമ്മവന്നത് ഈ കഥയാണ്. എന്താണു സർ, ഈ നാട്ടിലുണ്ടായത് ? ഐക്യമുന്നണി നശിച്ചുകഴിഞ്ഞിരിക്കുകയാണ്.

<u>ശ്രീ. ആർ. എസ്. ഉണ്ണി:</u> വില്ലിംഗ്ടന്റെ പൂച്ചെണ്ടാണ് മൽഗോവാപഴം.

<u>ശ്രീ. എൻ. കെ. ശേഷൻ:</u> ഇഷ്ടംപോലെ വ്യാഖ്യാനിക്കാം. ഐക്യമുന്നണി ഈ പ്രതിസന്ധിയിൽ എത്തിയിട്ടുള്ളതിന്റെ ചരിത്രപരമായ വിശകലനം ആദ്യം മുതൽ എടുത്തുനോക്കിയാൽ മനസിലാക്കാൻ സാധിക്കുന്നത് മാർക്സിസ്ററു പാർട്ടിയുടെ വലിയേട്ടൻ മനോഭാവവും തങ്ങളുടെ കൂടെ നിൽക്കുന്നവരെ ധൃതരാഷ്ട്രാലിംഗനം കൊണ്ട് കൊല്ലുകയും മററു തരത്തിൽ നശിപ്പിക്കാനുള്ള മനോഭാവം മൂലവുമാണെന്നു ഞാൻ പറഞ്ഞറിയിക്കേണ്ട ആവശ്യമില്ല. എന്താണു സാർ ഇവർ ചെയ്തത് ? ബഹുഭൂരിപക്ഷം ജനങ്ങളുടെ വോട്ടാകുന്ന അകമ്പടിയോടകൂടി അധികാരത്തിൽ വരാൻ സാധിച്ച ഐക്യമുന്നണിക്ക് ഈ നാട്ടിൽ ഈ കഴിഞ്ഞ 32 മാസത്തിനകം ഒന്നും ചെയ്യാൻ സാധിക്കാതെ പോയതിന്റെ ഏററവും പ്രധാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എൻ. കെ. ശേഷൻ]

ഉത്തരവാദിത്വം മാർക്സിസ്ററു പാർട്ടിയുടെ അത്താണിയിൽ നിന്നുണ്ടായതാണെന്നു പറയുമ്പോൾ ഞങ്ങളെ തിരിഞ്ഞുനിന്നു കുത്തുന്നതിനും ഞങ്ങളെ ലികിഡേററു ചെയ്യുന്നതിനും ഞങ്ങളെയെല്ലാം പ്രതിക്കൂട്ടിൽ കയററുന്നതിനും ഞങ്ങളുടെ മന്ത്രിമാരേയും സഹപ്രവർത്തകരെയും എറിഞ്ഞു വീഴ്ത്തുന്നതിനും വേണ്ടി ജുഗുപ്സാവഹമായ, മനുഷ്യത്വവിഹീനമായ നടപടിയാണ് മാർക്സ്സ്ററു പാർട്ടി കൈക്കൊണ്ടിട്ടുള്ളത്. ആദ്യമായി അവർ പിടിച്ചത് സഖാവ് കുഞ്ഞുസാഹിബിനെയാണ്. കുഞ്ഞുസാഹിബ് അഴിമതിക്കാരനാണെന്ന് ശ്രീ. വിൽസനും മററും ആരോപണം ഉന്നയിച്ചപ്പോൾ കോഓർഡിനേഷൻ കമ്മിററിയിൽ അതിനേപ്പററിചർച്ച ചെയ്യുകയുണ്ടായി. ഞാനും ആ ചർച്ചയിൽ പങ്കെടുത്ത ആളാണ്. കോഓർഡിനേഷൻ കമ്മിററി ചർച്ച ചെയ്തെടുത്ത തീരുമാനം കുഞ്ഞുസാഹിബ് മെക്കയിലേയ്ക്കു പോയിരിക്കുന്നതുകൊണ്ട് അദ്ദേഹം മടങ്ങിവന്നിട്ട് അദ്ദേഹത്തിൻെറ കൈയിൽനിന്നും അദ്ദേഹത്തിനു പറയാനുള്ള വിശദീകരണം കിട്ടിയശേഷം എന്തു ചെയ്യണമെന്നുള്ളതിനെ സംബന്ധിച്ച് ആലോചിക്കാമെന്നാണ്. ഈ തീരുമാനമാണ് യഥാർത്ഥത്തിൽ ഏകോപനസമിതിയിൽവെച്ച് എടുത്തിട്ടുള്ളത്. പക്ഷെ അങ്ങനെയൊരു തീരുമാനംപോലും എടുത്തിട്ടില്ലെന്നുള്ള ഭാവത്തിൽ മുഖ്യമന്ത്രി എത്രയും വലിയ ഒരു കാര്യം ചെയ്തു. എന്താണദ്ദേഹം ചെയ്തത്? ഒരു സഹപ്രവർത്തകനെതിരായി അഴിമതിയാരോപണം വന്നപ്പോൾ അന്വേഷണത്തിനു വിടുക എന്ന ഏററവും പ്രധാനപ്പെട്ട ഒരു കാര്യം ഏതു രീതിയിലാണ് കൈകാര്യം ചെയ്തിട്ടുള്ളതെന്നു ഞാൻ ഓർത്തുപോകുകയാണ്, എന്തിനധികം പറയുന്നു, മുഖ്യമന്ത്രി ഇന്നു കാലത്ത് പ്രസംഗിച്ചപ്പോൾ തന്നെ പറയുകയുണ്ടായി ഐക്യമുന്നണിയിൽപ്പെട്ട എല്ലാവർക്കും ഒരുപോലെ അധികാരവും അവകാശവും ഉണ്ട്, വലിയവരും ചെറിയവരും ഒന്നുമില്ലെന്ന്. ഞാൻ ചോദിക്കട്ടെ സർ, ഇത്രയും മര്യാദയുടെ ഗിരിശൃംഗത്തിൽ കയറിനിന്ന് പ്രസംഗിക്കുന്നതായ മുഖ്യമന്ത്രി കുഞ്ഞുസാഹിബിനെ ഈ മന്ത്രിസഭയിൽനിന്നും പുറത്താക്കാനുള്ള സാഹചര്യം സൃഷ്ടിക്കുന്നതിനുമുമ്പ് ഏററവും പ്രാഥമികമായ മര്യാദയെങ്കിലും കാണിക്കുന്നതിനുവേണ്ടി ഞങ്ങളുടെ പാർട്ടിയുടെ നേതാവായ ശ്രീ. പി. ആർ. കുറുപ്പിനെ കണ്ട് ഒരു വാക്കെങ്കിലും ചോദിക്കുകയുണ്ടായോ? ഇതെന്തു മര്യാദയാണ് തിരുമേനി? ഇതാണോ അങ്ങു ഞങ്ങളെ പഠിപ്പിച്ചുതരുന്നതെന്നു ചോദിക്കുവാൻ ഞാനാഗ്രഹിക്കുകയാണ്. ഇതൊരു ചെറിയ കാര്യമല്ല സർ. ഇന്നാട്ടിലെ ജനോപകാരപ്രദമായ കാര്യങ്ങൾ ചെയ്യുന്നതിനുവേണ്ടി, ധനാഗമമാർഗ്ഗങ്ങൾ പരിപോഷിപ്പിക്കുന്നതിനു അനവധിയനവധി മാർഗ്ഗങ്ങൾ ആരാഞ്ഞുകൊണ്ട് ഈ സർക്കാരിൻെറ ഖജനാവു വീർപ്പിക്കുവാൻവേണ്ടി പരിശ്രമിച്ചുകൊണ്ടിരുന്ന കുഞ്ഞുസാഹിബ്ബിനെ ഏററവും നികൃഷ്ടമായ, ഏററവും ജനാധിപത്യവിരുദ്ധമായ, ലജ്ജാകരമായ രീതിയിൽ പുകച്ചു പുറത്തു തള്ളുന്നതിന് ഇവർക്കു വിഷമമുണ്ടായിരുന്നില്ല. എന്നിട്ട് ഇപ്പോൾ വലിയവലിയ ജനാധിപത്യത്തിൻേറയും സൽഭരണത്തിൻേറയും എല്ലാം കാര്യങ്ങൾ പറയുകയാണ്. ഞാൻ അതിലേയ്ക്ക് അധികം കടക്കണമെന്നു വിചാരിക്കുന്നില്ല.

സർ, വേറൊരു കാര്യം എനിക്ക് ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കുവാനുണ്ട്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുകയുണ്ടായി, ഈ ചർച്ചയുടെ അവസാനം (മററന്നാൾ) ഒരു പ്രമേയം എനിക്കെതിരായി പാസ്സാകുകയാണെങ്കിൽ അതിനെ ഞാൻ അവിശ്വാസമായി കണക്കാക്കുമെന്ന്. എന്തിനു മററന്നാൾ വരെ നിൽക്കണം സർ? ഞാൻ കഴിഞ്ഞ ചരിത്രത്തിലേയ്ക്കു നിങ്ങളുടെ ശ്രദ്ധയെ ക്ഷണിക്കുകയാണ്. കഴിഞ്ഞ ആഗസ്ററ് 22-ാം തീയതി

LIBRARY ARCHIVES Kerala Legislative Assembly

ഒരു പ്രമേയം പാസ്സാക്കാനുള്ള പരിശ്രമമുണ്ടായി. അതു നടന്നിട്ടില്ല. ഒക്ടോബർ 3-ാം തീയതി ഒരു പ്രമേയം ഇവിടെ പാസ്സാക്കുകയുണ്ടായി. ആ പ്രമേയം എന്താണു സർ? മുഖ്യമന്ത്രി പല തവണ ആവർത്തിച്ച് നിർദ്ദോഷിയാണെന്നു പ്രഖ്യാപിച്ചിട്ടുള്ള ശ്രീ. വെല്ലിംഗ്ടനെതിരായി ഞങ്ങൾ പാസ്സാക്കിയ പ്രമേയമാണത്. എങ്ങനെ പാസ്സാക്കിയെന്നുള്ള രാഷ്ട്രീയകാര്യങ്ങൾ അവിടെയിരിക്കട്ടെ. മുഖ്യമന്ത്രി പറഞ്ഞിട്ടുള്ളതാണ് വെല്ലിംഗ്ടൺ നിർദ്ദോഷിയാണെന്ന്. ഈ നിയമസഭയിലെ ഭൂരിപക്ഷം പറഞ്ഞു ശ്രീ. വെല്ലിംഗ്ടനെതിരായി നടപടിയെടുക്കണമെന്ന്. ഇതിനെക്കാൾ വലുതായ ഒരവിശ്വാസപ്രമേയം ഉണ്ടോ സർ? എന്തുകൊണ്ടു 3-ാം തീയതി മുഖ്യമന്ത്രി രാജിവെച്ചില്ല? കുറെ ദിവസംകൂടി അധികാരത്തിൽ കടിച്ചുതൂങ്ങിയശേഷം ഇപ്പോൾ പറയുകയാണ് 'അവിശ്വാസം കൊണ്ടുവാ, അവിശ്വാസം കൊണ്ടുവാ' എന്ന്. ഈ വരുന്ന വെള്ളിയാഴ്ച അവിശ്വാസത്തിന്റെ കൊലച്ചോറു കൊണ്ടുകൊടുക്കുമ്പോൾ അതു ഭുജിച്ചിട്ട് അതിന്റെ പേരിൽ മാത്രം അന്ത്യകൂദാശകളൊന്നും കൂടാതെ കർത്താവിൽ വിലയം പ്രാപിക്കുകയാണെങ്കിൽ അതു ഞങ്ങൾ കാണാൻ പോകുകയാണ്. അതുകൊണ്ടാണ് 4-ാം തീയതി എന്തുകൊണ്ടു രാജിവെച്ചില്ല എന്നു ആവർത്തിച്ചാവർത്തിച്ചു ചോദിക്കുന്നത്.

മുഖ്യമന്ത്രിയുടെ സബ്ജക്റ്റീവ് സാററിസ്ഫാക്ഷന്റെ കാര്യം പറയാതിരിക്കുകയാണ് ഭേദം. ഇത്രയധികം കപ്രീഷ്യസ് (capricious) ആയിട്ടുള്ള ഒരു സബ്ജക്ടീവ് സാററിസ്ഫാക്ഷൻ ഒരു ഐക്യമുന്നണി ഗവൺമെൻറിന്റെ തലവനിൽനിന്നും പ്രതീക്ഷിക്കാൻ നിവൃത്തിയില്ല. ഒരൊററ കക്ഷി ഭരിക്കുന്നതാണെങ്കിൽപോലും നേതാവിന്റെ സബ്ജക്ടീവ് സാററിസ്ഫാക്ഷന് ചില പരിമിതികളുണ്ട്. ഇവിടെ ഏഴെട്ടു പാർട്ടികൾ ഒരു യുണൈററഡ് ഫ്രണ്ടായി പ്രവർത്തിക്കുകയാണ്. ഈ യുണൈററഡ് ഫ്രണ്ടിലെ മന്ത്രിമാരെ നിയമിച്ചത് ശ്രീമാൻ ഇ. എം. എസ്. നമ്പൂതിരിപ്പാടല്ല. ശ്രീ. നമ്പൂതിരിപ്പാടിനെ മന്ത്രിസഭ രൂപീകരിക്കുവാൻ ഗവർണ്ണർ ക്ഷണിച്ചത് മററുള്ള കക്ഷികളുടെ നേതാക്കൻമാർ ഗവർണ്ണർക്ക് സമ്മതം കൊടുത്തിട്ടാണ്. ഞാൻ ഇതു ചൂണ്ടിക്കാണിക്കുന്നത് ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് ഈ രാജ്യത്തു ഒരു ഗവൺമെൻറുണ്ടാക്കിയിട്ടുണ്ടെങ്കിൽ മററുള്ള കക്ഷികളുടെസഹായത്തോടും സൗമനസ്യത്തോടുംപിന്തുണാവാഗ്ദാനത്തോടും കൂടിയാണ്. ഇത് ഇവിടത്തെ സാഹചര്യത്തിന്റെ ഒരു പ്രത്യേകതയാണ്. ഞങ്ങളുടെ മന്ത്രിമാർ ഞങ്ങളുടെ പാർട്ടി നിശ്ചയിക്കുന്ന മന്ത്രിമാരാണ്. ഐക്യമുന്നണി എന്നുള്ള തത്വത്തിനകത്തുനിന്നു പ്രവർത്തിക്കുമ്പോൾ മുഖ്യമന്ത്രിയെന്നു പറയുന്ന ഗവൺമെൻറിന്റെ തലവന് ഇഷ്ടംപോലെ എന്തും ചെയ്യാൻ അധികാരമുണ്ടെന്നു ഞങ്ങൾ വിശ്വസിക്കുന്നില്ല. പുതിയ പുതിയ കീഴ്വഴക്കങ്ങൾ വേണമെന്നു നാം ആവശ്യപ്പെടുമ്പോൾ യുണൈററഡ് ഫ്രണ്ട് ഗവൺമെൻറ് എന്നുള്ളത് ഈ കാലഘട്ടത്തിലെ പ്രധാനപ്പെട്ട ഒന്നായി അംഗീകരിക്കേണ്ടി വന്നിരിക്കുകയാണ്. ഈ രാഷ്ട്രീയ സാഹചര്യത്തിൽ ഒരു മുഖ്യമന്ത്രി എങ്ങനെ പെരുമാറണമെന്നുള്ളതിനെ സംബന്ധിച്ച് പുതിയ പുതിയ കീഴ്വഴക്കങ്ങൾ ഉണ്ടാകണം. അതിനെപ്പററി ചിന്തിക്കുമ്പോൾ നമ്മുടെ മുഖ്യമന്ത്രി ആദ്യം മുതൽ ഇന്നേവരെ ഏകാധിപത്യപരമായി, തന്റെ പാർട്ടിയുടെ ഇഷ്ടപ്രകാരം പോളിററ് ബ്യൂറോയുടെ കൽപനയനുസരിച്ച് തന്റെ സഹപ്രവർത്തകരെയെല്ലാം അരിഞ്ഞുവീഴ്ത്തിക്കൊണ്ടുള്ള പ്രവർത്തനങ്ങളുമായിട്ടാണ് മുന്നോട്ടു നീങ്ങിയിട്ടുള്ളതെന്നു കാണാൻ വിഷമമില്ല. ഇതിനെക്കുറിച്ച് ഈ സന്ദർഭത്തിൽ ഇതിൽ കൂടുതലായൊന്നും പറയാൻ ഞാനാഗ്രഹിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എൻ. കെ. ശേഷൻ]

ഈ സന്ദർഭം ഉപയോഗപ്പെടുത്തിക്കൊണ്ട് ഞാൻ അങ്ങയ്ക്കു നോട്ടീസ് നൽകിയിട്ടുള്ള ഇവിടെ പഞ്ചപാണ്ഡവൻമാരായി കഴിയുന്ന അഞ്ചു മന്ത്രിമാർക്കെതിരായി ഉള്ള ഏതാനും ചില ആരോപണങ്ങൾ ഉന്നയിക്കുവാൻ പോകുകയാണ്. ഇതിനെ സംബന്ധിച്ച് ഇന്നലെത്തന്നെ ഞാൻ അങ്ങയ്ക്ക് എഴുതിത്തന്നിട്ടുണ്ട്. ഇതുന്നയിക്കുവാൻ ചില പ്രത്യേകസാഹചര്യങ്ങളുമുണ്ട്. ഈ യുണൈറ്റഡ് ഫ്രണ്ടിനകത്തുള്ള ആൾക്കാർ ആരെങ്കിലും അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ടാലേ അന്വേഷണം നടത്തുകയുള്ളു എന്ന നിലപാടുണ്ട്. അഴിമതിയാരോപണം എവിടെനിന്നുണ്ടായാലും അതു ചൂണ്ടിക്കാണിക്കപ്പെട്ടാൽ അതിൻമേൽ അന്വേഷണം നടത്താനുള്ള വ്യഗ്രത മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്കുണ്ടായിരുന്നുവെങ്കിൽ ആർ. ഗോപാലകൃഷ്ണൻ നായർ ഉന്നയിച്ചാലും കൊള്ളാം ഞാൻ ഉന്നയിച്ചാലും കൊള്ളാം മറ്റേതു കക്ഷിക്കാരൻ ഉന്നയിച്ചാലും കൊള്ളാം. മുഖ്യമന്ത്രി ഉത്തരവിടുന്നതിനു ബാദ്ധ്യസ്ഥനാകേണ്ടതായിരുന്നു. പക്ഷേ, അദ്ദേഹം 'തൻപിള്ള പൊൻപിള്ള' എന്നുള്ള നയമാണ് സ്വീകരിച്ചത്. തന്റെ കക്ഷിക്കാരെല്ലാം അഴിമതിക്ക് അതീതരാണെന്നു വരുത്തിക്കൊണ്ട് ഞങ്ങളുടെ രണ്ടുമൂന്നു മന്ത്രിമാരെ മാത്രം തേടിപ്പിടിച്ച് അന്വേഷണവിധേയരാക്കിയിരിക്കുകയാണ്. ഈ സന്ദർഭത്തിൽ ഏതാനും ആരോപണങ്ങൾ ഞാൻ ഉന്നയിക്കുകയാണ്. ആദ്യമായി മുഖ്യമന്ത്രിയെ സംബന്ധിച്ചാണ്. എന്റെ സുഹൃത്ത് സഖാവ് മജീദ് ഇവിടെ ഉന്നയിച്ചിട്ടുള്ള ഇൻഡോ-പോൾ കമ്പനിക്ക് നാലിൽ ചില്വാനം ലക്ഷം രൂപ മുഖ്യമന്ത്രി നൽകിയിട്ടുള്ളതിന്റെ കഥ ഞാൻ വളരെ വിശദമായി എഴുതിക്കൊടുത്തിട്ടുണ്ട്. രണ്ടാമതായി അദ്ദേഹത്തിന്റെ സ്യാലനായ ശ്രീ. ഭട്ടതിരിപ്പാടിന് കൊടുത്തിട്ടുള്ള അനർഹമായ പ്രമോഷനാണ്. കോടതിയിൽനിന്നും റദ്ദാക്കിയ പ്രമോഷന്റെ കാര്യത്തിൽ സ്വജനപക്ഷപാതമുണ്ടെന്നു പറഞ്ഞാൽ അതെങ്കിലും അദ്ദേഹം നിഷേധിക്കുകയില്ലെന്നാണ് ഞാൻ വിശ്വസിക്കുന്നത്. കാരണം അത് അത്രയ്ക്കു വ്യക്തമായ ഒരു കാര്യമാണ്. മൂന്നാമതായി ലിപി പരിഷ്ക്കരണത്തിന്റെ പേരിൽ ദേശാഭിമാനിക്കു സ്ഥിരമായി ടൈപ്പു കടം നൽകുന്ന മദ്രാസിലെ ഒരു ടൈപ്പു ഫൗണ്ടറിക്ക് പതിനായിരം രൂപ കൊടുത്തിട്ടുള്ളതാണ്. എന്റെ സുഹൃത്ത് ശ്രീ. പി. ഗോവിന്ദപിള്ള ഇവിടെ ഉണ്ടെങ്കിൽ അദ്ദേഹത്തോടു ഞാൻ ചോദിക്കുകയാണ് ഇത്തരത്തിലുള്ള ഒരു സംഭവം ഉണ്ടായിട്ടുണ്ടോ എന്ന്. ഞങ്ങളുടെ പാർട്ടിയുടെ മന്ത്രിയായിരുന്ന ശ്രീ. പി. ആർ. കുറുപ്പിന്റെ നേരെ ഇരച്ചുകയറിയ അദ്ദേഹം—ദേഹത്തു കയറിയാൽ ചേരയും, കടിച്ചാൽ പാമ്പുമാണ്—ഇക്കാര്യത്തിൽ എന്തുകൊണ്ട് സ്വന്തം കക്ഷിക്കെതിരായി ആരോപണങ്ങൾ ഉയർന്നുവന്നപ്പോൾ അന്വേഷിച്ചില്ലെന്നു ഞാൻ ചോദിക്കുകയാണ്.

റവന്യൂ മന്ത്രിയെ സംബന്ധിച്ചാണെങ്കിൽ ആരോപണങ്ങളുടെ ഒരു ഘോഷയാത്ര തന്നെ വരച്ചുകാണിക്കുവാൻ കഴിയും. വട്ടോലി മാർക്കറ്റിൽ 37 സെൻറ് പുറംപോക്കു ഭൂമി കൊച്ചുദേവി പങ്കജാക്ഷി എന്ന സ്ത്രീക്ക് പതിച്ചുകൊടുത്തിട്ടില്ലേ? കൊല്ലത്ത് ഒരു ഷൺമുഖദാസ് എന്ന കാൺട്രാക്ടർ റവന്യൂ ഡിപ്പാർട്ടുമെൻറിലേയ്ക്ക് നാലര രൂപ വെച്ച് അൻപതിനായിരം സർവേക്കല്ലുകളുടെ സപ്ലൈ ഏറ്റെടുത്തു. എന്നാൽ തന്റെ ചുമതല നിർവഹിക്കുവാൻ അയാൾ തയ്യാറായില്ല. സർവേക്കല്ലുകൾ സപ്ലൈ ചെയ്തില്ല. അതേത്തുടർന്ന് ഡിപ്പാർട്ടുമെൻറധികാരികൾ അയാളെ ഒഴിവാക്കിയിട്ട് വേറൊരാൾക്ക് കോൺട്രാക്റ്റ് ഉറപ്പിച്ചുകൊടുത്തു. ബഹുമാനപ്പെട്ട റവന്യൂ മന്ത്രി കുറെ വൈകിയിട്ടാണെങ്കിലും കാര്യങ്ങൾ മനസ്സിലാക്കിയിട്ട് ആ ഫയൽ വിളിച്ച് പുതിയ കോൺട്രാക്ടറെ മാറ്റിയിട്ട്

LIBRARY ARCHIVES Kerala Legislative Assembly

പഴയ ആളുകൾക്കുതന്നെ കോൺട്രാക്റ്റു കൊടുക്കുന്നതിനുവേണ്ടി ഉത്തരവിട്ടു. ഇത് അഴിമതിയാണൊ എന്നു പരിശോധിക്കാൻ തയ്യാറുണ്ടോ എന്നു ഞാൻ ചോദിക്കുകയാണ്. മൂന്ന്, മാർക്സിസ്റ്റ് പാർട്ടിയുടെ തൊടുപുഴ താലൂക്കു കമ്മിററി ഒരു പണപ്പിരിവു നടത്തി. 900 പേർക്ക് ശാന്തൻപാറയിൽ ഭൂമി പതിച്ചുകൊടുക്കാമെന്നു പറഞ്ഞാണ് പണപ്പിരിവു നടത്തിയത്. അതിന്റെ അടിസ്ഥാനത്തിൽ റവന്യൂ മന്ത്രിയെ സമീപിച്ച് അവർക്ക് ഇഷ്ടമുള്ളവർക്കു ഭൂമി നൽകിയിട്ടുള്ളതിന്റെ പിന്നിൽ കരാളമായ കൈക്കൂലിയുടെ കഥയുണ്ടെന്നു പറയുന്നു. കോട്ടയത്തുനിന്നു ഉടുമൽപേട്ടയിലേയ്ക്കു കപ്പ കടത്തിക്കൊണ്ടുപോകാൻ ടൺ ഒന്നിന് 10 രൂപ വീതം ഈടാക്കിക്കൊണ്ട് ഒരു പ്രൈവററ് കമ്പനിക്ക് ലൈസൻസ് നൽകിയെന്നു പറയപ്പെടുന്നു. അബ്കാരി കോൺട്രാക്ടേഴ്സിന് കോടിക്കണക്കിനു രൂപ ഇളവു ചെയ്തിട്ടുള്ളതിന്റെ പിന്നിലുള്ള കഥകൾ ഇന്ന് അങ്ങാടിയിൽ പാട്ടാണ്. അതുകൊണ്ട് ഞാൻ അതു ആവർത്തിക്കുന്നില്ല. 27 വില്ലേജ് അസിസ്ററൻറൻമാരുടെ കഥ ശ്രീ. മജീദ് ഇവിടെ പറഞ്ഞിട്ടുണ്ട്.

ഇനി ട്രാൻസ്പോർട്ടു വകുപ്പിന്റെ കാര്യം. കോഴിക്കോട് യുണൈററഡ് ട്രാൻസ്പോർട്ടു കമ്പനി എന്നൊരു കമ്പനിയുണ്ട്. ഗവൺമെൻറ് ടീച്ചേഴ്സ് അസോസിയേഷന്റെ പ്രസിഡണ്ടായ ശ്രീ. പി. കെ. നമ്പ്യാരും വേറെ ചിലയാളുകളാരും കൂടി നടത്തുന്നതാണ് പ്രസ്തുത കമ്പനി. അദ്ദേഹം മാർക്സിസ്ററു പാർട്ടിയിൽപെട്ടയാളാണെന്നു പ്രസിദ്ധമാണ്. അദ്ദേഹത്തിന് സാധാരണ റൂട്ടുകൾ അനുവദിക്കാറുള്ള എല്ലാ നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമായി അനവധിയനവധി റൂട്ടുകൾ നൽകിയിട്ടുണ്ടെന്നു പരാതിയുണ്ട്. ഹൈക്കോടതി സ്റേറ ചെയ്ത റൂട്ടുകൾ പോലും അനർഹമായി അനുവദിക്കുകയാണ്. ട്രാൻസ്പോർട്ടുമന്ത്രി ആ കമ്പനിയുമായി ഒരു ഉടമ്പടിയുണ്ടാക്കിയിട്ടുണ്ട്. മാസം പതിനായിരം രൂപ പാർട്ടിക്കു നൽകണമെന്നുള്ള ഉടമ്പടി. കേരളാ സ്റേററ് ട്രാൻസ്പോർട്ടു കോർപ്പറേഷൻ നിയമനങ്ങളിൽ അഴിമതി മാത്രമാണ് നടക്കുന്നത്. കഴിഞ്ഞ 6–10–1969-ൽ നിയമസഭയിൽത്തന്നെ ഒരു ചോദ്യത്തിനുത്തരമായി 243 ആളുകളെ യാതൊന്നും നോക്കാതെ നിയമിച്ചിട്ടുണ്ടെന്നു ട്രാൻസ്പോർട്ടു മന്ത്രി പറഞ്ഞപ്പോൾ അതിനകത്തുള്ള അഴിമതിയുടെ കൂത്തരങ്ങ് എത്രത്തോളമുണ്ടെന്നു ഞാൻ പറയാതെതന്നെ മനസ്സിലാക്കാൻ കഴിയുമെന്നാണ് എന്റെ വിശ്വാസം. കുഞ്ഞൻവാവ കൊലക്കേസ്, റേഡിയോഫോറം ഓർഗനൈസറുടെ നിയമനം ഇതിലെല്ലാം അനധികൃതമായ ഇടപെടലുകളുണ്ട്. കോട്ടയം ആർ.ടി.ഓ. ആയ ശ്രീ. കെ.കെ.നായരെ സർവ്വീസിൽനിന്നും പിരിച്ചയക്കണമെന്നുള്ള സ്പെഷ്യൽ ജഡ്ജ് നന്ദൻ മേനോന്റെ വിധിയെ മറികടന്നുകൊണ്ട് പിൻകാല പ്രാബല്യത്തോടുകൂടി തിരിയെ സർവ്വീസിൽ നിയമിച്ചത് അഴിമതിയുടെ ഒന്നാംതരം കഥ തന്നെയാണ്. ഇതൊന്നും മുഖ്യമന്ത്രിയുടെ കണ്ണിൽ പെട്ടില്ലെങ്കിൽ ആ കണ്ണ് എന്തൊരു കണ്ണാണെന്നു ചോദിക്കാൻ തോന്നുകയാണ് സർ.

പിന്നെ ഫോറസ്ററ് മന്ത്രിയുടെ പേരിലാണ്. മൊറയൂർ ഫോറസ്ററ് റേഞ്ചിൽനിന്നും ചന്ദനമരം വെട്ടാൻ അന്നാമ്മാ കുര്യൻ എന്നയാളിന് ലൈസൻസ് നൽകിയിട്ടുള്ളത് പല തവണ പൊതുചർച്ചയുടെ തെരുവിൽ കിടന്നു തിണ്ടാടിയിട്ടുള്ളതാണ്. എറണാകുളത്തും വരാപ്പുഴയിലുമുള്ള ഫോറസ്ററ് ഡിപ്പോകളിലേയ്ക്ക് പൂപ്പാളിയിൽനിന്നും സർക്കാർ വക തടി ട്രാൻസ്പോർട്ടു ചെയ്യാൻ ഒരു കോൺട്രാക്ടറെ ഏൽപ്പിക്കുകയുണ്ടായി. അതുപയോഗപ്പെടുത്തിക്കൊണ്ട് ഈ കോൺട്രാക്ടർ 22 ലോറി മരം പ്രൈവററായി കടത്തിക്കൊണ്ടു പോകുകയും ഇഷ്ടംപോലെ പണം

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എൻ. കെ. ശേഷൻ]

ഉണ്ടാക്കുകയും ചെയ്തു. ഈ നടപടി പിന്നീട് വെളിപ്പെട്ടപ്പോൾ അധികാരികൾ കേസ്സാക്കി. ഇയാളെ ബ്ലാക്ക് ലിസ്റ്റിൽ പെടുത്തണമെന്നു പറഞ്ഞു. 68,000 രൂപ കൊടുക്കാൻ ഡ്യൂ ഉണ്ടായിരുന്നത് കൊടുക്കരുതെന്നും പറഞ്ഞു. എന്നാൽ ഫോറസ്റ്റ് മന്ത്രി ഇടപെട്ട് ബ്ലാക്ക് ലിസ്റ്റിൽ പെടുത്തിയില്ലെന്നു മാത്രമല്ല 68,000 രൂപ മടക്കിക്കൊടുക്കാൻ ഗവൺമെൻറുത്തരവു പുറപ്പെടുവിക്കുകയും ചെയ്തു. ഇതിൻെറ പിന്നിൽ അഴിമതിയുടേയും സ്വജന പക്ഷപാതത്തിൻേറയും കൈക്കൂലിയുടേയും എല്ലാം കറുത്ത കഥകൾ ഒന്നൊന്നായി ഒളിഞ്ഞുകിടക്കുന്നുണ്ട്.

ചിറക്കടവു സർവ്വീസ് സൊസൈററി മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടിയുടെ നിയന്ത്രണത്തിലുള്ള ഒരു സൊസൈററിയാണ്. ആ സൊസൈററിക്ക് ഏക്കറിന് 150 രൂപാ വച്ച് നമ്മുടെ സർക്കാർ ഭൂമി കൊടുക്കുകയുണ്ടായി; കൃഷി ചെയ്യാനായിട്ട്. ഏക്കറിന് 150 രൂപാവച്ചു കൊടുത്തപ്പോൾ ഗവൺമെൻറ് വളരെ വ്യക്തമായിട്ടു പറഞ്ഞിട്ടുണ്ട്; കൃഷിചെയ്യേണ്ടതാണെന്ന്. സൊസൈററി 150 രൂപയ്ക്ക് ഇതു വാങ്ങിക്കഴിഞ്ഞതിനുശേഷം 250 രൂപയ്ക്ക് മറെറാരു പ്രൈവററു പാർട്ടിക്ക് കൈമാററം ചെയ്യപ്പെട്ടിരിക്കുന്നു എന്നാണ് അറിയുന്നത്. ഇതു സർക്കാരിനെ വെട്ടിച്ചുകൊണ്ട് ചെയ്തിട്ടുള്ളതാണ്. സർക്കാർ, വ്യവസ്ഥയുടെമേൽ ചെയ്തിട്ടുള്ള സഹായം പാർട്ടി താൽപര്യത്തിൻെറ പേരിൽ ഉപയോഗിച്ചതിൻെറ ഉദാഹരണമാണ് ഇത്.

നമ്മുടെ ലേബർ മന്ത്രിയുണ്ട്. ഒന്നു രണ്ടെണ്ണമേ പറയാനുള്ളു. ഉള്ളതു വണ്ടൻ സാധനമാണ്. ഒന്ന്, അദ്ദേഹം മാടായിൽ 1,500 രൂപയ്ക്ക് 6 ഏക്കർ ഭൂമി വാങ്ങിയിട്ടുണ്ടെന്നാണ് പറയുന്നത്. ഇവിടെ ഒരേക്കർ ഭൂമിക്ക് 10,000 രൂപവരെ വിലയുണ്ടെന്നാണ് എനിക്ക് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. അതുവേണ്ട, പറയുന്നതു ശരിയാണെന്നുതന്നെ വയ്ക്കുക. ഒരേക്കർ ഭൂമി 5,000 രൂപയ്ക്ക് വാങ്ങിയാൽതന്നെ 30,000 രൂപാ കൊടുക്കണം. സ്ററാമ്പു ഡ്യൂട്ടി കൊടുക്കണം. എന്നാൽ സബ് രജിസ്ട്രാർ കച്ചേരിയിലെ റിക്കാർഡുകൾ വച്ച് 1,500 ക മാത്രമേ രേഖയിൽപെട്ടിട്ടുള്ളു. ഈ 1,500 ക. മാത്രം രേഖയിൽ കാണിച്ചതുകൊണ്ട് ഈ ഗവൺമെൻറിനു കിട്ടേണ്ടതായ, സ്ററാമ്പുഡ്യൂട്ടി ഇനത്തിൽ കിട്ടേണ്ടതായ വലിയ ഒരു സംഖ്യയാണ് അദ്ദേഹം ഒരു മന്ത്രിയായിരിക്കെ ഗവൺമെൻറിനെ വെട്ടിച്ചത്. ഇത് അധികാരദുർവിനിയോഗത്തിൻെറ ഒന്നാംതരം ഉദാഹരണമായി ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

Shri Mathai Manjooran: Is this in order to raise such allegations.

<u>ഡെ. സ്പീക്കർ:</u> എഴുതിത്തന്നിട്ടാണ് ആരോപണം ഉന്നയിക്കുന്നത് അതിന് മറുപടി പറയാൻ മന്ത്രിമാർക്ക് അവസരം കിട്ടുന്നതുമാണ്.

<u>ശ്രീ. എൻ. കെ. ശേഷൻ:</u> അതിൻെറ എല്ലാ രേഖകളും ഞാൻ തരാം. സർ, ബഹുമാനപ്പെട്ട മന്ത്രി പരിഭ്രമിക്കേണ്ട. ഉത്തരവാദിത്വമില്ലാതെ പറയുകയല്ല. രേഖകൾ തരാം. പരിയാരം ദേശത്തു വാങ്ങിയിട്ടുള്ള ഭൂമിയാണ്. അതിൻെറ കഥകളൊക്കെ എനിക്കറിയാം.

രണ്ട്, നെയ്യാററിൻകര കേന്ദ്രമാക്കി പ്രവർത്തിച്ചിരുന്ന ഒരു സഹകരണ സംഘമുണ്ട്. അവിടെ ഒരു പ്രസ്സുണ്ടായിരുന്നു. ആ സംഘത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ഇദ്ദേഹത്തിന് കൈകാര്യകർതൃത്വമുണ്ടായിരുന്നു. ഈ പ്രസ്സ് അദ്ദേഹം വാങ്ങി എറണാകുളത്തേക്കു കൊണ്ടുപോയി അദ്ദേഹത്തിന്റെ തായിട്ടുള്ള ഒരു പത്രമോ പ്രസ്സോ നടത്തുന്നതിനുവേണ്ടി ഉപയോഗിച്ചു. ആ സൊസൈററിക്കാർആവർത്തിച്ചാവർത്തിച്ച്റിമൈൻററുകംഎഴുതിയിട്ടും ആ പ്രസ്സിന്റെ പണം സൊസൈററിക്ക് കൊടുക്കാതെ മന്ത്രി കഴിഞ്ഞു കൂടുകയാണ്. അങ്ങനെ അദ്ദേഹം പൊതുപ്പണം—സർവ്വീസ് സൊസൈററിയുടെ പണമെന്നു പറഞ്ഞാൽ പൊതുപ്പണം തന്നെ—ദുർവിനിയോഗം ചെയ്തിട്ടുണ്ട്.

സർ, ഈ വക കാര്യങ്ങളൊക്കെ ഞങ്ങടം ഈ സന്ദർഭത്തിൽ പറയുന്നത് ഇനിയെങ്കിലും മുഖ്യമന്ത്രിയുടെ കണ്ണുതെളിഞ്ഞ് അദ്ദേഹത്തിന്റെ ശ്രദ്ധ ദൃഷ്ടിയെന്ന് പലരും പറയുന്ന ആ കണ്ണുവച്ചുകൊണ്ട് ഇതെല്ലാം കാണുകയും അതിനെപ്പററി അന്വേഷിക്കാനുള്ള സൻമനസ്സ് അദ്ദേഹം കാണിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കാനും വേണ്ടിയാണ്. ഇതിൽ കൂട്ടടുതലായി ഒന്നും ഞാൻ ഈ അവസരത്തിൽ പറയാനാഗ്രഹിക്കുന്നില്ല.

സർ, എസ്.എസ്.പി. ഇവിടെ ഉന്നയിച്ച ആരോപണങ്ങടക്ക് മറുപടി പറയുകയെന്നുള്ളതുകൊണ്ട് അവർക്കു കിട്ടുന്ന മാന്യത കൊടുക്കാൻ ഞാനാഗ്രഹിക്കുന്നില്ല.

മുഖ്യമന്ത്രി ഈ വക കാര്യങ്ങളെ സംബന്ധിച്ച് കാര്യമായി ആലോചിക്കണം. വഴിയെ നടന്നുപോകുന്ന ഒരുത്തനെ, നീരുള്ള ഒരുത്തനെനോക്കി മന്തുകാലാ എന്നു വിളിക്കുന്ന ആ പാരമ്പര്യം മാററിയിട്ട് ഏതു കക്ഷിക്കാരനായാലും വിട്ടുവീഴ്ചയില്ലെന്ന മനോഭാവം പ്രകടിപ്പിച്ചുകൊണ്ട് പ്രവർത്തിക്കണമെന്നുമാത്രമേ എനിക്കു പറയാനുള്ളു. അതിനു തയ്യാറില്ലെങ്കിൽ സഖാവ് ടി.വി. തോമസ് പറഞ്ഞതുപോലെ കുരുക്ഷേത്രത്തിൽ വച്ചു കാണാമെന്നാണെങ്കിൽ ഞങ്ങളും അതിനു തയ്യാറാണെന്നു പറഞ്ഞു കൊണ്ട് അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. എ. വി. കുഞ്ഞമ്പു: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി 17-10-1969-ൽ ഈ അസംബ്ലിയിൽ വായിച്ച പ്രസ്താവനയുടെ ഉള്ളടക്കത്തോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. ആ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ ഈ അസംബ്ലിയിൽ നടന്നത് 2½ വർഷക്കാലം അതായത് 31 മാസക്കാലം നീണ്ടുനിന്ന ഗവൺമെൻറിന്റെ ചരിത്രപര്യവസാനം എന്നുള്ള നിലയിലുള്ള ഒരു ഭരതവാക്യം ചൊല്ലലാണ്. ഇത് ഏകദേശം അതിന്റെ കഥ കഴിച്ചിരിക്കുകയാണ്. ഈ കഥകഴിച്ചത്, ശ്രീ. ടി. കെ. ദിവാകരൻ പറയുന്നത് ആ കത്തി മുഖ്യമന്ത്രിയുടെ കൈയിൽ ആണെന്നാണ്. രാജി വച്ചമന്ത്രിമാരിൽ ഈ പ്രശ്നം രാഷ്ട്രീയമായി സമീപിക്കാൻ ശ്രമിച്ചത് ശ്രീമാൻ ടി. കെ. ദിവാകരനായിരുന്നു. അദ്ദേഹം ഐക്യമുന്നണി ഗവൺമെൻറിന്റേയും ഐക്യമുന്നണിയേയും കൊല ചെയ്തതിന്റെ ഉത്തരവാദിത്വമേൽപിച്ചത് മുഖ്യമന്ത്രിയേയാണ്. തീർച്ചയായിട്ടും ഐക്യമുന്നണിയെ കൊലചെയ്തിട്ടുള്ളത്, തുണ്ടുതുണ്ടായി മുറിച്ചുവീഴ്ത്തിയത്— ശ്രീ. ടി. കെ. ദിവാകരന്റെ മാർഗ്ഗഭ്രംശം കൊണ്ടോ അല്ലെങ്കിൽ ബോധഭ്രംശംകൊണ്ടോ സംഭവിച്ചതാണെന്നാണ് ഞാൻ പറയുന്നത്. ശ്രീ. ടി. കെ. ദിവാകരൻ ഏററവും കൂടുതൽ ആരാധിക്കുന്ന അപ്പുറത്തിരിക്കുന്ന കമ്മ്യൂണിസ്ററുപാർട്ടിയാണ്, അവരുടെ കൈ എപ്പോഴെങ്കിലും തളർന്നുപോയിട്ടുണ്ടെങ്കിൽ അതിനു ശക്തികൊടുത്തത് ശ്രീ. ടി. കെ. യും അദ്ദേഹത്തിന്റെ പാർട്ടിയുമാണ്. സർ, ഇവിടെ പലരും പല പ്രസംഗങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എ. വി. കുഞ്ഞമ്പു]

ചെയ്തിട്ടുണ്ട്. അങ്ങയുടെ സമ്മതത്തോടുകൂടി ഞാൻ ഒരു ശ്ലോകം ചൊല്ലുകയാണ്.

''മർക്കടസ്യസുരാപാനം
മദ്ധ്യേവൃശ്ചികദംശനം
തൻമദ്ധ്യെഭൂതസഞ്ചാരം
യദ്വാതദ്വാഭവിഷ്യതി''

ഈ മർക്കടം പൊതുവേ പറയുകയാണെങ്കിൽ ചപലനാണ്.

ശ്രീ. ആർ. എസ്. ഉണ്ണി: ലേബർ മിനിസ്ററാണോ ?

ശ്രീ. എ. വി. കുഞ്ഞമ്പു: ഈ മർക്കടം പൊതുവേ ചപലനാണ്. വെറുതേ ഇരിക്കുമ്പോഴം മാന്തിക്കൊണ്ടിരിക്കും. പൊതുവേ ചപലനായി ട്ടുള്ള ഈ മർക്കടം കള്ളും കൂടി കുടിച്ചാലുള്ള സ്ഥിതി നമുക്ക് ഊഹി ക്കാവുന്നതേയുള്ളു. പൊതുവേ ചപലനായിട്ടുള്ള മർക്കടം കള്ളു കുടിച്ച തിനുശേഷം പള്ളയ്ക്ക് തേളുംകൂടെ കുത്തിയാൽ പിന്നെ പറയാനുമില്ല. പള്ളയ്ക്ക് തേളുകുത്തിയ കുരങ്ങൻ ഒരു ഭൂതത്തേക്കൂടി കണ്ടാൽ പിന്നെ എന്താണു സംഭവിക്കുകയെന്നുള്ളത് നിശ്ചയമില്ല. അപ്പുറത്തിരിക്കുന്ന കമ്മ്യൂണിസ്ററുപാർട്ടി മാർക്സിസം—ലനിനിസംഎന്ന പ്രസിദ്ധി ദുരു പയോഗിച്ചുകൊണ്ട് മുതലാളിത്വമെന്ന മൽസ്യവും കഴിച്ച് അധ്വാനിക്കുന്ന കൃഷിക്കാരെയും അതുപോലെ കുത്തകവർഗ്ഗത്തേയും ഇണക്കിക്കൊണ്ടു പോവുകയാണെന്നു പറയുന്നു. എന്നാൽ അതിനെതിരായി വളർന്നുവരുന്ന പൊതുജന ശബ്ദത്തെപ്പോലും വകവയ്ക്കാതെ അധ്വാനിക്കുന്ന ജനവിഭാഗ ത്തിൻെറ ഉജ്ജ്വലമായ പോരാട്ടത്തിൻെറ കെട്ടററ് അങ്ങനെ പോകുന്ന അവസര ത്തിൽ കോൺഗ്രസ്സാകുന്ന ഭൂതവുമായി കെട്ടുപിണഞ്ഞ് അതുമായി കൂടിക്കഴിഞ്ഞ് കിടക്കുമ്പോഴം അതിനെതിരായി വളരുന്ന മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടിയെ തകർക്കണമെന്ന ഉദ്ദേശത്തോടുകൂടി എന്തെ ല്ലാമോ ഏതെല്ലാമോ ചെയ്യുകയാണ്.

ശ്രീ. ജോസഫ് ചാഴിക്കാട്: ഇത്രയും അധഃപതിക്കാമോ ?

ശ്രീ. എ. വി. ആര്യൻ: ചാഴിയല്ലല്ലോ?

ശ്രീ. എ. വി. കുഞ്ഞമ്പു: ഈ മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടിയെ തകർക്കുന്നതിനുവേണ്ടി ഞങ്ങളുടെ പാർട്ടിനേതാക്കൻമാരേയും ഞങ്ങളുടെ മന്ത്രിമാരേയും സ്വഭാവഹത്യ ചെയ്യുന്നതിനുവേണ്ടി, ഞങ്ങളുടെ നേതാക്കൻമാരേയും ഞങ്ങളുടെ പാർട്ടിയേയും ജനങ്ങളുടെ മുമ്പിൽ കരി തേച്ചു കാണിക്കുന്നതിനുവേണ്ടി, ഇടിച്ചു വീഴ്ത്തുന്നതിനുവേണ്ടി ഭരണാ ധികാരത്തിൽ ഇരുന്നുകൊണ്ടു മാർച്ച് 6–ാം തീയതി ഭരണാധികാരം ഏറെറ ടുത്തുകഴിഞ്ഞ് ഏപ്രിൽ ഏഴാം തീയതിയാകുമ്പോഴേയ്ക്ക് ഞങ്ങളുടെ മന്ത്രിമാർക്കെതിരായി, ഭക്ഷ്യമന്ത്രിക്കെതിരായി ഈ വലതു കമ്മ്യൂ ണിസ്ററു പാർട്ടി ആക്രമണം അഴിച്ചുവിട്ടു. ആ പാർട്ടിയുടെ സെക്രട്ടറി യായ എസ്. കുമാരനും, ഒരു നേതാവായ ശ്രീ. വെളിയം ഭാർഗ്ഗവനും ശ്രീ. പി. ആർ. നമ്പ്യാരും എന്നുമാത്രമല്ല ഇൻഡ്യൻ കമ്മ്യൂണിസ്ററു പാർട്ടിയുടെ ചെയർമാനായ ശ്രീ.എസ്.എ. ഡാങ്കേ്പോലും ഈ തലസ്ഥാന നഗരിയിൽ, പഴവങ്ങാടി മൈതാനത്തുവന്നു നിന്നുകൊണ്ട് ഞങ്ങളുടെ പാർട്ടി സെക്രട്ടറിയായ സഖാവ് എ. കെ. ജി. യേയും സഖാവ് ഇമ്പിച്ചി

LIBRARY ARCHIVES Kerala Legislative Assembly

ബാവയേയും പേരെടുത്തു പറഞ്ഞുകൊണ്ട് കൈക്കൂലിവാങ്ങിക്കുന്നു എന്നു പറയുകയുണ്ടായി. അങ്ങനെ നോക്കുമ്പോൾ ഇന്നു കാണുന്നത്, ഈ ഐക്യമുന്നണിയെ തകർക്കുന്നതിനുവേണ്ടി എടുത്തുവന്നിട്ടുള്ള നിരന്തരമായ പ്രവർത്തനത്തിന്റെ പരിസമാപ്തിയാണ് ഇതെന്നുമാത്രമേ എനിക്കു പറയാനുള്ളു. ആ അവസരത്തിൽ വലതുകമ്മ്യൂണിസ്റ്റു പാർട്ടി ഞങ്ങളുടെ പാർട്ടിയേയും ഞങ്ങളുടെ നേതാക്കൻമാരേയും മനഃപ്പൂർവ്വം ക്രൂരമായി ആക്രമിക്കുകയും ചെയ്തിട്ട്, ഐക്യമുന്നണിയിലെ ഒരു പ്രമുഖപാർട്ടിയാണെന്ന് അവർതന്നെ സമ്മതിക്കുന്ന ഞങ്ങളെ ആക്രമിച്ചിട്ട്, ഞങ്ങൾക്കെതിരായി ആരോപണങ്ങൾ അഴിച്ചു വിട്ടിട്ട് അതിനെതിരായി ഒരൊററ ഘടകം പോലും അതിനെ ചോദ്യം ചെയ്യാൻ തയ്യാറായില്ല. ആർ.എസ്.പി. ക്കാർ അതിനു മൃദംഗമടിച്ചുകൊടുക്കുകയാണു ചെയ്തത്. മുസ്ലീംലീഗുകാർ സംഗീതം മൂളിക്കൊടുക്കുകയാണു ചെയ്തത്. ഈ അവസരത്തിൽ ഒരു കാര്യം അവരോടു ചോദിക്കാൻ ഞാനാഗ്രഹിക്കുകയാണ്. ശ്രീമാൻ പി. പി. വിൽസൺ ഈ നിയമസഭാതലത്തിൽ ശ്രീമാൻ പി. കെ. കുഞ്ഞിനെതിരായി ചില ആരോപണങ്ങൾ ഉന്നയിക്കുകയുണ്ടായി. ആ അവസരത്തിൽ മുസ്ലിംലീഗുകാർക്ക് വ്യഗ്രതയുണ്ടായി. മുസ്ലിംലീഗു നേതാക്കൻമാർ ഉടനെതന്നെ എഴുതി, ഐക്യമുന്നണി ഘടകപാർട്ടിയിലെ ഒരംഗമായ ശ്രീമാൻ പി. പി. വിൽസൺ മറെറാരു പാർട്ടിയിലെ ഒരംഗത്തിനെതിരായി നിയമസഭയിൽ ആരോപണമുന്നയിച്ചതു ശരിയല്ല. അതുകൊണ്ട് അതിനെപ്പററി കോ-ഓർഡിനേഷൻ കമ്മിററിയിൽ ചർച്ചചെയ്യണം എന്ന്. തീർച്ചയായും അതിന്റെ അടിസ്ഥാനത്തിലാണ് കോ ഓർഡിനേഷൻ കമ്മിററിയിൽ ചർച്ചനടന്നതും എസ്. എസ്. പി. യെയും ശ്രീമാൻ. പി. പി, വിൽസണേയും സെൻഷ്വർ ചെയ്തതും. ആ കാര്യത്തിൽ അത്രയെല്ലാം താൽപര്യം കാണിച്ച മുസ്ലിംലീഗോ ശ്രീമാൻ സി,എച്ച്. മുഹമ്മദുകോയയോ വലതുപക്ഷ കമ്മ്യൂണിസ്ററുപാർട്ടി ഞങ്ങളുടെ മന്ത്രിമാരേയും ഞങ്ങളുടെ പാർട്ടി നേതാക്കൻമാരേയും അവഹേളിക്കുന്ന അവസരത്തിൽ ഒരക്ഷരം പറയാൻ തയ്യാറായില്ല. ശ്രീമാൻ. സി. എച്ച്. മുഹമ്മദുകോയയ്ക്കോ മുസ്ലിംലീഗു പ്രസിഡൻറിനോ അതേ വ്യഗ്രതയോടുകൂടി അതേ മനോഭാവത്തോടുകൂടി ഇപ്പോൾ എന്തെങ്കിലും പറയാൻ തയ്യാറുണ്ടോ എന്ന് ഞാൻ ചോദിക്കുകയാണ്. എന്ത് അപരാധമാണ് വൻപാർട്ടിയെന്ന നിലയിൽ ഞങ്ങൾ ചെയ്തത് ? ശ്രീമാൻ സി. എച്ച്. പറയുകയുണ്ടായി ഐക്യമുന്നണിയുടെ ടിക്കററിൽ കിട്ടിയ അംഗസംഖ്യ വച്ചുകൊണ്ട് ഞങ്ങൾ മുന്നോട്ടുപോവുകയാണെന്ന്. അദ്ദേഹത്തിന്റെ മനസ്സാക്ഷിയോട് ഞാൻ ചോദിക്കുകയാണ്, ഇതു ഞങ്ങൾക്കുമാത്രം ബാധകമാണോ; ഐക്യമുന്നണിയെന്ന് ഒന്നില്ലായിരുന്നെങ്കിൽ ഈ രൂപത്തിൽ ഘോരഘോരം പ്രസംഗിക്കുന്ന ശ്രീമാൻ സി. എച്ച്. നോട് ഞാൻ ചോദിക്കുകയാണ് അവരുടെ സീററ് എത്രയായിരിക്കും ഈ നിയമസഭയിൽ എന്ന്. ഗംഭീരമായി പ്രസംഗിക്കുന്ന മററുപാർട്ടികളോട് ഞാൻ ചോദിക്കുന്നു, നിങ്ങളുടെ സീററ് എത്രയായിരിക്കും ? ഇതിനകത്ത് കാലെടുത്തുകുത്താൻ കഴിയുമായിരുന്നോ ചില ആളുകൾക്ക്? വരുന്നത് വേറെ ആളുകളായിരിക്കുകയില്ലേ, കോൺഗ്രസ്സുകാരും അവരോടുചേർന്നു നിൽക്കുന്ന കേരളാ കോൺഗ്രസ്സുകാരുമായിരിക്കുകയില്ലേ ? ഞങ്ങൾ വരും. ഈ കേരളത്തിൽ തീർച്ചയായിട്ടും ഞങ്ങൾ വരും. അങ്ങനെ വരാൻ സാദ്ധ്യതയില്ലാത്തവരും യാഥാർത്ഥ്യത്തെ വിസ്മരിച്ചുകൊണ്ടു സംസാരിക്കുന്നവരും ഈ കാര്യം ഒന്നു ചിന്തിക്കണം. ഈ ഐക്യമുന്നണി ഇല്ലായിരുന്നെങ്കിൽ ശ്രീമാൻ സി. എച്ചിന്റെ പാർട്ടിയുടെ സ്ഥിതി എന്താകുമായിരുന്നു. ശ്രിമാൻ സി. എച്ചിന്റെ സ്ഥതി എന്താകുമായിരുന്നു. ഇതിനെപ്പററി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എ. വി. കുഞ്ഞമ്പു]

ആലോചിക്കാനുള്ള വിവേകം നിങ്ങൾക്കുണ്ടാകാത്തതിൽ ഞങ്ങൾക്ക് അതിയായ ഖേദമുണ്ട്.

മാർക്സിസ്റ്റു ലെനിനിസത്തിൽ വിശ്വസിച്ചുകൊണ്ടിരിക്കുന്ന ഒരു പാർട്ടിയാണ് ആർ. എസ്. പി. അതിൽ വിശ്വസിക്കുന്ന മറ്റൊരു പാർട്ടിയാണ് ഇൻഡ്യൻ കമ്മ്യൂണിസ്റ്റുപാർട്ടി. ആ പാർട്ടി ഞങ്ങളുടെ നേരെ ക്രൂരമായ ആക്രമണം നടത്തുമ്പോൾ ആർ. എസ്. പി. ഒരക്ഷരം മിണ്ടാതെ എല്ലാം ക്ഷമയോടെ കേട്ടുകൊണ്ടിരിക്കുകയാണു ചെയ്തത്. അവരെ കൊലകൊടുത്തത് ഞങ്ങളാണെന്ന് ശ്രീ. ടി. കെ. ദിവാകരൻ അദ്ദേഹത്തിന്റെ ഒടുവിലത്തെ പ്രസംഗത്തിൽ പറയുന്നുണ്ട്. സർ, ഈ കൊലയാളികൾ.........................

ശ്രീ. ബേബിജോൺ: സർ, ഒരു മെമ്പറുടെ ഒടുവിലത്തെ പ്രസംഗം എന്നു പറയുന്നത് ശരിയാണോ ? ഒടുവിലത്തെ പ്രസംഗം എന്നുപറഞ്ഞാൽ വേറെ അർത്ഥമുണ്ട്.

ശ്രീ. എ. വി. കുഞ്ഞമ്പു: പ്രസംഗിച്ചതിന്റെ ഒടുവിലത്തെ ഭാഗം എന്നാണ് ഞാൻ ഉദ്ദേശിച്ചത്.

സർ, ഞങ്ങൾ അഴിമതിയുടെ മറ കൊണ്ടു നടക്കുന്നു എന്നാണ് മറ്റൊരാക്ഷേപം. പുതിയ രൂപത്തിൽ ചിന്തിക്കുന്ന പാർട്ടിയാണ് അപ്പുറത്തിരിക്കുന്ന കമ്മ്യൂണിസ്റ്റുപാർട്ടി. ആ പാർട്ടിയുടെ കണ്ണിലെ കരടാണ് ഞങ്ങൾ. ഞങ്ങളെ തകർക്കണമെന്നാണ് അവരുടെ പ്ലാൻ. ഏപ്രിൽ 7-ാം തീയതിയിലെ ജനയുഗത്തിലും അതിനുശേഷമുള്ള നവജീവൻ പത്രത്തിലും അവർ എന്താണ് പ്രസംഗിച്ചിട്ടുള്ളത് ? കഴിഞ്ഞ വർഷം ഓണക്കാലത്തുപോലും അരിയില്ലാതെ ജനങ്ങൾ രോഷംകൊണ്ട് പൊട്ടാനിരിക്കുന്ന ഒരഗ്നിപർവ്വതം പോലെ പുകഞ്ഞുകൊണ്ടിരിക്കുന്ന സന്ദർഭത്തിൽ ഇൻഡ്യൻ കമ്മ്യൂണിസ്റ്റുപാർട്ടിയുടെ സ്റ്റേറ്റ് സെക്രട്ടറി എസ്. കുമാരൻ അന്നത്തെ ഭക്ഷ്യമന്ത്രിയായ ശ്രീമതി ഗൗരിയുടെ കൃത്യനിഷ്ഠയില്ലായ്മകൊണ്ടാണ് നിരുത്തരവാദപരമായ പ്രവൃത്തികൊണ്ടാണ് അരിയില്ലാതെ പോയത് എന്നു പ്രചരണം നടത്തിയില്ലേ ? അതാണോ സത്യം ? അഴിമതിയെപ്പറ്റി ചില മായാവലയങ്ങൾ സൃഷ്ടിച്ച് ജനങ്ങളെ തെറ്റിദ്ധരിപ്പിച്ച് ജനങ്ങളുടെയിടയിൽ ഞങ്ങളെ ഇടിച്ചുതാഴ്ത്തിക്കളയാമെന്നാണ് അവരുടെ വ്യാമോഹം. ആ വ്യാമോഹത്തെപ്പറ്റി പറയുമ്പോൾ പണ്ട് ഒരു ബ്രാഹ്മണൻ മലർപ്പൊടിയും കൊണ്ട് യാത്ര ചെയ്തപ്പോഴുണ്ടായ അനുഭവമാണ് എനിക്ക് ഓർമ്മ വരുന്നത്. അതായത് ഒരു ബ്രാഹ്മണൻ ഒരു മലർപ്പൊടിപ്പാത്രവും തലയിലേന്തിക്കൊണ്ട് യാത്ര ചെയ്യുകയായിരുന്നു. അയാൾ വിചാരിച്ചു ഈ മലർപ്പൊടി വിറ്റു ഞാൻ കുറെ കോഴിക്കുഞ്ഞുങ്ങളെ വാങ്ങും. ആ കോഴിക്കുഞ്ഞുങ്ങൾ പെരുകിപ്പെരുകിവരുമ്പോൾ അതിനെ വിറ്റ് കുറെ ആട്ടിൻകുട്ടികളെ വാങ്ങും. എന്നിട്ട് അതെല്ലാംകൂടി വിറ്റ് കുറെ പശുക്കളെ വാങ്ങും. ആ പണം കൊണ്ട് ഒരു മണിമാളിക വയ്ക്കും. എന്നിട്ട് ഞാൻ ഒരു വിവാഹം കഴിയ്ക്കും. അപ്പോൾ എനിക്കൊരു കുട്ടിയുണ്ടാകും. ആ കുട്ടി കിടന്ന് നിലവിളിക്കും. അപ്പോൾ എനിക്ക് ദേഷ്യംവരും. അപ്പോൾ ഞാൻ ഭാര്യയെ ഒരൊറ്റ അടികൊടുക്കും. എന്നു പറഞ്ഞുകൊണ്ട് അടിച്ചതോ ? മലർപ്പൊടിപ്പാത്രത്തിൽ. അത് ഉടഞ്ഞ് മലർപ്പൊടി കണ്ണിലും മൂക്കിലുമൊക്കെയായി. അതുപോലെ ജനങ്ങളുടെയിടയിൽ ഞങ്ങളെ ഇടിച്ച് താഴ്ത്തിക്കളയാമെന്ന വ്യാമോഹമാണ്

LIBRARY ARCHIVES Kerala Legislative Assembly

അപ്പുറത്തിരിക്കുന്ന കമ്മ്യൂണിസ്റ്റു പാർട്ടിക്കുള്ളത്, സർ, ശ്രീമാൻ സി. എച്ച്. മുഹമ്മദുകോയ പറഞ്ഞു 9-ാം തരത്തിലെയും 10-ാം തരത്തിലെയും ഫീസ് ഒഴിവാക്കാൻ ഞങ്ങളുടെ പാർട്ടി സമ്മതിച്ചിട്ടില്ല എന്ന്. സർ, ഞാൻ ചോദിക്കുകയാണ്, ശ്രീമാൻ സി.എച്ച്. മുഹമ്മദുകോയയ്ക്ക് ഹൃദയം ഉണ്ടെങ്കിൽ അദ്ദേഹത്തിന്റെ ഹൃദയം തുടിക്കുകയില്ലേ? ഫീസ് ഒഴിവാക്കണം, അതൊരു വലിയ കാര്യമാണ് എന്ന് പല സന്ദർഭങ്ങളിൽ പല രൂപങ്ങളിലായി ഞങ്ങൾ അദ്ദേഹത്തോട് പറഞ്ഞിട്ടുണ്ട്. അപ്പോൾ അദ്ദേഹം പറഞ്ഞ പല വിഷമതകളും ഞങ്ങൾ ഓർക്കുന്നുമുണ്ട്. എല്ലാവരുംകൂടിയല്ലേ ഭരിക്കുന്നത് എന്ന് ശ്രീ. നമ്പൂതിരിപ്പാട് പറഞ്ഞു എന്ന് ഇവിടെ വാദം ഉന്നയിക്കുകയുണ്ടായി. അതു ശരിയായോ സർ,? തന്റെ സഹപ്രവർത്തകനായ ശ്രീമാൻ പി. ആർ. കുറുപ്പിനെക്കുറിച്ച് ജനാബ് സി. എച്ച്. മുഹമ്മദുകോയ വളരെയൊക്കെ പ്രസംഗിച്ചല്ലോ. എനിക്ക് ജനാബ് സി. എച്ച്. മുഹമ്മദുകോയയെ നേരത്തെ അറിയാം. എനിക്ക് അദ്ദേഹത്തോട് യാതൊരു ബഹുമാനക്കുറവുമില്ല. പക്ഷേ അദ്ദേഹത്തോട് ഒരു ചോദ്യം ചോദിക്കാൻ ഞാനാഗ്രഹിക്കുന്നു: തന്റെ പൂർവ്വസുഹൃത്തായ ശ്രീമാൻ പി. ആർ. കുറുപ്പിനെക്കുറിച്ച് ശ്രീമാൻ സി. എച്ച്. മുഹമ്മദുകോയ ഇന്നലെ ഇവിടെ വളരെ ആലങ്കാരികമായ സാഹിത്യപ്രസംഗമൊക്കെ നടത്തിയല്ലോ. ആ പ്രസംഗത്തിൽ പറഞ്ഞ കാര്യങ്ങൾ മലബാറിൽ ചെന്ന് മുസ്ലീംലീഗിന്റെ അനുയായികളോട് പറയാൻ അങ്ങു തയ്യാറുണ്ടോ? അല്ലെങ്കിൽ അങ്ങയുടെ സഹപ്രവർത്തകനായ മമ്മുകോയിയെയെങ്കിലും പറഞ്ഞു ബോധ്യപ്പെടുത്താമോ ? ആരാണ് സർ, മന്ത്രിയായതിനുശേഷം ഈ രാജ്യത്തുള്ള സകല കല്യാണങ്ങളും പുലകുളി അടിയന്തിരങ്ങളും നടത്തലും സ്വത്തെടുക്കലും ഹൈസ്കൂളുണ്ടാക്കലും സിനിമയെടുക്കലുമൊക്കെ ചെയ്തിട്ടുള്ളത് ? മാർക്സിസ്റ്റുമന്ത്രിമാരൊന്നുമല്ല. നമ്മുടെ രാജ്യത്തെ, 22 കൊല്ലക്കാലമായി ഉണ്ടായിരുന്ന കോൺഗ്രസ് ദുർഭരണത്തിൽ നിന്ന് രക്ഷിക്കാൻ വേണ്ടി പ്രവർത്തിച്ചു വന്നപ്പോൾ ഇവിടെ മാർക്സിസ്റ്റുമന്ത്രിമാർക്കുമാത്രമേ അഴിമതിയുള്ളു. ബഹുമാനപ്പെട്ട മജീദ് ഇവിടെ മാർക്സിസ്റ്റു മന്ത്രിമാരുടെ അഴിമതിയെപ്പററി പറഞ്ഞു. ആലുവാ ടി. സി. സി. ഫാക്ടറിയുടെ പരിസരത്തുകൂടി ഒന്നു നടന്നു നോക്കണം., ദുർഗ്ഗന്ധം വമിക്കുന്ന ചരിത്രങ്ങൾ നിങ്ങൾക്ക് കേൾക്കാൻ കഴിയും. ഇലക്ട്രിസിററി ബോർഡിലെ നിയമനങ്ങളിൽ നടന്ന അഴിമതികൾ അവിടത്തെ ഓരോ മണൽത്തരികളും വിളിച്ചോതും. ഇതൊക്കെ മനസ്സിലാക്കിയിട്ടാണോ നിങ്ങൾ ഇതൊക്കെ പറയുന്നത് ?

ബഹുമാനപ്പെട്ട ടി. കെ. ദിവാകരനോടും പാർട്ടിയോടും എനിക്കൊരു കാര്യം പറയാനുണ്ട്. ഈ കശാപ്പിൽ നിന്ന് നിങ്ങൾ മാറി നിൽക്കണം. അതല്ല മാറി നിൽക്കാതെ കൊല ചെയ്യുന്നതിന് കൂട്ടു നിൽക്കുകയാണെങ്കിൽ

അല്ലാ മ്ലേച്ഛരമഭരിതനാമരചനെപ്പൂജിച്ച് നാട്ടാരുമായ്
മല്ലാടുന്നതുതന്നെക്കിഷ്ടമവിടെക്കെങ്കിൽസഖേ സ്വാഗതം.
ചൊല്ലാളും രജപുത്രരിൽ ത്തലവനാമങ്ങേക്കിതാ പോർവിരു
ന്നെല്ലാമെന്റെ ഭവാനിനൽകുമവളെക്കൊണ്ടാവതിൻവണ്ണമേ.

എന്ന രൂപത്തിൽ ചരിത്രം ഒരിക്കലും മറക്കാൻ കഴിയാത്ത പാഠം നിങ്ങൾക്ക് ഓരോരുത്തർക്കും നൽകുമെന്ന് ഓർമ്മയായിരിക്കുക എന്നു പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. മൊയ്തീൻ കുട്ടി ഹാജി: സർ, രാജി വച്ച ബഹുമാനപ്പെട്ട മന്ത്രിമാർ ഇവിടെ ചെയ്ത പ്രസ്താവനകൾക്ക് മറുപടിയെന്നോണം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ ചെയ്ത പ്രസംഗം ഒരു രാഷ്ട്രീയ പ്രസംഗമായിരുന്നു. ആ രാഷ്ട്രീയ പ്രസംഗം നാം പലപ്പോഴും കേട്ടു തഴമ്പിച്ചതാണ്. 17-ാം തീയ്യതി ഈ സഭയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയ്ത പ്രസ്താവനയിൽ നിന്നുൽഭൂതമായ വസ്തുതകളെ സംബന്ധിച്ചിടത്തോളമാണ് ഇവിടെ ചർച്ച നടക്കുന്നത്. മുഖ്യമന്ത്രി അദ്ദേഹത്തിന്റെ പ്രസംഗത്തിനാധാരമായി എടുത്തത് ഞങ്ങൾ നാലു പാർട്ടിക്കാർ ചേർന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നൽകിയ പ്രമേയത്തെയാണ്. ആ പ്രമേയത്തിന്റെ അവസാനഭാഗം ഉദ്ധരിച്ചു കൊണ്ടാണ് അദ്ദേഹം അദ്ദേഹത്തിന്റെ പ്രസംഗം ആരംഭിക്കുന്നത്. പലപ്പോഴും അദ്ദേഹം വസ്തുതകളിൽ നിന്നും കാര്യങ്ങളിൽ നിന്നും ചില ഭാഗങ്ങൾ അടർത്തിയെടുത്ത് ജനതാമധ്യത്തിൽ വിട്ട് വളരെയധികം വിഷമങ്ങൾ സൃഷ്ടിക്കുമെന്നുള്ളതിൽ രണ്ടു പക്ഷമില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഞങ്ങൾ അവതരിപ്പിച്ച പ്രമേയത്തിന്റെ എല്ലാ ഭാഗങ്ങളും ഇവിടെ വായിക്കേണ്ടതായിരുന്നു. പക്ഷേ അതു ചെയ്തില്ല. അദ്ദേഹം പൂർവ്വജർമ്മനിയിലേക്കു പോകുമ്പോൾ അദ്ദേഹത്തെ വേദനിപ്പിച്ച വസ്തുത ബഹുമാനപ്പെട്ട ബാഫക്കിത്തങ്ങളുടെ പ്രസ്താവനയാണെന്ന് അദ്ദേഹം പറയുകയുണ്ടായി. അദ്ദേഹം ഒരു വസ്തുത മറന്നു, സർ, ബാഫക്കിത്തങ്ങളുടെ പ്രസ്താവന പത്രത്തിൽ വന്നതിനുശേഷം അതിനു വളരെ നിഷിദ്ധമായി മറുപടി പറഞ്ഞ സഖാവ് എ. കെ. ഗോപാലനെ അദ്ദേഹം വിമാനത്തിൽ അടുത്ത സീററിലിരുത്തിക്കൊണ്ടാണ് യാത്ര ചെയ്തത്. മുഖ്യമന്ത്രി ഈ നാട്ടിൽ നിന്ന് ഏതാനും മാസം ചികിൽസയ്ക്കുവേണ്ടി പോകുമ്പോൾ അദ്ദേഹം സഹമന്ത്രിമാരെ വിളിച്ചിരുത്തി അദ്ദേഹം മടങ്ങി വരുന്നതിനിടയിൽ ഇവിടെ നടക്കാൻ പോകുന്ന കാര്യങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്തില്ല എന്നും വകുപ്പുകൾ വിഭജിച്ചപ്പോൾ ഞങ്ങളോടാലോചിച്ചില്ല എന്നുമാണു ശ്രീ ബാഫക്കിത്തങ്ങൾ അദ്ദേഹത്തിന്റെ പ്രസ്താവനയിൽ ചൂണ്ടിക്കാണിച്ചിരുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദൃഷ്ടിയിൽ അതു തെററായിരിക്കാം. പക്ഷേ ബാഫക്കിത്തങ്ങളുടെ പ്രസ്താവനയെ വളരെ വളരെ നിന്ദ്യമായ ഭാഷയിൽ വിമർശിച്ചുകൊണ്ട് എ. കെ. ഗോപാലൻ പുറപ്പെടുവിച്ച പ്രസ്താവനയെ സംബന്ധിച്ച് അദ്ദേഹത്തിന് വേദനയൊന്നുമുണ്ടായില്ല. സർ, ഞാൻ ആ ഭാഗം വിടുകയാണ്.

സർ, മുഖ്യമന്ത്രിയുടെ സഹമന്ത്രിമാർ, താൻ ചികിൽസ കഴിഞ്ഞ് തിരിച്ചെത്തുന്നതു വരെ എങ്ങനെ ഭരണം നടത്തണം, എങ്ങനെ മന്ത്രിസഭായോഗം ചേരണം എന്നുള്ളതൊക്കെ പിറെറ ദിവസത്തെ പത്രങ്ങളിൽകൂടിയാണ് അറിഞ്ഞത്. അത് നിന്ദ്യമായ ഒരു വസ്തുതയല്ലേ? വാസ്തവത്തിൽ ഉത്തരവാദിത്വമുള്ള ഒരു മുഖ്യമന്ത്രി ഈ നാട്ടിൽ നിന്ന് പുറത്തു പോകുമ്പോൾ തന്റെ സഹമന്ത്രിമാരെ വിളിച്ച് വരുത്തി കാര്യങ്ങൾ ഭാവിയിൽ എങ്ങനെ കൈകാര്യം ചെയ്യണമെന്നുള്ളത് ഇരുന്ന് ആലോചിക്കാനുള്ള മനോഭാവം കൂടി കാണിക്കാത്ത മുഖ്യമന്ത്രിക്ക് യാത്രയയപ്പ് നൽകുന്നതിന്റെ തലേ ദിവസം ശ്രീ. ബാഫക്കിതങ്ങൾ ചെയ്ത പ്രസ്താവന അരോചകമായി തോന്നി. ആ പ്രസ്താവനയ്ക്കു മറുപടിയായി ശ്രീ. എ. കെ. ഗോപാലൻ ചെയ്ത പ്രസ്താവന അദ്ദേഹത്തിന് എങ്ങനെ തോന്നി? അത് ശരിയായിരുന്നോ, ഗുണപ്രദമായിരുന്നോ എന്നു ചോദിക്കുകയാണ്? എന്നിട്ട് മുഖ്യമന്ത്രി വീണ്ടും ആവർത്തിച്ചു പറയുന്നു,

LIBRARY ARCHIVES Kerala Legislative Assembly

നാലു പാർട്ടികൾ എടുത്ത നയപരിപാടികളാണ് ഈ രാജ്യത്തെ ഈ നിലയിൽ എത്തിച്ചതെന്ന്. ഈ മാർക്സിസ്ററു പാർട്ടി—വൻ പാർട്ടി മേധാവിത്വം—ആണ് ഈ രാജ്യത്തെ ഈ നിലയിൽ എത്തിച്ചത് എന്നുള്ള ആരോപണമാണ് ഉള്ളത്. ഈ വൻ പാർട്ടി മേധാവിത്വം ഐക്യമുന്നണി അധികാരത്തിൽ വന്ന നാൾ മുതൽ മാർക്സിസ്ററു പാർട്ടി പ്രയോഗിച്ചു തുടങ്ങിയതാണ്.

ശ്രീ. എ. വി. കുഞ്ഞമ്പു പ്രസംഗിച്ചപ്പോൾ മുസ്ലിംലീഗ്, സി. പി. ഐ. മാർക്സിസ്ററു പാർട്ടിയോട് എടുത്ത നിലപാടിനെ വിമർശിച്ചില്ലെന്ന് പറയുകയുണ്ടായി. സി. പി. ഐ. എടുത്ത നിലപാടിനെ വിമർശിക്കേണ്ട കാര്യമൊന്നും ഉണ്ടായിരുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ പറഞ്ഞു ഒരു വ്യത്യസ്ത നിലപാട് എടുത്തുവെന്നുള്ള ഭാവേന പലതും ചെയ്തു എന്ന്. ഞങ്ങൾ ഈ ഗവൺമെൻറിനെ നേരെ ചൊവ്വേ കൊണ്ടുപോകാനുള്ള ആത്മാർത്ഥമായ പരിശ്രമം നടത്തുകയായിരുന്നു. അതിനുവേണ്ടി ഞങ്ങളുടെ നേതാക്കൻമാർ അനുഭവിച്ച വേദനയും ത്യാഗവും ഈ നാട്ടിലെ ബഹുജനം വിലയിരുത്തും എന്ന് വിശ്വസിക്കുകയാണ്.

സർ, അറുപത്തിനാലിൽ സി. പി. ഐ. ഞങ്ങളോട് എടുത്ത നിലപാടിനെ സംബന്ധിച്ച് മുഖ്യമന്ത്രി പറയുകയുണ്ടായി. ഞാൻ അതിലേക്ക് നീങ്ങുന്നില്ല. സീതിസാഹിബ് അന്തരിച്ചു, കുററിപ്പുറത്ത് ഇലക്ഷൻ നടന്നു; അന്ന് ജനസംഘത്തിൻെറ സഹായത്തോടെ കോൺഗ്രസ്സിനെ വിജയിപ്പിക്കുന്നതിന് ഇന്നത്തെ മുഖ്യമന്ത്രി നമ്പൂതിരിപ്പാട് കുററിപ്പുറത്ത് വന്ന് പ്രചരണ വേല ചെയ്തത് എനിക്കും അദ്ദേഹത്തിനും അറിയാം. കുററിപ്പുറം ടി. ബി. യിൽ ഞാനും അദ്ദേഹവും അടുത്തടുത്ത റൂമിലായിരുന്നു താമസിച്ചിരുന്നത്. ഏതായാലും അദ്ദേഹം അറുപത്തി നാലിൽ സി. പി. ഐ. ഞങ്ങളോട് എടുത്ത നിലപാടിനെ സംബന്ധിച്ചിടത്തോളം പ്രസംഗിച്ചത് ശരിയായില്ല.

ഇവിടെ ഈ ഗവൺമെൻറിനെ പൊളിക്കാൻ ഉത്തരവാദികൾ ആരാണ് എന്നുള്ളതാണ് ചിന്താവിഷയം. ഈ ഗവൺമെൻറ് പൊളിയാതിരിക്കാൻ വേണ്ടി അതിൻെറ പ്രവർത്തനത്തിൻെറ അവസാനം വരെ ഞങ്ങൾ ആത്മാർത്ഥമായി പരിശ്രമിച്ചിട്ടുണ്ട്. സർ, ഇവിടെ ബഹുമാനപ്പെട്ട കുഞ്ഞുസാഹിബിൻെറ പേരിൽ അന്വേഷണ ഉത്തരവ് ഇട്ടു. ഉത്തരവ് ഇട്ട രീതിയെ സംബന്ധിച്ച് ഇവിടെ ദീർഘമായ ചർച്ചകൾ നടന്നതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ഈ സഭയിൽ പറഞ്ഞത് കുഞ്ഞുസാഹിബിനെ സംബന്ധിച്ചിടത്തോളമുള്ള ആരോപണങ്ങൾ അദ്ദേഹം മെക്കയിൽ നിന്ന് തിരിച്ചു വന്നതിനുശേഷം അദ്ദേഹവുമായി ചർച്ച ചെയ്തു തീരുമാനം എടുക്കാമെന്നാണ്. സ്വാഭാവികമായി അദ്ദേഹം വന്നതിനുശേഷം അദ്ദേഹവുമായി ആലോചിച്ചോ എന്നു ഞങ്ങൾക്കു അറിയാൻ സാധിച്ചില്ല. സഹമന്ത്രിമാരുമായി ആലോചിച്ചോ എന്നു ഒരിക്കലും പറയുവാൻ മുഖ്യമന്ത്രിക്കു ധൈര്യം ഉണ്ടാകുകയില്ല. അങ്ങനെ ബഹുമാനപ്പെട്ട കുഞ്ഞുസാഹിബിൻെറ പേരിൽ ഉത്തരവിടുകയുണ്ടായി. ആ നടപടി ശരിയായില്ലെന്ന് ഞങ്ങൾ വാദിച്ചിട്ടുണ്ട്.

സർ, അതിനുശേഷം ഇവിടെ മന്ത്രിമാരുടെ പേരിൽ ആക്ഷേപങ്ങൾ ഉണ്ടായി. ബഹുമാനപ്പെട്ട കൃഷ്ണൻെറ പേരിലും ബഹുമാനപ്പെട്ട വെല്ലിംഗ്ടൻെറ പേരിലും ആക്ഷേപം ഉണ്ടായപ്പോൾ അതൊക്കെ മുഖ്യമന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. മൊയ്തീൻ കുട്ടി ഹാജി]

തന്റെ ദൃഷ്ടി ഉപയോഗിച്ച് പരിശോധിക്കുകയുണ്ടായി. ഈ സന്ദർഭത്തിൽ ഒരു കാര്യം ഓർമ്മ വരികയാണ്. ഇവിടെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. ആർ. ശങ്കറിന്റെ പേരിൽ ആക്ഷേപം വന്നപ്പോൾ പ്രധാനമന്ത്രി ജവഹരിലാൽ നെഹ്റു പരശോധിച്ചാൽ പോരയെന്നു വാദിച്ച പാർട്ടി, തന്റെ പാർട്ടിയിൽപ്പെട്ട മന്ത്രിമാരായ കൃഷ്ണന്റെ പേരിൽ ഉണ്ടായ ആരോപണം പരിശോധിക്കുവാൻ വേണ്ടി മുന്നോട്ടു വന്നതിൽ എന്തു ന്യായമാണ് ഉള്ളതെന്ന് ചോദിക്കുകയാണ്. വെല്ലിംഗ്ടന്റെയും തന്റെ പാർട്ടിയിൽപ്പെട്ട മററു മന്ത്രിമാരുടെയും പേരിൽ പ്രഥമദൃഷ്ട്യാ കേസില്ലെന്ന് അദ്ദേഹം വാദിക്കുകയുണ്ടായി. ഞങ്ങൾ സമ്മതിച്ചു. അതിനുശേഷം ഈ നിയമസഭയിൽ ഉന്നയിച്ച ആരോപണങ്ങളെ സംബന്ധിച്ച് ഒരു അന്വേഷണം നടത്തുവാൻ ഇടക്കാല മെഷീനറി വേണമെന്ന് ഞങ്ങൾ പറയുകയുണ്ടായി. വാസ്തവത്തിൽ ഈ തത്വത്തോട് ബഹുമാനപ്പെട്ട നമ്പൂതിരിപ്പാട് ആദ്യം യോജിക്കുകയാണ് ചെയ്തത്. എന്നാൽ അദ്ദേഹത്തിന്റെ പാർട്ടിക്കാർ അംഗീകരിക്കാത്തതുകൊണ്ട് ശ്രീ. നമ്പൂതിരിപ്പാട് നിസ്സഹായനായി നിൽക്കുകയാണ് ചെയ്തത്. അങ്ങനെ വെല്ലിംഗ്ടന്റെ പേരിലുള്ള ആരോപണങ്ങൾ അന്വേഷിക്കാനുള്ള ന്യായമായ എല്ലാ നടപടിക്രമങ്ങളും അവസാനിക്കുകയുണ്ടായി. ഈ നിയമസഭ എന്തിനെല്ലാം സാക്ഷ്യം വഹിച്ചു. ആഗസ്ററ് 22-ാം തീയതിയും ഒക്ടോബർ 3-ാം തീയതിയും ഈ സഭയിൽ എന്തെല്ലാമാണ് നടന്നത്. മൂന്നാം തീയതി നിയമസഭ പാസ്സാക്കിയ പ്രമേയം നടപ്പിൽ വരുത്തുവാൻ മുഖ്യമന്ത്രിയുടെ ചാർജു വഹിക്കുന്ന മന്ത്രിമാർ തയ്യാറായില്ല. പല തടസ്സങ്ങളും അവർ പറയുകയുണ്ടായി. മുഖ്യമന്ത്രി ജർമ്മനിയിൽ നിന്ന് വന്നതിനുശേഷം ഞങ്ങൾ ഒരു നിവേദനം സമർപ്പിക്കുകയുണ്ടായി. ആ നിവേദനത്തിലെ ഏററവും ഒടുവിലത്തെ വാക്കുകൾ മാത്രം ഉദ്ധരിച്ചുകൊണ്ടാണ് അദ്ദേഹം ഇവിടെ സംസാരിച്ചത്. അതിൽ പറയുന്ന പല കാര്യങ്ങളും കൂടിയിരുന്നു ചർച്ച ചെയ്യേണ്ടവയാണ്. ഈ ഗവൺമെൻറിന്റെ സുഗമമായ നടത്തിപ്പിന് വേണ്ടി കൂട്ടായി ഇരുന്ന് ചർച്ച ചെയ്യേണ്ട പല കാര്യങ്ങൾ ഞങ്ങൾ പറഞ്ഞിട്ടുണ്ടായിരുന്നു. അതിനൊന്നും തയ്യാറാകാതെ മാർക്സിസ്ററു പാർട്ടിയുടെ പോളിററ് ബ്യൂറോ തയാറാക്കിയ പ്രസ്താവനയുമായി നമ്പൂതിരിപ്പാട് ഇവിടെ 17-ാം തീയതി വന്ന് പ്രസംഗിച്ചു. അതിന്റെ അവസാനഭാഗത്ത് തന്നോടൊപ്പം നിൽക്കുന്ന—ഭരണകക്ഷിയായി നിൽക്കുന്ന—സഹമന്ത്രിമാരെ കൊല്ലാക്കൊല ചെയ്യുകയാണ് നമ്പൂതിരിപ്പാട് ചെയ്തത്. സർ, ഞങ്ങൾക്ക് അതിൽ വേദനയുണ്ട്. ഒരു കമ്മ്യൂണിസ്ററു വിരുദ്ധമുന്നണിക്കാരനെ രക്ഷിക്കാനുള്ള വ്യഗ്രതയിൽ അയാളെ തോളിലേററി നടന്നിട്ട് തന്നോടൊപ്പം നിന്നു പ്രവർത്തിച്ച മന്ത്രിമാരെയും ഐക്യമുന്നണിയേയും കൊല്ലാക്കൊല ചെയ്ത കൊടും പാതകം ഈ നാട്ടിലെ പൊതുജനം ക്ഷമിക്കുകയില്ലെന്ന് സ്മരിക്കേണ്ടതുണ്ട്. മുഖ്യമന്ത്രി ഉൾപ്പെടെ ഉള്ള എല്ലാ മന്ത്രിമാരെക്കുറിച്ചും ആരോപണങ്ങൾ വന്നിട്ടുണ്ട്. ഈ ആരോപണങ്ങൾ അന്വേഷിക്കാൻ തയ്യാറായോ ?

ഐക്യമുന്നണി ഉണ്ടായിരുന്നില്ലെങ്കിൽ മുസ്ലിംലീഗിന് കൂടുതൽ സീററു കിട്ടുമായിരുന്നോ ശ്രീ. സി. എച്ച്. മുഹമ്മദുകോയ മങ്കടയിൽ നിന്നു ജയിച്ചു വരുമായിരുന്നോ എന്ന് എന്റെ സ്നേഹിതൻ ശ്രീ. കുഞ്ഞമ്പു ഇവിടെ ചോദിച്ചു. ഒരു കാര്യം ഞാനും ചോദിക്കട്ടെ. 1965-ൽ എന്റെ സ്നേഹിതൻ ഉൾപ്പെടെയുള്ള മാർക്സിസ്ററു പാർട്ടിക്ക്

LIBRARY ARCHIVES Kerala Legislative Assembly

എത്ര സീററുണ്ടായിരുന്നു ? ഐക്യമുന്നണി ഇല്ലായിരുന്നുവെങ്കിൽ സി. എച്ച്. മുഹമ്മദുകോയ ജയിക്കുമായിരുന്നോ എന്നു കുഞ്ഞമ്പു ചോദിച്ചു. എന്തിന് സി. എച്ച് നെ പിടിക്കുന്നു, ഐക്യമുന്നണിയില്ലായിരുന്നുവെങ്കിൽ പട്ടാമ്പിയിൽ നിന്ന് നമ്പൂതിരിപ്പാട് ജയിക്കുമായിരുന്നോ ? അടുത്തകാലത്ത് ആററിങ്ങൽ നടന്ന ഉപതിരഞ്ഞെടുപ്പിൽ മാർക്സിസ്ററു പാർട്ടി ജയിക്കുമായിരുന്നോ ? ഞാൻ ആ ഭാഗം വിടുകയാണ്. അന്നത്തെ ഐക്യമുന്നണി കക്ഷികൾ ചേർന്ന് ഗവർണർക്ക് എഴുതിക്കൊടുത്തു ശ്രീ. നമ്പൂതിരിപ്പാടിൽ ഞങ്ങൾക്ക് വിശ്വാസം ഉണ്ട്, അദ്ദേഹത്തെ ഞങ്ങളുടെ മുഖ്യമന്ത്രിയാക്കണമെന്ന്. ഐക്യമുന്നണിയിൽ നിന്നും ഇപ്പോൾ നാലു പാർട്ടികൾ മാറിയിരിക്കുകയാണല്ലോ ? ഇനിയും നമ്പൂതിരിപ്പാടിന് ഭരണം നടത്തുവാൻ എന്തവകാശമാണുള്ളതെന്ന് ആത്മാർത്ഥമായി പറയാമോ ? ഒരു അവിശ്വാസപ്രമേയം കൊണ്ടു വന്ന് എന്നെ പുറത്താക്കൂ എന്ന തുറുപ്പുശീട്ടുമായി ഇപ്പോൾ വന്നിരിക്കുകയാണ്. ഇവിടെ നടക്കുന്ന പ്രസംഗങ്ങൾ എന്തായിരിക്കുമെന്ന് ലോകമാകെ കണ്ടറിയണം. ഐക്യമുന്നണി ഗവൺമെൻറ് മരിച്ചു കഴിഞ്ഞതാണ്, സർ, ആ ഗവൺമെൻറ് ഇന്ന് മയ്യത്താണ്. ആ മയ്യത്തിൻെറ അന്ത്യകർമ്മം നടത്തുകയാണ്. ബന്ധുക്കൾക്കും മിത്രങ്ങൾക്കും ശവം ദർശിക്കുവാൻ വേണ്ടി മൂന്നു ദിവസം വച്ചിരിക്കുകയാണ്. മൂന്നാമത്തെ ദിവസം എന്താണെന്ന് ഞങ്ങൾക്ക് അറിയാം. ഏതായാലും ശ്രീ. ഇ. എം. എസ്. തൻെറ പാർട്ടിയുടെ തടവുകാരനെന്ന് ഞങ്ങളിൽ പലരും ഇന്നലെ പറഞ്ഞത് ഒന്നു കൂടി ആവർത്തിക്കുകയാണ്. പാർട്ടിയുടെ തടവുകാരനായി അദ്ദേഹത്തിന് പലതും ചെയ്യേണ്ടി വരും. പക്ഷേ അതെല്ലാം ജനാധിപത്യമര്യാദകൾക്കു യോജിച്ചതായിരിക്കുകയില്ല. അപ്പുറത്തുള്ള സ്നേഹിതൻമാർ പറഞ്ഞ മാതിരി ഇനി നമുക്ക് ഒരു ബല പരീക്ഷ നടത്തി നോക്കാം. അങ്ങനെ ഒരു ബല പരീക്ഷ നടത്തി നോക്കിയാൽ അപ്പുറത്തിരിക്കുന്ന പല സഖാക്കൾക്കും ഇനി നിയമസഭ കാണാൻ സാധിക്കുമോ എന്ന കാര്യം സംശയമാണ്. ഞങ്ങളെ സംബന്ധിച്ചിടത്തോളം 57-ൽ വന്ന എട്ടുപേരിൽ കുറയാത്ത ആളുകൾ ഇനിയും വരുമെന്നതിൽ രണ്ടു പക്ഷമില്ല. ഈ ഐക്യമുന്നണി ഗവൺമെൻറിനെ തകർത്ത് തരിപ്പണമാക്കിയതിന് കാരണക്കാർ ആരാണെന്ന് ആ ബല പരീക്ഷയിൽ ജനങ്ങൾ വിധിച്ചുകൊള്ളും. അത്തരമൊരു ബല പരീക്ഷണത്തിന് എൻെറ സ്നേഹിതൻമാരെ വെല്ലുവിളിച്ചുകൊണ്ട് എൻെറ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. ടി. ജോർജ് : സർ, ഇക്കഴിഞ്ഞ മുപ്പത്തൊന്നു മാസത്തെ ഭരണശേഷം രണ്ടായിപ്പിളർന്നിരിക്കുന്ന കാൺഗ്രസ്സിതര ഐക്യമുന്നണിയുടെ ഇതഃപര്യന്തമുള്ള ചെയ്തികളെ വിലയിരുത്തിക്കൊണ്ട് പ്രസംഗിക്കുന്ന ഈയവസരത്തിൽ ഞങ്ങളുടെ ജോലി വളരെ പരിമിതമല്ലേ എന്നു ഞാൻ സംശയിക്കുകയാണ്. ഈ രാജ്യത്ത് മാർക്സിസ്ററു പാർട്ടി രണ്ടു തരം പൗരത്വം സൃഷ്ടിക്കുകയും രണ്ടായി ജനങ്ങളെ കാണുകയും, അഴിമതിയന്വേഷണത്തിലായാലും ശരി മററെന്തു കാര്യത്തിലായാലും ശരി ഇരട്ടത്താപ്പുനയം സ്വീകരിക്കുകയും ചെയ്തതിൻെറ പരിണതഫലമായി ഈ മുന്നണി തകർന്നുകഴിഞ്ഞിരിക്കുകയാണ്. 17-ാം തീയതി മുഖ്യമന്ത്രി ഈ സഭയിൽ ഒരു പ്രസ്താവന ചെയ്തതോടുകൂടി, എന്തെങ്കിലും വ്യക്തിത്വം ഇതിന് അവശേഷിച്ചിരുന്നെങ്കിൽ അതും ഇല്ലാതാക്കിക്കളഞ്ഞിരിക്കുകയാണ്. മുഖ്യമന്ത്രി മാർക്സിസ്ററു പാർട്ടിയുടെ തടവുകാര

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. ടി. ജോർജ്ജ്]

നാണെന്നൊന്നും ഞാൻ പറയുന്നില്ല. പക്ഷേ മാർക്സിസ്റ്റു പാർട്ടി അദ്ദേഹത്തിന്റെ കൈകൾ ബന്ധിച്ചിരിക്കുകയാണ്. ഈ മാസം 17-ാം തീയതിക്കുശേഷം ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട് കേരളത്തിന്റെ മുഖ്യമന്ത്രിയല്ല, മാർക്സിസ്റ്റു പാർട്ടിയുടെ മുഖ്യമന്ത്രി മാത്രമാണ്. കാൺഗ്രസ്സിതര ഐക്യമുന്നണിയുടെ വിധാതാവേ, എവിടെ, എവിടെ അവിടത്തെ ഐക്യമുന്നണി എന്നു ഞാൻ ചോദിക്കുകയാണ്. കേരളത്തിലെ ജനങ്ങളെ കൊണ്ടുചെന്നു ചാടിക്കാൻ നിങ്ങൾ കുഴിച്ച കുഴിയാണ് കാൺഗ്രസ്സിതര ഐക്യമുന്നണി. ആ കുഴിയിൽ, ആ കുഴി കുഴിച്ച ആളുകൾ ചെന്നു ചാടുന്ന ചിത്രമാണ് ഇവിടെ കാണുന്നത്. സപ്തകക്ഷി മുന്നണിക്കു ജാതകകർമ്മംചെയ്ത നിങ്ങളുടെ കൈകൾകൊണ്ടു തന്നെ അതിന്റെ ഉദകക്രിയ നടത്തുന്ന ചിത്രമാണിവിടെ കാണുന്നത്. അതുകണ്ട് കണ്ണുനീർ പൊഴിക്കാൻ ഇവിടെ ഒരു പിഞ്ചുകുഞ്ഞുപോലും കാണുകയില്ല. കാരണം, മാർക്സിസ്റ്റുമുന്നണി തകരേണ്ടത് അത്രയേറെ ഈ രാജ്യത്തിന്റെ ആവശ്യമായി മാറിക്കഴിഞ്ഞിരിക്കുകയാണ്. സ്വന്തം പാർട്ടി വളർത്തുന്നതിനു മാത്രമാണ് നിങ്ങൾ ശ്രദ്ധിച്ചത്. രാജ്യത്തെ ക്രമസമാധാനനില നിങ്ങൾ തകർത്തു. ഭൂമി നിങ്ങളുടെ സ്വന്തമെന്നുള്ള നിലയിൽ വിതരണംചെയ്തു. കൈയേററം നടത്താൻ പ്രേരിപ്പിച്ചു. അഴിമതി ദേശസാൽക്കരിച്ചു. ഇപ്പോൾ അതിന്റെ സ്വാഭാവികമായ പരിണതഫലത്തിലേക്ക് വന്നുകൊണ്ടിരിക്കുകയാണ്. മാർച്ച് 6-ാം തീയതി എന്നത് കേരളത്തിലെ ജനങ്ങൾ കള്ളനെ താക്കോൽ ഏല്പിച്ച ദിനമായി, വഞ്ചനാദിനമായി, എന്നും സ്മരിക്കും. സംശുദ്ധമായ ഭരണം, അഴിമതിയില്ലാത്ത ഭരണം, അതായിരിക്കും മറെറാന്നുമില്ലെങ്കിലും ജനങ്ങൾക്കു നൽകുക എന്നു പറഞ്ഞുകൊണ്ട് കേരളത്തിലെ അധികാരം പിടിച്ചെടുത്ത ഐക്യമുന്നണി ചെയ്തത് എന്താണ്? നിങ്ങൾ നടത്തിയ വഞ്ചനയുടെ അവസാനത്തെ കഥ പറയുന്ന ഈയവസരത്തിൽ ആദ്യം നടന്ന ചില കാര്യങ്ങൾ എന്റെ സ്മൃതിപഥത്തിൽ പൊന്തിവരികയാണ്. അഴിമതി ഇല്ലായ്മ ചെയ്യുന്നതിനു പ്രതിജ്ഞാബദ്ധരാണെന്നു പറഞ്ഞു മുന്നോട്ടു വന്നശേഷം ശ്രീ. ഇ. എം. എസ്. ഒരു ഉദ്ഘാടനത്തിനുവേണ്ടി ചെന്നപ്പോൾ ഫോട്ടോ സ്ററുഡിയോ ഉടമസ്ഥൻ തന്റെ കൊച്ചുമകന് ഒരു ക്യാമറാ സമ്മാനിച്ചപ്പോൾ ആ സമ്മാനം സ്വീകരിക്കരുത്, അത് അഴിമതിയാണ് എന്നു പറഞ്ഞ് തുടങ്ങിയ ആ ഭരണം എങ്ങനെ അവസാനിച്ചു? അഴിമതിയുടെ ചക്രവർത്തി എന്ന പദവി വാങ്ങിക്കൊണ്ടല്ലേ ബഹുമാനപ്പെട്ട ഇ. എം. എസ്. നമ്പൂതിരിപ്പാട് ഇറങ്ങിപ്പോകുന്നത്? മന്ത്രിയായിരുന്ന ശ്രീ. വെല്ലിംഗ്ടൻ എവിടെ? അദ്ദേഹം ആദ്യം എന്താണ് പ്രസംഗിച്ചത്. മന്ത്രിയായ കാലത്ത് അഴിമതി ഇല്ലായ്മചെയ്യുന്നതിനുവേണ്ടി അദ്ദേഹം ഒരു കുരിശുയുദ്ധം നടത്തി. അദ്ദേഹം ഡാക്ടർമാരെ വിളിച്ചുവരുത്തി പറഞ്ഞു, "നിങ്ങൾ അഴിമതിക്കാരാണ്, ഈ രാജ്യത്ത് ഇത്തരം അഴിമതി ചെയ്യരുത്, പാവപ്പെട്ടവരോടു പണം വാങ്ങരുത്, അതു പാപമാണ്, ഇന്നുമുതൽ ഒരൊററ ഡാക്ടറും പൈസ വാങ്ങരുത്" എന്ന്. യേശു ക്രിസ്തുവിന്റെ മുൻപിൽ മഗ്ദലനമറിയം മാപ്പുചോദിച്ചതുപോലെ, സത്യസായിബാബയുടെ അത്ഭുതസിദ്ധികളുള്ള ശ്രീ. വെല്ലിംഗ്ടന്റെ മുൻപിൽ ഡാക്ടർമാർ മാപ്പുചോദിച്ചു. ഇനിമേൽ പാപം ചെയ്യുകയില്ലെന്നു പറഞ്ഞ് അദ്ദേഹത്തിന്റെ ഉപദേശം ഡാക്ടർമാർ സ്വീകരിച്ച കാര്യം നമ്മളോട് പറഞ്ഞിട്ടുണ്ട്. എന്നാൽ അവസാനം ഡാക്ടർമാർ ഒരു വാചകംകൂടി പറഞ്ഞു. അത് ശ്രീ. വെല്ലിംഗ്ടൻ നമ്മോടു പറഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. ജോർജ്ജ്: ഒരു ചോദ്യം: ആശുപത്രിയിൽ ചെന്നാൽ അങ്ങേർക്കു ഇനി മരുന്നും കിട്ടരുതെന്ന ഉദ്ദേശത്തോടുകൂടിയാണോ ഇതൊക്കെ പറയുന്നത് ?

ശ്രീ. കെ. ടി. ജോർജ്ജ്: അവസാനം ഡാക്ടർമാർ പറഞ്ഞതിനെപ്പററിയുള്ള കഥ ശ്രീ. വെല്ലിംഗ്ടൻ പറഞ്ഞിട്ടില്ല. അതു ഞാൻ പറയാം. "ഞങ്ങളുടെ അഴിമതി ഞങ്ങൾ ഇന്നുമുതൽ അവസാനിപ്പിച്ചിരിക്കുന്നു. ആ ഭാരം ഞങ്ങൾ അങ്ങയെ ഏല്പിക്കുന്നു." ഇതാണ് ഡാക്ടർമാർ പറഞ്ഞത്. അങ്ങനെ ഏല്പിച്ച ഭാരം സ്തുത്യർഹമായി നിർവ്വഹിച്ച് കേരളത്തിൽ അഴിമതിയുടെ ലോകറിക്കാർഡു സൃഷ്ടിച്ച തങ്ങളുടെ ഇഷ്ട തോഴനായ വെല്ലിംഗ്ടനെ താങ്ങി നിലനിറുത്താൻ എന്തെല്ലാം ത്യാഗങ്ങൾ നിങ്ങൾ സഹിച്ചു ? എവിടെയെങ്കിലും ഇങ്ങനെയൊരു മന്ത്രിസഭ ഉണ്ടായിട്ടുണ്ടോ ? ഇത്രയേറെ അഴിമതിയാരോപണങ്ങളെ താങ്ങിനിറുത്തിക്കൊണ്ടുള്ള അവിഹിതബന്ധങ്ങളുള്ള ഒരു മന്ത്രിസഭ ഈ ഭൂമുഖത്തുണ്ടായിട്ടില്ല എന്നുമാത്രമല്ല ഇനിയുണ്ടാകാനും പോകുന്നില്ല എന്നു പ്രവചിക്കാൻകൂടി ഞാനാഗ്രഹിക്കുകയാണ്. പക്ഷേ അതൊന്നും മുഖ്യമന്ത്രിക്കു കാര്യമല്ല. അഴിമതിയന്വേഷണ ബിൽ ഒളിച്ചുവച്ചു. അതിനുവേണ്ട ഞാണിൻമേൽക്കളികൾ അദ്ദേഹം പഠിച്ചിട്ടുണ്ട്. അഴിമതിയന്വേഷണ ബിൽ മാററിവയ്ക്കുകയും ഇടക്കാല മെഷീനറിക്കെതിരായി പ്രവർത്തിക്കുകയും ചെയ്തില്ലായിരുന്നെങ്കിൽ ഈ ദുരന്തം ഉണ്ടാകുമായിരുന്നോ ? മുഖ്യമന്ത്രിയുടെ പ്രഥമദൃഷ്ടി . കുപ്രസിദ്ധമായിക്കഴിഞ്ഞിരിക്കുകയാണ്. അതിനു സർപ്പദൃഷ്ടിയെന്നോ കാകദൃഷ്ടിയെന്നോ എന്തു പറയണമെന്ന് എനിക്കറിയില്ല. അതിനെപ്പററി ഞാൻ പറയുന്നില്ല. എന്നാൽ മാർക്സിസ്ററു പാർട്ടിയുടെ പാദസേവ ചെയ്യുന്ന വെല്ലിംഗ്ടനെ രക്ഷിക്കാൻ ന്യായം കണ്ടെത്തുന്നതിനു വേണ്ടി അദ്ദേഹം ഉപയോഗിച്ച സർപ്പദൃഷ്ടിയെപ്പററിയോ കാകദൃഷ്ടിയെപ്പററിയോ പറയാതെ പോകുന്നതു ശരിയല്ല. അവസാനമായി മാർക്സിസ്ററു മുഖ്യമന്ത്രിയുടെ ആ ദൃഷ്ടി നാലു മന്ത്രിമാരുടെ മേൽ പതിച്ചിരിക്കുകയാണ്. തെളിവുകൾ നോക്കിയില്ല, യാതൊന്നും നോക്കിയില്ല. യാതൊന്നും നോക്കാതെ, തന്റെകൂടെ നിന്നവരുടെ കുഴിതോണ്ടുകയാണ് ചെയ്തിരിക്കുന്നത്. സർ, എന്റെ ഭാവനയിൽ ഒരു കാര്യം തോന്നുകയാണ്. ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാടിന് ഒരു രഹസ്യഡയറി ഉണ്ടെങ്കിൽ ആ ഡയറിയിൽ കാണും ഇന്നയിന്ന തീയതികളിൽ ഇന്നയിന്ന പാർട്ടികളെ തേജോവധം ചെയ്യണമെന്നുള്ള പരിപാടികൾ. ഇന്നാരെയൊക്കെ തേജോവധം ചെയ്തേ അടങ്ങൂ എന്നുള്ള തീരുമാനം ആ ഡയറിയിൽ കാണും. കാട്ടാനകളെ വിട്ടിട്ടു കുഴിയാനകളെ തേടിപ്പിടിക്കാനുള്ള സംരംഭത്തിലാണ് അദ്ദേഹം ഏർപ്പെട്ടത്. ആരോപണങ്ങളുടെ ഗുരുലഘുത്വം നിശ്ചയിച്ചതിൽ കാണിച്ച രാഷ്ട്രീയ കുടിലതന്ത്രം കേരളത്തിലെ ജനങ്ങളുടെ മുൻപിൽ വിലപ്പോകുകയില്ല. മുഖ്യമന്ത്രി അംഗീകരിച്ചാലുമില്ലെങ്കിലും അത് കാലഹരണപ്പെട്ട രാഷ്ട്രീയതന്ത്രത്തിന്റെ ഭാഗം മാത്രമാണെന്നു ജനങ്ങൾക്കു മനസ്സിലാകും. തെളിവുകൾ നോക്കാതെ തൂക്കം എന്തെന്നു നോക്കുന്ന മായാവിദ്യ പ്രയോഗിച്ചാൽ അതു കാണാൻ കേരളത്തിലെ ജനങ്ങൾക്കു കണ്ണുണ്ട്. മുഖ്യമന്ത്രിയുടെ തീരുമാനത്തിൽ വിവേചനമുണ്ടെന്നു കേരളത്തിലെ ജനങ്ങൾ വിധിയെഴുതിക്കഴിഞ്ഞിരിക്കുകയാണ്. മുഖ്യമന്ത്രി ഒഴിവാക്കിയാലും അവർ ഒഴിവാക്കുകയില്ല. വിവേചന നടപടിവഴി മുഖ്യമന്ത്രിയെ ഒഴിവാക്കിയാലും മാർക്സിസ്ററു മന്ത്രിമാരെ ഒഴിവാക്കിയാലും കേരളത്തിലെ ജനങ്ങളുടെ മനസ്സിലെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. ടി. ജോർജ്]

ന്യായാസനങ്ങളിൽ അവർക്കെതിരായി വിധി കല്പിച്ചുകഴിഞ്ഞിരിക്കുകയാണ്. മാർക്സിസ്റ്റു പാർട്ടിയുടെ നാലു മന്ത്രിമാർ അഴിമതിക്കാരാണെന്ന് അവർ വിധിയെഴുതിക്കഴിഞ്ഞു. അഴിമതികൾ ഇനി മറച്ചുവയ്ക്കാൻ സാധിക്കുമോ. വനംവകുപ്പുമന്ത്രി ശ്രീ. എം. കെ. കൃഷ്ണൻ നിർദ്ദോഷിയാണെന്നാണ് മുഖ്യമന്ത്രി പറയുന്നത്. വനത്തിൽനിന്നു ചന്ദനം മോഷ്ടിച്ച കഥ എല്ലാവർക്കും അറിയാം. മുഖ്യമന്ത്രി ജർമ്മനിയിൽ പോയപ്പോൾ ന്യായം പാലിക്കാൻ ആഗ്രഹമുണ്ടായിരുന്നെങ്കിൽ, അഴിമതിക്കാരനെന്ന് ആരോപിക്കപ്പെട്ട ശ്രീ. എം. കെ. കൃഷ്ണന് അഴിമതി നിരോധന വകുപ്പിന്റെ ചാർജ് ലഭിക്കുമായിരുന്നോ ? അതിനു ശേഷം നിരവധി ആരോപണങ്ങൾ വന്നു. അടുത്തകാലത്താണ് തിരുവനന്തപുരം ഹോമിയോ കോളേജിൽ അഴിമതി നടത്തിയത്. ഹരിജന വിദ്യാർത്ഥികൾക്കു പഠിക്കാനുള്ള ലംപ്സം ഗ്രാൻറും പ്രതിമാസ ഗ്രാൻറും നൽകാതെ, അതു കിട്ടാനുള്ള അവകാശം അവർക്കു നിഷേധിച്ചുകൊണ്ട് സ്വന്തം സഹോദരനായ എം. കെ. ശിവരാജന് ആനുകൂല്യങ്ങൾ നൽകാൻ 1766/69-ാം നമ്പരായി 1-9-69-ൽ അദ്ദേഹം ഉത്തരവു പുറപ്പെടുവിക്കുകയുണ്ടായി. ഇത് മന്ത്രിയുടെ അനുജനുമാത്രമേ കിട്ടാൻ അർഹതയുള്ളു എന്നാണോ ? മററുള്ളവർക്കു നിഷേധിക്കപ്പെട്ട ആനുകൂല്യം മന്ത്രിയുടെ അനുജനുമാത്രം കൊടുത്താൽ, അതിൽ ആക്ഷേപമുണ്ടായാൽ, അന്വേഷിക്കാൻ ഇന്ന് ഒരു സംവിധാനമില്ല. മുഖ്യമന്ത്രി തൂക്കിനോക്കിയാൽ മതിയോ ? ഇതിൽ പക്ഷപാതമില്ലെന്നാണോ ആരോപണങ്ങൾ തൂക്കിനോക്കുന്ന മുഖ്യമന്ത്രി വിചാരിക്കുന്നത് ? ചുരുളി-കീരിത്തോടു പ്രദേശത്ത് 1965-ൽ കാൺട്രാക്ററു കൊടുത്തിരുന്നയാൾക്ക് മീററിന് 25 ശതമാനംകൂട്ടി കൊടുത്തതുവഴി 3 ലക്ഷം രൂപയുടെ നഷ്ടം സഹിക്കേണ്ടിവന്നതിൽ അഴിമതിയുടെ ചീഞ്ഞ കഥയുണ്ട് എന്നു പറയുമ്പോൾ അതന്വേഷിക്കാൻ തയ്യാറല്ലെന്നു പറഞ്ഞാൽ രക്ഷപ്പെടാൻ കഴിയുമോ ? ഇവിടെ മാർക്സിസ്ററു പാർട്ടിയുടെ ഒരു ക്ലീൻമന്ത്രിയുണ്ട്, അപേക്ഷയില്ല, നോട്ടിഫിക്കേഷനില്ല, മാർക്സിസ്ററുപാർട്ടിക്കാരാണോ, ഏ ക്ലാസ് പൗരൻമാരാണ്; ഏ. കെ. ഗോപാലന്റെയോ കണാരന്റെയോ ബന്ധുവാണോ, ഏ ക്ലാസ് പൗരനാണ്; അവർക്കൊക്കെ ജോലി കൊടുക്കും. അവർക്കു നോട്ടിഫിക്കേഷനില്ലാതെ അപേക്ഷയില്ലാതെ നൂറുകണക്കിന് ഉദ്യോഗങ്ങൾ കൊടുത്ത മന്ത്രിയെ അഴിമതിയന്വേഷണത്തിന്റെ പരിധിയിൽനിന്നു മാററിനിറുത്തിയാൽ അതിനു സമാധാനം ചോദിക്കാനുള്ള സന്ദർഭം ഈ രാജ്യത്തു സമാഗതമാകും. അതുകൂടാതെ ക്ലീൻമന്ത്രി ഒരു വീട്ടിലെ അഞ്ചു അംഗങ്ങൾക്ക് ട്രാൻസ്പോർട്ടു കോർപ്പറേഷനിൽ ഉദ്യോഗം നൽകിയിരിക്കുകയാണ്. റവന്യൂമന്ത്രിയെപ്പററിയും വളരെയധികം അഴിമതിയാരോപണങ്ങളുണ്ട്. ഭൂമി സ്വന്തം തറവാട്ടുസ്വത്തുപോലെ പതിച്ചുകൊടുത്തു. തന്റെ ചേച്ചിയുടെ മകനും ഭൂവുടമയുമായ ആബുവിനു റവന്യൂമന്ത്രി ഭൂമി പതിച്ചുകൊടുക്കാൻ ഉത്തരവിട്ടത് കണ്ടുപിടിച്ചപ്പോൾ ഉത്തരവു റദ്ദാക്കി ഒഴിഞ്ഞുമാറിയിരിക്കുകയാണ്. സർ, തൊണ്ടിമുതൽ തിരിച്ചേല്പിച്ചതുകൊണ്ടുമാത്രം കള്ളന് ഒഴിഞ്ഞുമാറാൻ കഴിയുമോ ? ജോസഫ് അന്ത്രപ്പേർ എന്ന വൻകിട ഭൂവുടമയ്ക്കു ഭൂമി പതിച്ചുകൊടുത്തില്ലേ ? പേഴ്സണൽ സ്ററാഫിൽപ്പെട്ട നിരവധിയാളുകൾക്ക്, മൂപ്പിറക്കുന്നുവെന്ന് ആരോ പറഞ്ഞതുപോലെ, ഭൂമി പതിച്ചുകൊടുത്തില്ലേ ? ഈ ഭൂമി റവന്യൂമന്ത്രിയുടെ സ്വന്തം തറവാട്ടുവകയാണോ അതോ കേരളത്തിലെ ജനങ്ങളുടെ വകയാണോ എന്നറിയാൻ എനിക്കു താൽപര്യമുണ്ട്. ഈ അഴിമതിക്കാരെയൊക്കെ ഒഴിവാക്കിക്കൊണ്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

ഒരന്വേഷണപ്രഹസനത്തിനാണ് മുഖ്യമന്ത്രി ഉത്തരവിട്ടിരിക്കുന്നത്. അതിലെ സത്യസന്ധതയെ ഞങ്ങൾ ചോദ്യം ചെയ്യുകയാണ്.

അന്വേഷണത്തിനു മുള്ളയെ ഏർപ്പെടുത്തിയതിനെപ്പററിയും ചില കാര്യങ്ങൾ പറയാനുണ്ട്. ബഹുമാനപ്പെട്ട ടി. വി. തോമസ് ഇവിടെ ചോദിച്ചു കേരളത്തിലെ ജനങ്ങളെക്കുറിച്ചു മുഴുവൻ നിങ്ങൾക്ക് അവിശ്വാസമാണോ എന്ന്. അതല്ല മുള്ളയെ കണ്ടെത്തിയതിൻെറ പിന്നിൽ ഉള്ള കാരണം. അഴിമതിയാരോപണങ്ങളെക്കുറിച്ച് അന്വേഷിക്കാൻ ഉത്തരവിട്ടതിൻെറ പിന്നിലും അഴിമതിയുണ്ട് എന്നുള്ളതു വ്യക്തമാണ്. അഴിമതിയന്വേഷണത്തിനു മുള്ളയെ കണ്ടെത്തിയിരിക്കുകയാണ്. ആരാണ് ഈ മുള്ള ? അദ്ദേഹം 'കേരളകൗമുദി'യുടെ ഡൽഹി ലേഖകനുമായി നടത്തിയ സംഭാഷണത്തിൻെറ വിവരം കേരളകൗമുദിയിൽ വന്നിട്ടുണ്ട്. അതിലെ പ്രസക്തമായ ഒരു ഭാഗം അങ്ങയുടെ അനുവാദത്തോടുകൂടി ഞാൻ വായിക്കുകയാണ്: "അദ്ദേഹത്തിൻെറ നിയമനം മുഖ്യമന്ത്രി ഇ. എം. എസ്. നിയമസഭയിൽ പ്രസ്താവിക്കുന്നതിനുമുൻപ് ഇടതു കമ്മ്യൂണിസ്ററു നേതാവായ പി. രാമമൂർത്തി ഫോണിൽക്കൂടി മുള്ളയുമായി സമ്പർക്കം പുലർത്തുകയും അദ്ദേഹത്തിൻെറ സമ്മതം ആരായുകയും ചെയ്തു. ചില വ്യവസ്ഥകൾക്കു വിധേയമായാണ് അദ്ദേഹം സമ്മതിച്ചത്. ആ വ്യവസ്ഥകൾ എന്തെല്ലാമെന്നു വെളിപ്പെടുത്താൻ അദ്ദേഹം കൂട്ടാക്കിയില്ല." സർ, ഞെട്ടിപ്പിക്കുന്ന ഒരു വാർത്തയാണിത്. ചില വ്യവസ്ഥകൾക്കു വിധേയമായി കേരളത്തിലെ മന്ത്രിമാരുടെ പേരിൽ അന്വേഷണം നടത്തുവാൻ ആളെ ഏർപ്പെടുത്തുന്ന ചുമതല രാമമൂർത്തിക്കു വിട്ടുകൊടുത്ത മുഖ്യമന്ത്രി മാർക്സിസ്ററു പാർട്ടിയുടെ ബന്ധനസ്ഥനാണെന്നു പറഞ്ഞാൽ എന്താണു സർ തെററ് ? കേരളത്തിലെ മന്ത്രിമാരുടെ പേരിൽ രാമമൂർത്തിയുടെ കൈകൾകൊണ്ടു ചില വ്യവസ്ഥകൾക്കു വിധേയമായി അന്വേഷണത്തിന് ആളെ ഏർപ്പെടുത്തിയിരിക്കുകയാണ്. ഈ അന്വേഷണ പ്രഹസനം തുടർന്നുപോയാൽ ഈ രാജ്യത്തു എന്തു സംഭവിക്കുമെന്നു പറയാൻ കഴിയുകയില്ല. കരുതിക്കൂട്ടിയുള്ള ഈ നിയമനത്തെ ഞങ്ങൾ ചോദ്യംചെയ്യുകയാണ്. ടേംസ് ഓഫ് റഫറൻസിൻെറ കാര്യം ഇവിടെ പറഞ്ഞു. ശ്രീ. വെല്ലിംഗ്ടൻെറ പേരിൽ ഞാൻ കൊണ്ടുവന്ന ആരോപണങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. മുഖ്യമന്ത്രിക്കു കിട്ടിയില്ലെന്നു പറഞ്ഞു. ശ്രീ. വെല്ലിംഗ്ടനോടു ഞാൻ ചോദിക്കുകയാണ്, ആ ആരോപണങ്ങൾക്കു നിങ്ങൾ ഒരു ദിവസം മറുപടി പറഞ്ഞതല്ലേ ? ആ ആരോപണങ്ങളെപ്പററി നിങ്ങൾക്കു പറഞ്ഞുകൊടുക്കാമായിരുന്നില്ലേ മുഖ്യമന്ത്രിയുടെ അടുക്കൽ? ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടിയും ശ്രീ. കെ. എം. മാണിയും ഞാനും ഉന്നയിച്ചിട്ടുള്ള ആരോപണങ്ങളെക്കുറിച്ചും നിങ്ങളുടെ മറുപടി പ്രസംഗത്തെക്കുറിച്ചും നിങ്ങൾക്കു മുഖ്യമന്ത്രിയെ ഓർമ്മിപ്പിക്കാമായിരുന്നില്ലേ ? ഈ നിയമസഭയിൽ പറയുന്ന ഓരോ വാക്കിനും പാവനത്വം കല്പിച്ചുകൊണ്ട് ഞാൻ ചോദിക്കുകയാണ്. ആലപ്പുഴ മെഡിക്കൽ കോളേജ് സെൻട്രൽ ബ്ലോക്കിൻെറ പണിക്ക് എല്ലാ നിയമങ്ങളും വ്യവസ്ഥകളും കീഴ്‌വഴക്കങ്ങളും ലംഘിച്ചുകൊണ്ടാണ് കാൺട്രാക്ററു കൊടുത്തതെന്നുള്ള എൻെറ ആരോപണത്തിനു സമാധാനം പറയാൻ കഴിഞ്ഞിട്ടില്ല. അത് ഇനിയും ടേംസ് ഓഫ് റഫറൻസിൽ കൊണ്ടുവന്നിട്ടില്ലെങ്കിൽ കൊണ്ടുവരാനുള്ള ചുമതലയുണ്ടെന്നും ആ ബാധ്യതയിൽനിന്ന് ഒഴിഞ്ഞുമാററുതെന്നും ഞാൻ പറയുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. ടി. ജോർജ്ജ്]

ഒരൊററ കാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കുകയാണ്. മന്ത്രിസഭയെ സംബന്ധിച്ചു മുഖ്യമന്ത്രി പ്രസ്താവന ചെയ്തപ്പോൾ, വടക്കുള്ള ആളുകൾ സ്വീകരിച്ച നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നില്ലെന്നു പറയുകയുണ്ടായി. ''എൻെറ കൈകൾ കളങ്കമററതാണ്'' എന്നു പറഞ്ഞിട്ട്, അവസാനത്തെ വോട്ടിംഗിൽ പരാജയപ്പെടുകയാണെങ്കിൽ രാജിവച്ചുകളയുമെന്നു പറഞ്ഞാൽ അതിൻെറ പിന്നിലുള്ള ഉദ്ദേശം മനസ്സിലാകാത്തവരല്ല ഞങ്ങൾ. എന്തിനുവേണ്ടിയാണ് ഈ മോഷൻെറ പേരിൽ മൂന്നു ദിവസത്തെ ചർച്ച വച്ചത് ? അതും മനസ്സിലാക്കാൻ കഴിവുണ്ടെന്നു മാത്രമല്ല, റവന്യൂമന്ത്രിയുടെ സഹോദരീഭർത്താവായ ശ്രീ. ചന്ദ്രസേനൻ സൈഡുമാറി കളിക്കുന്ന കളിയും കാണുന്നുണ്ട്. ചർച്ച നീട്ടിക്കൊണ്ടുപോയി ആളുകളെ ചാക്കിട്ടു പിടിക്കാനാണ് ഉദ്ദേശമെങ്കിൽ അതു നടക്കാൻ പോകുന്നില്ല. കേരളത്തിലെ ജനത നിങ്ങളെ നിഷ്കാസനം ചെയ്തുകഴിഞ്ഞിരിക്കുകയാണ്. നിങ്ങളെ ജനങ്ങൾ തള്ളിക്കളഞ്ഞിരിക്കുകയാണ്. അതുകൊണ്ട്, അഴിമതിക്കാരായ എല്ലാ മന്ത്രിമാരുടെ പേരിലും അന്വേഷണം നടത്താൻ ഉത്തരവിട്ടുകൊണ്ട് ഒഴിഞ്ഞുമാറിക്കൊടുക്കൂ എന്നു പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

Mr. Speaker: Order, Order. The house will now adjourn and meet again at 9 a.m. on Thursday the 23rd October, 1969.

The Assembly adjourned at 1.01 p.m. to meet again at 9 a.m. on Thursday, the 23rd October, 1969.

LIBRARY ARCHIVES Kerala Legislative Assembly